Regd. M · No· 2293

ഒറ്റപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 29 | 1955 ആഗസ്റ്റ് 24—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത് എറണാകുളം 1131 ചിങ്ങം 8 | ലക്കം 3

## എറണാകുളം മെത്രാപ്പോലീത്താ കണ്ടത്തിൽ മാർ അഗസ്റ്റിൻ തിരുമേനി വിജയിപ്പൂതാക!



# കേരളസുറിയാനി ഹയരാക്കിയുടെ അതിർത്തിവികസനം

[എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ ഇടയലേഖനം]

നമ്മുടെ ഭരണത്തിനധീനമായ മലയാള സുറിയാനി ഹയരാക്കിയുടെ പരിധി വിപുലപ്പെടുത്തിക്കൊണ്ടുള്ള പരിശുദ്ധ പിതാവിന്റെ കല്പന പൗരസ്ത്യതിരുസംഘത്തിന്റെ സെക്രട്ടറി അത്യുന്നത കർദ്ദിനാൾ തിസരാങ്ങ് തിരുമേനിവഴി ഈയിടെ നമുക്കു ലഭിച്ച വിവരം ഇതിനകം നിങ്ങളെല്ലാവരും അറിഞ്ഞിരിക്കുമല്ലോ. "ഭാരതമേ! നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ" എന്ന ലെയോൻ മാർപ്പാപ്പായുടെ പ്രത്യാശ സാർത്ഥകമായി ഭവിക്കുന്നതിന്റെ ഒരു പ്രത്യക്ഷലക്ഷ്യമായും ഇതഃപര്യന്തം കേരളത്തിലെ സുറിയാനിസഭ നിർവ്വഹിച്ചിട്ടുള്ള മഹത്തായ സേവനത്തിൽ പരിശുദ്ധ സിംഹാസനത്തിനുള്ള സന്തുഷ്ടിയുടെ ഒരു ബാഹ്യചിഹ്നമായും ഏതദ്ദേശീയ സഭകളുടെ കഴിവുകളിൽ തിരുസ്സഭാദ്ധ്യക്ഷനുള്ള വിശ്വാസത്തിന്റെ സന്ദർഭോചിതമായ ഒരു പ്രകടനമായും ഈ തിരുവെഴുത്തിനെ പരിഗണിക്കാവുന്നതാണ്.

## ചരിത്രാവലോകനം

കർത്താവിന്റെ ശിഷ്യസത്തമരിൽ ഒരാളായ വി. തോമായിൽ നിന്നാണ് നമ്മുടെ പൂർവ്വികർ വിശ്വാസവെളിച്ചം സ്വീകരിച്ചതെന്ന സംഗതി ചരിത്രപ്രസിദ്ധമാണല്ലോ. വി. സ്ലീഹാ പട്ടംകൊടുത്തു വാഴിച്ച കേപ്പാമെത്രാനും അദ്ദേഹത്തിന്റെ അനുയായികൾക്കും ഭാരതത്തിലെ ക്രിസ്ത്യാനികൾ ഏവരുടെ മേലും അധികാരമുണ്ടായിരുന്നുവെന്നതു നിസ്തർക്കമാണ്. അനന്തരം പല സംഭവവികാസങ്ങളും കേരള ക്രൈസ്തവസഭയിലുണ്ടായിട്ടുണ്ട്. വളരെയേറെ കാലം കേരളക്രിസ്ത്യാനികൾ സുറിയാനിറീത്തിൽപെട്ട വിദേശീയ മെത്രാന്മാർക്ക് അധീനരായിരുന്നു. 1601-ൽ സുറിയാനിക്കാരെല്ലാവരും ഫ്രാൻസീസ് റോസ് എസ്. ജെ. എന്ന ലത്തീൻ മെത്രാന്റെ കീഴിൽ കൊണ്ടുവരപ്പെട്ടു. 1663-ൽ വീണ്ടും സുറിയാനിക്കാർക്കായി സജാതീയനായ പള്ളിവീട്ടിൽ ചാണ്ടി മെത്രാൻ അഭിഷിക്തനായി. അദ്ദേഹത്തിന്റെ ചരമശേഷം കേരളസുറിയാനിക്കാർ വിദേശീയരായ ലത്തീൻ മെത്രാന്മാരാൽതന്നെ ഭരിക്കപ്പെട്ടുപോന്നു.

കേരളസഭാചരിത്രത്തിൽ ഒരു നവീനാദ്ധ്യായം തുറന്നതു് 1887 മേയ് 20-ാംതീയതിയിലെ തിരുവെഴുത്തുമുഖേന ഭാഗ്യസ്മരണാർഹനായ 13-ാം ലെയോൻ മാർപ്പാപ്പ നമുക്കായി തൃശ്ശൂർ, കോട്ടയം എന്നീ വികാരിയാത്തുകൾ സ്ഥാപിച്ചപ്പോളാണ്. 1896-ൽ തൃശ്ശൂർ, എറണാകുളം, ചങ്ങനാശ്ശേരി എന്ന മൂന്നു വികാരിയാത്തുകൾ ഉടലെടുക്കുകയും അവയെ ഭരിക്കുന്നതിന് സ്വദേശമെത്രാന്മാർ നിയമിതരാകുകയും ചെയ്തു. 1911-ൽ പുതിയ കോട്ടയം വികാരിയാത്തു സ്ഥാപിക്കപ്പെട്ടതോടുകൂടി നമ്മുടെ വികാരിയാത്തുകളുടെ എണ്ണം നാലായി വർദ്ധിച്ചു. 1923 ൽ എറണാകുളത്തെ കേന്ദ്രമാക്കി മലയാളസുറിയാനി ഹയരാക്കി സ്ഥാപിതമാകയും 1924 നവമ്പർ 14-ാംനു 11-ാം പീയൂസ് മാർപ്പാപ്പയാൽ പ്രത്യേകം നിയമിക്കപ്പെട്ട വിസിറ്റർ അപ്പസ്തോലിക്കാ ലെപ്പീസിയേ തിരുമനസ്സുകൊണ്ടു എറണാകുളം മെത്രാപ്പോലീത്താൻ പള്ളിയിൽവച്ച് പ്രസ്തുത ബൂള പരസ്യം ചെയ്കയും ചെയ്തു. അന്നു പാലിയം എന്ന സ്ഥാനവസ്ത്രം സ്വീകരിക്കുന്നതിനുള്ള ഭാഗ്യം നമുക്കുണ്ടായി.

1950-ൽ ചങ്ങനാശ്ശേരി രൂപത രണ്ടായി ഭാഗിക്കപ്പെടുകയും പാലാരൂപത ജന്മമെടുക്കുകയും ചെയ്തു. ഇക്കാലമത്രയും കേരളസുറിയാനി ഹയരാക്കിയുടെ പരിധികൾ വടക്കു ഭാരതപ്പുഴയും തെക്കു പമ്പാനദിയുമായിരുന്നു. ഈ പരിധിനിർണ്ണയം, നമുക്കായി പ്രത്യേക വികാരിയാത്തുകൾ സ്ഥാപിച്ചുകൊണ്ടുള്ള ആദ്യത്തെ ബൂളയിൽ ഉണ്ടായിരുന്നതല്ലാ; പില്ക്കാലത്തു് ഉണ്ടായിട്ടുള്ളതാണ്. ഇതിനു വ്യതിയാനം സംഭവിച്ചതു് മലബാറിൽ കുടിയേറിപ്പാർത്ത സുറിയാനിക്രിസ്ത്യാനികളെ ഉദ്ദേശിച്ച് 1953 ഡിസമ്പർ 31-ാംതീയതിയിലെ തിരുവെഴുത്തുമുഖേന തലശ്ശേരി രൂപത സ്ഥാപിതമായപ്പോഴാണ്. 1954 മാർച്ച് 19-ാംനു പ്രസ്തുത രൂപത ഔദ്യോഗികമായി ഉൽഘാടനം ചെയ്യപ്പെട്ടു.

## പുതിയ അതിർത്തികൾ

ഇപ്പോഴിതാ തെക്കും വടക്കുമുള്ള അതിരുകൾ കുറേക്കൂടി നീക്കിയിരിക്കുകയാണ്. ചങ്ങനാശ്ശേരി രൂപതയുടെ അതിർത്തി കൊല്ലം, തിരുവനന്തപുരം, കോട്ടാർ എന്നീ ലത്തീൻ രൂപതകളുടെ പ്രദേശങ്ങൾ കൂടി ഉൾപ്പെടുത്തി തെക്കോട്ടു കന്യാകുമാരിവരെ വികസിപ്പിച്ചിട്ടുണ്ട്. തൃശ്ശൂർ രൂപതയുടെ അതിർത്തി കോയമ്പത്തൂർ രൂപതയുടെ പ്രദേശങ്ങൾകൂടി ഉൾപ്പെടുത്തി വടക്കുകിഴക്കോട്ടു വ്യാപിപ്പിച്ചിരിക്കുന്നു. തലശ്ശേരി രൂപതയുടെ അതിർത്തി മൈസൂർ, മംഗലാപുരം എന്നീ രൂപതകളിലെ പ്രദേശങ്ങൾകൂടി ഉൾപ്പെടുത്തി വടക്കോട്ടും വികസിപ്പിച്ചിരിക്കുന്നു. കോട്ടയം രൂപതാദ്ധ്യക്ഷനു വികസിതരൂപത്തിലുള്ള മലയാളസുറിയാനി ഹയരാക്കി പ്രദേശത്തെ തെക്കുംഭാഗരായ സുറിയാനി കത്തോലിക്കരുടെ മേൽ ആദ്ധ്യാത്മികാധികാരമുണ്ടായിരിക്കുന്നതാണ്.

ഇപ്രകാരം നമ്മുടെ പ്രവിശ്യയുടെ അതിർത്തികൾ വിപുലപ്പെടുത്തിക്കൊണ്ട്, ആയിരക്കണക്കിനു തെക്കും വടക്കും പ്രദേശങ്ങളിൽ വസിക്കുന്ന സുറിയാനിക്കത്തോലിക്കരുടെ ന്യായമായ അഭിലാഷങ്ങൾ സാധിച്ചുതന്നതിൽ പരിശുദ്ധ സിംഹാസനത്തോടു് നമ്മൾ എന്നെന്നും കൃതജ്ഞരായിരിക്കേണ്ടതാണ്. ഇക്കാര്യം സഫലമായതു് അത്യുന്നത കർദ്ദിനാൾ തിസരാങ്ങ് തിരുമേനിയുടെ പരിശ്രമഫലമായിട്ടാണെന്ന വസ്തുത വിസ്മരിക്കാവുന്നതല്ല. സർവ്വോപരി നമ്മുടെ അഭീഷ്ടസിദ്ധിയിൽ നമ്മൾ ദൈവത്തോടു് നന്ദി പ്രകാശിപ്പിക്കേണ്ടിയിരിക്കുന്നു. ആഗസ്റ്റ് 7-ാംനു ഞായറാഴ്ച ഇതു പ്രമാണിച്ച് നമ്മുടെ കത്തീഡ്രൽ പള്ളിയിൽ പരിശുദ്ധ കുർബാനയുടെ വാഴ്വും "ലാക് ആച്ചാഹ"യും നടത്തപ്പെടുകയുണ്ടായി.

## നമ്മുടെ കർത്തവ്യങ്ങൾ

എന്നാൽ നമ്മുടെ അവകാശങ്ങൾ സ്ഥാപിച്ചുകിട്ടുന്നതോടൊപ്പം നമ്മുടെ ചുമതലകളും വർദ്ധിക്കുന്നുണ്ടെന്ന വസ്തുത നമ്മൾ ഓർത്തിരിക്കേണ്ടതാണ്. പുതുതായി നമ്മുടെ ഹയരാക്കിയിൽ പെട്ടിരിക്കുന്ന ഭാഗങ്ങളിൽ ആവശ്യമായ പള്ളികളും മറ്റും കഴിയുന്നതും വേഗം സ്ഥാപിക്കേണ്ടിയിരിക്കുന്നു. അതിനുള്ള ധനശക്തി അവിടങ്ങളിലെ എല്ലാ ജനങ്ങൾക്കും ഇല്ലെന്നുള്ളതു നിർവ്വിവാദമാണ്. ആകയാൽ നമ്മളവർക്കു സഹായഹസ്തം നീട്ടിക്കൊടുക്കേണ്ടതാണ്. നമ്മുടെ പള്ളികളും ഉദാരമനസ്കരായ ജനങ്ങളും തലശ്ശേരിരൂപതയ്ക്കു് സംഭാവനകൾ നൽകിയ സംഗതി ചാരിതാർത്ഥ്യത്തോടുകൂടി നാം അനുസ്മരിക്കുന്നു. അതുപോലെയും കൂടുതലായും സഹായസഹകരണങ്ങൾ ചെയ്തുകൊണ്ടു പോകണമെന്നു നാമേവരേയും ഉദ്ബോധിപ്പിച്ചുകൊള്ളുന്നു.

നമ്മുടെ ഹയരാക്കിയിൽ പെടുന്ന പ്രദേശങ്ങളിലെല്ലാം, യാക്കോബായ സഹോദരങ്ങളും വസിക്കുന്നുണ്ട്. ഇതിനകം ഒരു ലക്ഷത്തിലധികം യാക്കോബായക്കാർ തങ്ങളുടെ ശീശ്മ ഉപേക്ഷിച്ച് മാതൃസഭയായ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അവർക്കുവേണ്ടി 1932-ൽ മലങ്കരസുറിയാനി ഹയരാക്കി തിരുവനന്തപുരം ആസ്ഥാനമാക്കി സ്ഥാപിതമായിട്ടുള്ള വിവരം ഏവർക്കും അറിയാവുന്നതാണല്ലോ. തങ്ങളുടെ മാതൃസഭയും സാക്ഷാൽ രക്ഷാമാർഗ്ഗവുമായ കത്തോലിക്കാസഭയിലേക്കു പിന്തിരിയുവാൻ ശീശ്മയിൽ നില്ക്കുന്ന സഹോദരന്മാരെ നാം സസ്നേഹം ആഹ്വാനം ചെയ്തുകൊള്ളട്ടെ. ദൈവത്തിന്റെ അനുഗ്രഹവും വരപ്രസാദവും കൂടാതെ യാതൊന്നും സാദ്ധ്യമല്ലാത്തതിനാൽ പുനരൈക്യപ്രസ്ഥാനത്തിന്റെ വിജയത്തിനുവേണ്ടി നിരന്തരം പ്രാർത്ഥിക്കണമെന്നു് നമ്മുടെ കീഴിലുള്ള സകല ജനങ്ങളേയും നാം ഉദ്ബോധിപ്പിച്ചുകൊള്ളുന്നു. പുനരൈക്യപ്രസ്ഥാനത്തിന്റെ രജതജൂബിലി സമീപിച്ചിരിക്കുന്ന ഈയവസരത്തിൽ നമുക്കതിനു പ്രത്യേകിച്ചും ചുമതലയുണ്ട്. പുനരൈക്യപ്പെടുന്ന ക്രിസ്ത്യാനികൾ ധാരാളമുള്ള സ്ഥലങ്ങളിൽ അവരുടെ സ്വന്തം റീത്തിൽപ്പെട്ട പള്ളികൾ ഉണ്ടാകേണ്ടതു ഒഴിച്ചുകൂടാനാവാത്ത ആവശ്യമായിത്തീരുന്നു പലപ്പോഴും. അതിലേക്കും നമ്മൾ കഴിവുപോലെ ധനസഹായം ചെയ്യേണ്ടതാണ്. സർവ്വോപരി, നമ്മളുടെ മാതൃകാപരമായ ജീവിതംവഴിയാണ് നമ്മളുടെ അകത്തോലിക്കാസഹോദരങ്ങളെ കത്തോലിക്കാസഭയിലേക്ക് ആകർഷിക്കേണ്ടതു് എന്നു് ഓർത്തിരിക്കണം. ഇപ്രകാരം 1653-ലെ കൂനൻകുരിശു സത്യം വഴി കീറിമുറിക്കപ്പെട്ട സുറിയാനി സഭാഗാത്രം വീണ്ടും പൂർവ്വസ്ഥിതിയെ പ്രാപിക്കുന്ന പക്ഷം അതു ഇൻഡ്യയിലെ ക്രിസ്തുമതത്തെ സംബന്ധിച്ചിടത്തോളം വമ്പിച്ച ഒരു നേട്ടമായിരിക്കുമെന്നതിനു സംശയമില്ല.

## കൃതജ്ഞത

പുതുതായി നമ്മുടെ പ്രവിശ്യയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഭാഗങ്ങളിലെ ലത്തീൻ വൈദിക മേലദ്ധ്യക്ഷന്മാരോടും വൈദികരോടും നമുക്കുള്ള കടപ്പാടിനെ രേഖപ്പെടുത്തുന്നതിനും ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു. അവിടങ്ങളിലെ സുറിയാനി കത്തോലിക്കരുടെ ആത്മീയാവശ്യങ്ങൾ അവരാണ് ഇതഃപര്യന്തം നിർവ്വഹിച്ചുവന്നിട്ടുള്ളതു്. അതിനെല്ലാം നമ്മുടെ അകമഴിഞ്ഞ കൃതജ്ഞത. പ്രസ്തുതപ്രദേശങ്ങളിലെ മററു റീത്തുകളിൽപ്പെട്ട വിശ്വാസികൾ നമ്മുടെ ജനങ്ങൾക്കു ചെയ്തുകൊടുത്തിട്ടുള്ള സഹായങ്ങൾക്കും നാം നന്ദി പ്രകാശിപ്പിക്കുന്നു. സാഹചര്യങ്ങളുടെ സമ്മർദ്ദം നിമിത്തം വ്യത്യസ്ത റീത്തുകളിൽ പെട്ടു നില്ക്കുവാൻ ഇടയായിട്ടുള്ള കത്തോലിക്കരെല്ലാവരും തിരുസഭയാകുന്ന ഏകമാതാവിന്റെ സന്താനങ്ങളാണെന്നോർത്തു ഏകോദരസഹോദരങ്ങളെപ്പോലെ വർത്തിക്കുവാൻ, കേരളസഭാമണ്ഡലത്തിലെ ഏററവും പ്രായംകൂടിയ വൈദികമേലദ്ധ്യക്ഷനെന്നനിലയിൽ നാമെല്ലാവരോടും വിനയപൂർവ്വം അഭ്യർത്ഥിക്കുകയും വാത്സല്യപൂർവ്വം ഉപദേശിക്കുകയും ചെയ്യുന്നു.

സ്വന്തം റീത്തുപേക്ഷിക്കാതെ മിഷൻപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ലഭിച്ചിരിക്കുന്ന അനുകൂല സാഹചര്യങ്ങൾ ഏവരും വിലമതിക്കുകയും വേണ്ടപോലെ വിനിയോഗിക്കുകയും ചെയ്യുമെന്നു പ്രത്യാശിക്കുന്നു. വ്യക്തിപരമായി പറയുകയാണെങ്കിൽ, ഇക്കാര്യങ്ങളെല്ലാം സാധിച്ചുകിട്ടുന്നതിനു നമ്മുടെ സാമന്തമെത്രാന്മാരുടെ സഹകരണത്തോടുകൂടി നാം വളരെയേറെ പരിശ്രമിച്ചിട്ടുണ്ട്. ആ പരിശ്രമങ്ങളെല്ലാം സഫലമായതിൽ നാം പ്രത്യേകം ദൈവത്തോടു നന്ദിപറയുന്നു. നമ്മുടെ കീഴിലുള്ള ജനങ്ങളുടെ ആദ്ധ്യാത്മികാഭിവൃദ്ധിക്കും ഇൻഡ്യയിലെ ക്രൈസ്തവസഭയുടെ സുസ്ഥിതിക്കും ക്രമപ്രവൃദ്ധമായ വളർച്ചയ്ക്കും അവ യഥാർത്ഥത്തിൽ സഹായകമാകുമെന്നാണ് നമ്മുടെ ആത്മാർത്ഥമായ വിശ്വാസം.

തിരുസഭയുടെ കാനൻനിയമങ്ങളും ഓരോരോ കാലത്തുണ്ടായിട്ടുള്ള പ്രായോഗികനിർദ്ദേശങ്ങളും അനുസരിച്ചു ജീവിക്കുവാൻ ഏവർക്കുമുള്ള കടമയെ ഒരിക്കൽക്കൂടി നാം അനുസ്മരിപ്പിക്കുന്നു. വികസിതമായിരിക്കുന്ന ഓരോ രൂപതയിലും തിരുസിംഹാസനത്തിന്റെ തൽസംബന്ധമായ ഡിക്രി ഔദ്യോഗികമായി പ്രസിദ്ധപ്പെടുത്തുന്ന നാൾമുതൽ അതാതതിർത്തിയിൽപ്പെട്ട നമ്മുടെ റീത്തുകാരായ സകല സുറിയാനിക്കാരും അതതുസുറിയാനിരൂപതകളിലെ അംഗങ്ങളായി തീരുന്നതും അവയുടെ മേലദ്ധ്യക്ഷന്മാരുടെ കല്പനകൾ അക്ഷരംപ്രതി അനുസരിച്ചു ജീവിക്കേണ്ടതുമാണ്. ഇപ്രകാരം നാനാപ്രകാരേണയും ദൈവത്തിനു മഹത്വമുണ്ടാകുന്നതിനും നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ പ്രേഷിതവൃത്തി പൂർവ്വാധികം വിജയശ്രീലാളിതമാകുന്നതിനും ഇൻഡ്യയുടെ മദ്ധ്യസ്ഥയും ആത്മശരീരങ്ങളോടുകൂടി സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ട കന്യകയുമായ ദൈവജനനി സഹായിക്കുമാറാകട്ടെ.

—o—

## ഉപകാരസ്മരണ

പരിശുദ്ധവേളാങ്കണ്ണിമാതാവിന്റെ മദ്ധ്യസ്ഥതയാലും, ബ. അൽഫോൻസാമ്മയുടെ സഹായത്താലും എന്റെ സുഖക്കേടു ഭേദമായതിനു് ഉപകാരസ്മരണ. താമസിച്ചതിനു് ക്ഷമാപണം.

മിസ്സിസ്സ് K. A. ത്രേസ്യാമ്മ,
കാവുങ്കൽ, ആലുവാ.


# നീർവീഴ്ചകളുടെ ഉത്ഭവം

വളരെ വരണ്ടും, രണ്ടോ മൂന്നോ ദിവസംവീതം കൂടമ്പോഴായും, രക്തം കലന്നും, അല്പമായും, ശബ്ദത്തോടും താമസത്തോടും കൂടിയും, നാടപോലെ കനംകുറഞ്ഞും മലം പോകുന്നതു (മലബന്ധവും അർശ്ശസ്സും) മൂലം ഉദരത്തിങ്കലുള്ള വായുവിന്റെ അധോഗതിക്കു തടസ്സം നേരിടുകയും (വായുസ്തംഭനം—വയറുവീക്കൽ—ഗ്യാസ്ട്രബ്ൾ ഉത്ഭവിക്കയും), ഇങ്ങനെ കുടലുകൾക്കുള്ളിൽ നിറയപ്പെടുന്ന വായു പിന്നേയും പിന്നേയും ദുഷിക്കയും, ചൂടുപിടിക്കപ്പെടുകയും ചെയ്തിട്ട് നെഞ്ച്, പള്ള, ശിരസ്സ് മുതലായ അംഗങ്ങളിലേക്ക് ഗതിക്കുകയും, അതാതു അവയവങ്ങളിലുള്ള കഫത്തേയും, രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം എന്നീ ധാതുക്കളേയും ദുഷിപ്പിക്കുകയും, ഉരുക്കുകയും, അതാതുകളുടെ സ്ഥാനങ്ങളിൽ നിന്നിളക്കിതീർക്കുകയും ചെയ്യുമ്പോഴാണ് തുമ്മൽ, മൂക്കിൽ നിന്നുള്ള വെള്ളം (കഫം) വരവ്, മൂക്കടപ്പ്, തലവിങ്ങിച്ച, കണ്ണിൽനിന്നും ചെവിയിൽനിന്നുമുള്ള വെള്ളംവരവ്, മോണ (പല്ലുകളുടെ കട) വീക്കൽ, തൊണ്ടയിൽ കഫം കെട്ടൽ, സന്ധികളിലും മററും നീർക്കെട്ട് (രക്തവാതം), കഴുത്ത്, പുറം മുതലായ അംഗങ്ങളിൽ കഴപ്പ്, വായ, മൂക്ക്, മലദ്വാരം മുതലായ മാർഗ്ഗങ്ങളിൽകൂടിയുള്ള രക്തം വരവ് (രക്തപിത്തം), കൊഴുപ്പോടും ഊറലോടും മധുരരസത്തോടുംകൂടി മൂത്രംപോവുക (പ്രമേഹം), അസ്ഥിസ്രാവം (വെള്ളപോക്ക്), ചുമച്ച് കഫം തുപ്പൽ, ശ്വാസംമുട്ടൽ, ക്ഷയം, ഏങ്ങൽ (ആസ്ത്മ), മലവിസർജ്ജനം ചെയ്യുമ്പോഴും സ്വപ്നത്തിലും മററും ശുക്ലം സ്രവിക്കൽ (ഇന്ദ്രിയസ്ഖലനം), കഫത്തോടും കൊഴുപ്പോടുംകൂടി മലം പോവുക, കഴല, മന്ത്, തടിപ്പ്, കുരു, നീര്, കുഷ്ഠം തുടങ്ങിയവകൾ ഉത്ഭവിക്കുകയും ആവയിൽനിന്നു വെള്ളവും ചലവും രക്തവും സ്രവിക്കുകയും ചെയ്യുക എന്നിങ്ങനെയുള്ള രോഗങ്ങൾ അഥവാ "നീർവീഴ്ചകൾ" പിടിപെടുന്നത്. ഇതുപോലെതന്നെ ശരീരംകൊണ്ടും മനസ്സുകൊണ്ടും അമിതമായി അദ്ധ്വാനിക്കുക, ഉഷ്ണവീര്യമുള്ള അന്നപാനങ്ങളേയും ഔഷധങ്ങളേയും പതിവായും അമിതമായും ഉപയോഗിക്കുക, പട്ടിണികിടക്കുക മുതലായ കാരണങ്ങൾകൊണ്ട് ദേഹത്തിലെ ചൂട് വർദ്ധിക്കുവാനിടവരുമ്പോഴും നാനാവിധത്തിലുള്ള "നീർവീഴ്ചകൾ" പിടിപെടുന്നതാണ്. ഉഷ്ണാധികൃത്താൽ കഫവും, ധാതുക്കളും ദുഷിക്കുകയും, ഉരുകുകയും, അതാതുകളുടെ സ്ഥാനങ്ങളിൽ നിന്നിളകുകയും ചെയ്യുമ്പോൾ ഉണ്ടാവുന്നവയായതുകൊണ്ടുതന്നെയാണ് ഈ രോഗങ്ങൾക്കെല്ലാം യുക്തിപൂർവ്വം "നീർവീഴ്ചകൾ" എന്നു് നാമകരണം ചെയ്തിട്ടുള്ളതു്. ദേഹത്തിൽ അമിതമായിതീർന്നിട്ടുള്ള ചൂടിനെ കുറക്കുന്നതിനുള്ള അന്നപാനങ്ങൾകൊണ്ടും, ഔഷധങ്ങൾകൊണ്ടും നാനാവിധത്തിലുള്ള നീർവീഴ്ചകളെ ശമിപ്പിക്കുവാൻ സാധിച്ചുകാണുന്നതിൽ നിന്നുതന്നെ ഉഷ്ണാധികൃത്തിൽ നിന്നാണ് നീർവീഴ്ചകളുടെ ഉത്ഭവം എന്നു് വ്യക്തമാവുന്നുണ്ടല്ലൊ. ഈ വസ്തുതകൾ മനസ്സിലാക്കി ചികിത്സിക്കാത്തതുകൊണ്ടാണ് പലരും തങ്ങളുടെ ആയുഷ്കാലം മുഴവനും രോഗമാകുന്ന മഹാസമുദ്രത്തിൽനിന്നു് കരകയറുവാൻ സാധിക്കാതെ നിരാശയോടെ കഴിച്ചുകൂട്ടേണ്ടിവരുന്നതെന്നു് നിസ്സംശയം പറയാവുന്നതാണ്.

## നീർവീഴ്ചകൾ പിടിപെടാതിരിപ്പാനുള്ള മാർഗ്ഗം

ശരീരംകൊണ്ടും മനസ്സുകൊണ്ടും അമിതമായി അദ്ധ്വാനിക്കുക, ഉറക്കമൊഴിക്കുക, ഉഷ്ണവീര്യമുള്ള ദ്രവ്യങ്ങളെ പതിവായും അമിതമായും ഉപയോഗിക്കുക, ശുക്ലധാതുവിനെ ക്രമാതീതമായി ക്ഷയിപ്പിക്കുക മുതലായ കാരണങ്ങൾകൊണ്ടു് ദിനംപ്രതി ദേഹത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ചൂടിനെ കുറയ്ക്കുകയും, വായു, മലം, മൂത്രം തുടങ്ങിയവകളെ യഥാക്രമം വിട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നതിനു കഴിവുള്ള സ്നേഹദ്രവ്യങ്ങളെ യുക്തിപൂർവ്വം ഉപയോഗിച്ചുകൊണ്ടിരിക്കുന്നപക്ഷം സാമാന്യേന നീർവീഴ്ചകളൊന്നും പിടിപെടുന്നതല്ല. ഇതിന്റെ ദൃഷ്ടാന്തമാണ് അമിതമായ ചൂടിനെ ശമിപ്പിക്കുന്നതിനും, ക്ഷയിച്ചുപോയിട്ടുള്ള സൌമ്യാംശത്തെ വർദ്ധിപ്പിക്കുന്നതിനും, വായു, മലം തുടങ്ങിയവകളെ യഥാക്രമം പ്രവർത്തിപ്പിക്കുന്നതിനും കഴിവുള്ള ഔഷധങ്ങളാകുന്ന "ദ്രാക്ഷാഘൃതം" സേവിക്കുകയും "ശാരിബാതൈലം" ദേഹമാസകലം തേച്ച് കുളിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നവരിൽ സാമാന്യേന മലബന്ധം, അർശ്ശസ്സ് മുതലായ ഉഷ്ണാധികരോഗങ്ങൾ പിടിപെടാതിരിക്കുന്നതായി കാണുന്നതു്.

## നീർവീഴ്ചകൾക്കുള്ള പ്രതിവിധികൾ

മുകളിൽ പറഞ്ഞതുപോലെ ആരോഗ്യസംരക്ഷണത്തിനുവേണ്ടതു് യഥാകാലം പ്രവർത്തിക്കുവാൻ സാധിക്കായ്ക നിമിത്തം ദേഹത്തിലെ ചൂട് ക്രമംവിട്ട് വർദ്ധിക്കയും, നീർവീഴ്ചകളിൽ ഏതെങ്കിലും ഒന്നോ, രണ്ടോ അഥവാ അതിലധികമൊ ഇനം പിടിപെടുകയും ചെയ്തിട്ടുള്ളപക്ഷം മുകളിൽ പറഞ്ഞ ഔഷധങ്ങൾ രണ്ടും യുക്തിപൂർവ്വം ഉപയോഗിക്കുന്നതിനു പുറമെ അമിതമായ ചൂടിനെ കുറയ്ക്കുന്നതിനും, കഫത്തേയും ധാതുക്കളേയും ദുഷിക്കാതെയും ഉരുകാതെയും സംരക്ഷിക്കുന്നതിനും, ദുഷിച്ചിട്ടുള്ളവയെ ശുദ്ധീകരിക്കുന്നതിനും, വ്രണങ്ങളെ ഉണക്കുന്നതിനും, മുഴ, തടിപ്പ്, നീര് തുടങ്ങിയവകളെ നശിപ്പിക്കുന്നതിനും മററും കഴിവുള്ള ഒരു ശീതദ്രവ്യമാകുന്ന "നിംബാസവം" കൂടി യുക്തമെന്നുതോന്നുന്ന മാത്രയിൽ സേവിക്കുകയും, പ്രായം, ദേഹപ്രകൃതി, രോഗസ്ഥിതി മുതലായവകൾക്കനുസരിച്ച് നാലോ എട്ടോ പത്തോ പതിനഞ്ചോ ദിവസംവീതം കൂടുമ്പോൾ "ദ്രാക്ഷാഘൃതം" തന്നെ പതിവായി സേവിക്കുന്നതിലും അല്പം മാത്രകൂട്ടി സേവിച്ചൊ അല്ലെങ്കിൽ നല്ലതരം ആവണക്കെണ്ണ സേവിച്ചൊ വയറിളക്കുകയും, ഉപ്പ്, പുളി, എരുവ് എന്നീ രസങ്ങളുള്ള ദ്രവ്യങ്ങളേയും, ചൂടിനെ വർദ്ധിപ്പിക്കുന്ന മററു അന്നപാനങ്ങളേയും, പ്രവൃത്തികളേയും സാധിക്കുന്നേടത്തോളം ഒഴിവാക്കുകയും ചെയ്യുന്നതായാൽ ആ നീർവീഴ്ചകളെ ശമിപ്പിക്കുവാൻ സാധിക്കുമെന്നുള്ളതിനു് നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം എന്നീ സിദ്ധൌഷധങ്ങളുപയോഗിച്ച് രോഗശമനം സിദ്ധിച്ചിട്ടുള്ളവരിൽനിന്നു ലഭിച്ചിട്ടുള്ളതും, പത്രങ്ങളിലും മാസികകളിലും മററുമായി ഇതുവരെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമായ 120-ൽ പരം "അനുഭവസാക്ഷ്യങ്ങൾ" തന്നെ പ്രത്യക്ഷ ദൃഷ്ടാന്തങ്ങളാണ്.

| | |
|---|---|
| നിംബാസവം 20 ഔൺസ് കുപ്പി 1ക്ക് | 2-0-0 |
| ദ്രാക്ഷാഘൃതം 5/8 (അരേഅരക്കാൽ) റാ. കുപ്പി 1ക്ക് | 4-0-0 |
| ശാരിബാതൈലം 18 ഔൺസ് കുപ്പി 1ക്ക് | 3-0-0 |

N. B. ഈ ഔഷധങ്ങൾ കണ്ണൂർ, തലശ്ശേരി, കോഴിക്കോട്, കോയമ്പത്തൂർ, പാലക്കാട്ട്, തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലുള്ള കാളൻ'സ് സെയിൽസ് ഡിപ്പോകൾ വഴിയായും, തിരുകൊച്ചിയിലും മലബാറിലുമുള്ള 150-ൽപരം ഏജൻസികൾ വഴിയായും വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. അനുകരണങ്ങളാൽ വഞ്ചിതരാകാതിരിപ്പാൻ പ്രത്യേകം സൂക്ഷിക്കണം.

കാളൻ, നെല്ലായി.

# ഹിപ്പോയിലെ മഹാസിദ്ധൻ

[ഏ. ജെ. കല്ലൂർക്കാട്ട്]

"അമ്മച്ചിയും മനിക്കേയിസം സ്വീകരിക്കാൻ പോകയാണല്ലേ?" ആ കൊച്ചുമുട്ടുയുക്തിക്കാരൻ തികഞ്ഞ ഗാംഭീര്യത്തോടുകൂടി ചോദിച്ചു. ആരാണെന്നോ ആ കൊച്ചുവിദ്വാൻ? ഹിപ്പോയിലെ അഗസ്റ്റിൻ.

* * *

മൂന്നുവശവും മുട്ടക്കുന്നുകളാൽ മറയ്ക്കപ്പെട്ട മനോഹരമായ തഗാസ്റ്റേ നഗരം. മഞ്ഞണിഞ്ഞു മരതകപ്പച്ചവിരിപ്പുമിട്ടു മലർന്നുകിടക്കുന്ന മലരണിത്തോപ്പുകൾ, പാടിപ്പറക്കുന്ന പാവജാലം, കൂവിക്കൂക്കുവിളിച്ചുനടക്കുന്ന കുട്ടികൾ, പൊട്ടിച്ചിരിച്ചുകൊണ്ടോടുന്ന കൊച്ചുകൊച്ചു നദികൾ, കൈത്തോടുകൾ ഇവയെല്ലാം തഗാസ്റ്റേയുടെ മാററുകൂട്ടുവാൻ പോരുന്നവയാണ്. ആഫ്രിക്കയുടെ ഓമനമകളായ ആ കൊച്ചുസുന്ദരി സർവ്വാംഗവിഭൂഷിതയായി കാണപ്പെടുന്നു.

ക്രിസ്തുവർഷം 354 നവംബർ മാസത്തിലേക്കു മാർച്ചുചെയ്തു കഴിഞ്ഞിരുന്നു. ഒരു സുപ്രഭാതം. പകലവൻ തന്റെ പ്രകാശംകുറഞ്ഞ കണ്ണുകൾകൊണ്ടു കിഴക്കൻ മലകളുടെ വൃക്ഷത്തലപ്പുകൾക്കിടയിലൂടെ ഒന്നെത്തിനോക്കുകയായിരുന്നു. തഗാസ്റ്റേയുടെ ചരിത്രത്തിൽ ഒരു സുവർണ്ണാദ്ധ്യായം എഴുതിച്ചേർക്കുവാനിരുന്ന മഹാദേഹം അന്നു—നവംബർ പതിമൂന്നിനു—ഭൂജാതനായി. അവന്റെ പിതാവു പേയ്ഗനായ പട്രീഷ്യസും മാതാവു വിശ്വാസിനിയായ മോനിക്കയും ആയിരുന്നു. അവരുടെ ദാമ്പത്യവല്ലരി സുരഭിലസുമം അണിഞ്ഞതു അന്നാണ്. ഭാവിതലമുറകളെ കരപ്പിടിപ്പിക്കുവാനുള്ള പിഞ്ചുകരങ്ങൾ! അവൻ മാതൃഹസ്തങ്ങളിലിരുന്നു പുഞ്ചിരിതൂകി. അവരുടെ കണ്ണിലുണ്ണിയായി കുട്ടിക്കാലം കഴിച്ചു.

വിദ്യാലയത്തെ അവൻ ബാല്യകാലത്തിന്റെ കാരാഗൃഹമെന്നു വിളിച്ചിരുന്നു. എങ്കിലും അനേകം സുപ്രതീക്ഷകളെ മുൻനിറുത്തിക്കൊണ്ടു ഉത്സാഹിച്ചുപഠിച്ചു. ഉപരിപഠനത്തിനായി അവൻ സാന്ദവാദം സ്വദേശം വിട്ടു. ആ യുവകേസരി ജീവിതാനന്ദമാകുന്ന മുന്തിരിച്ചാറു ആവോളമാസ്വദിക്കാൻ വെമ്പൽകൊണ്ടു. ഉഴപ്പനായിരുന്നെങ്കിലും ഭാഷാപ്രണയിയായിരുന്ന ബാലൻ വെർജിലിന്റെയും ഹോമറിന്റെയുമെല്ലാം കൃതികൾ അരച്ചുകുടിച്ചു.

മസൗറായിൽനിന്നും ഒരു തൊഴിലില്ലാത്തവനായിട്ടാണു ആ യുവാവു തിരിച്ചു വീട്ടിലെത്തിയതു. സാമ്പത്തികനിലവാരം ഇടിഞ്ഞിരുന്നതിനാൽ പഠനം നിറുത്തി വീട്ടിൽ താമസമാക്കി. യൗവനത്തിന്റെ ആ കാനനത്തിൽ വച്ചു ആ പാന്ഥനു വഴിപിശകിപ്പോയി. സ്വാതന്ത്ര്യത്തിന്റെ മധുരഫലങ്ങൾ ആസ്വദിക്കാൻ ആഗ്രഹിച്ചു അഗസ്റ്റിൻ. വെറും തമാശിനുവേണ്ടിമാത്രം അച്ഛന്റെ പേരക്കാകൾ പറിച്ചു പന്നിയുടെ മുമ്പിലിട്ടുകൊടുത്തു ഒരിക്കൽ ആ കുസൃതിച്ചെറുക്കൻ!

* * *

വീണ്ടും വിദ്യാർത്ഥിലോകത്തിൽ റൊമിന്യൂസ് എന്ന ധനവാന്റെ പണസഞ്ചി അഗസ്റ്റിനായി കെട്ടഴിക്കപ്പെട്ടു. കാർത്തേജിൽ കാലെടുത്തുവച്ചു ആ വിദ്യാർത്ഥി. കാർത്തേജ്, ലൗകികസുഖങ്ങൾ മതിവരുവോളം പാനംചെയ്യുവാൻ അവസരം നൽകുന്ന ഒരു പട്ടണം! അശുദ്ധതയുടെ ദേവതയെന്നറിയപ്പെട്ടിരുന്ന വീനസിന്റെ ആവാസകേന്ദ്രം! അവിടത്തെ ദയനീയമായ അനുഭവങ്ങളേയും അധഃപ്പതനത്തേയും നിറഞ്ഞ അനുതാപത്തോടുകൂടി പിന്നീടു അദ്ദേഹംരേഖപ്പെടുത്തിയിട്ടുണ്ടു. "ഞാൻ സ്നേഹിക്കുവാനായിട്ടു സ്നേഹിച്ചു" എന്നു വിമ്പടിച്ചു ആ കാമാന്ധൻ. അവിവാഹിതൻ ഒരു പിതാവായിത്തീന്നു. പുത്രന്റെ പേർ "ആദെയൊദാത്തസ്"—ദൈവത്താൽ നൽകപ്പെട്ടവൻ എന്നായിരുന്നു. ആജീവനാന്തം ആ പുത്രസ്നേഹി തന്റെ സുതനെ കൂട്ടത്തിൽ കൊണ്ടുനടന്നു. കാർത്തേജിലെ പണ്ഡിതസദസ്സുകൾ ആ യുവാവിനെ ആകർഷിച്ചു. പഠനത്തിൽ



വിശുദ്ധ അഗസ്റ്റിൻ

അഗസ്റ്റിൻ ഒട്ടും പിന്നിലായിരുന്നില്ല. അതുപോലെതന്നെ കുസൃതിത്തരങ്ങൾക്കും. തന്റെ ജീവിതത്തിന്റെ ഇരുപതു വസന്തങ്ങൾ പൂവണിഞ്ഞപ്പോഴേക്കും അദ്ദേഹം ഒരു തികഞ്ഞ തത്വജ്ഞാനിയായിത്തീന്നിരുന്നു.

* * *

ആ ജീവിതകല്ലോലിനിയുടെ ഗതിയൊന്നു മാറിവീണു. അദ്ദേഹം അദ്ധ്യാപകലോകത്തിൽ പ്രവേശിച്ചു. സ്വശിഷ്യരിൽ മനിക്കേയിസ്സത്തിന്റെ വിഷവിത്തുകൾ വിതരണം ചെയ്യാൻ അദ്ദേഹം തത്രപ്പെട്ടു. ഇനിയും അദ്ദേഹത്തിന്റെ ജീവിതരംഗം റോമാനഗരമായിരുന്നു.

റോമിൽനിന്നും അദ്ദേഹം മിലാനിലെത്തി. കത്തോലിക്കാ അന്തരീക്ഷം നിറഞ്ഞുതുളുമ്പിയിരുന്നു മിലാനിൽ. അവിടത്തെ ജനതയുടെ മതഭക്തി അദ്ദേഹത്തെ ഹഠാദാകർഷിച്ചു. മിലാനിലെ മെത്രാനെ ഒരു സായംകാലത്തിൽ അദ്ദേഹം സന്ദർശിക്കാൻ പോയി. മനിക്കേയിസത്തിന്റെ പൊള്ളത്തരങ്ങളും കള്ളപ്രവത്തനങ്ങളും അഗസ്റ്റിനു മനസ്സിലായിത്തുടങ്ങി. അനന്തരജീവിതം സത്യാന്വേഷണത്തിനായി ഉഴിഞ്ഞുവച്ചു. വി. അംബ്രോസും വി. സിപ്രിയാനോസും അദ്ദേഹത്തിന്റെ സംശയങ്ങൾ തീത്തുകൊടുത്തു. അദ്ദേഹം പുതിയ കാര്യങ്ങൾ പലതും പഠിപ്പിച്ചു.

ഉദ്യാനത്തിൽ ചിന്താമഗ്നനായിഉലാത്തിയിരുന്ന അഗസ്റ്റിനെ സായംകാലത്തിന്റെ മന്ദമാരുതൻ മൃദുലപാണികളാൽ തലോടി. ആ കണ്ണുകളിൽക്കൂടി കഴിഞ്ഞ ജീവിതത്തെക്കുറിച്ചുള്ള ചിന്തയാൽ ചൂടുപിടിച്ച ജലം ഒഴുകി വീണിരുന്നു. അനുതാപത്തിന്റെ ആ കണ്ണുനീർത്തുള്ളികൾ കനത്തു കട്ടപിടിച്ച പാപക്കറയെ കഴുകിക്കളയാൻ പര്യാപ്തങ്ങളായിരുന്നു. ഒരശരീരിവാക്യം: "എടുത്തു വായിക്കുക." അഗസ്റ്റിൻ വിശുദ്ധ ഗ്രന്ഥമെടുത്തു തുറന്നു ആദ്യം കണ്ട ഭാഗം വായിച്ചു. വി. പത്രോസിന്റെ റോമാക്കാർക്കുള്ള ലേഖനമായിരുന്നു അതു. പൗലോസിനെപ്പോലെ അഗസ്റ്റിനും നാഥനുവേണ്ടി പടപൊരുതുവാൻ പടക്കളത്തിലിറങ്ങി. സത്യാന്വേഷണത്തിൽ അദ്ദേഹം വിജയം വരിച്ചു!

* * *

തന്നെയോർത്തു കരഞ്ഞിരുന്ന ദുഃഖിതയായ മാതാവിനെ അഗസ്റ്റിൻ വിവരങ്ങളറിയിച്ചു, ആവുന്നതും വേഗത്തിൽ. സ്വജീവിതത്തിനു ഉണർവു പകന്നുകൊടുത്തിരുന്ന ആ മാതാവിനു, തനിക്കു താങ്ങും തണലുമായിരുന്ന ആ സ്നേഹമാതാവിനു, ആ മാതൃവത്സലൻ അവസാനം കൃതജ്ഞതയുടേയും കൃതാർത്ഥതയുടേയും പൂച്ചെണ്ടുകൾ സമപ്പിക്കുകയായിരുന്നു. 387 ഏപ്രിൽ 15-ാംനു ആ മുപ്പത്തിമൂന്നുകാരൻ മെത്രാനായ വി. അംബ്രോസിന്റെ കരങ്ങളിൽനിന്നും ജ്ഞാനസ്നാനം സ്വീകരിച്ചു; തന്നോടൊത്തു അദെയോദാത്തസും തന്റെ സന്തതസഹചാരികളും. അങ്ങനെ മോനിക്കയുടെ പ്രാർത്ഥനകൾ വിലമതിക്കപ്പെട്ടു; അവരുടെ ഭയങ്കര സ്വപ്നം നിറവേറപ്പെട്ടു; അവരുടെ അഭിലാഷങ്ങൾ അലരണിഞ്ഞു.

* * *

പണത്തെപ്രതി തലയിൽ വലിച്ചുവച്ചിരുന്ന അദ്ധ്യാപകജോലി അദ്ദേഹം ഇട്ടെറിഞ്ഞു. സഹനത്തിന്റെയും സേവനത്തിന്റെയും മുള്ളുകൾ വിതറിയ പാതയിൽക്കൂടി അദ്ദേഹം ത്വരിതഗമനം ചെയ്തു. മനിക്കേയിസത്തിന്റെ പ്രേഷിതനായിരുന്ന അഗസ്റ്റിൻ കത്തോലിസിസത്തിന്റെ പ്രണേതാവായിക്കഴിഞ്ഞു!

അനുതാപസങ്കീത്തനങ്ങളിൽ ആശ്വാസം കണ്ടെത്തി, ആ പ്രണീതമാനസൻ. തന്റെ ജീവിതത്തിൽ എല്ലാമായിരുന്ന പ്രിയപ്പെട്ട അമ്മച്ചി മൺമറഞ്ഞു. ആ മദ്ധ്യവയസ്കൻ ഒരു പിഞ്ചു കുഞ്ഞിനെപ്പോലെ വിങ്ങിക്കരഞ്ഞു മാതാവിന്റെ മരണത്തിൽ.

ഇനി ആരു തന്റെ ജീവിതനൗകയുടെ അമരം പിടിക്കും? അമരത്തിരുത്താൻ പററിയ ഒരാളെ അഗസ്റ്റിൻ കണ്ടെത്തി, "ജീവനും വഴിയും സത്യവു"മായ ഈശോയെ. അദ്ദേഹത്തെ അനുകരിക്കാൻ അഗസ്റ്റിൻ നിശ്ചയിച്ചു. തനിക്കുണ്ടായിരുന്നതെല്ലാം വിററു ദരിദ്രക്കു കൊടുത്തു, തന്റെ കുരിശുമെടുത്തുകൊണ്ടു ഈശോയെ അനുകരിക്കാൻതന്നെ ഉറപ്പിച്ചു. തന്റെ ചെറിയ വീടിനെ അദ്ദേഹം ഒരു പുണ്യാശ്രമമാക്കി. സുഹൃത്തുക്കളുമായി ആശ്രമജീവിതം ആരംഭിച്ചു ലൗകായതികത്വത്തിന്റെ മാത്സര്യമേറിയതും അപകടപൂർണ്ണവുമായ ചുററുപാടുകളിൽനിന്നു സ്വജീവിതത്തെ പിടിച്ചുനിറുത്തി ആശ്രമഭിത്തികൾക്കുള്ളിൽ ബന്ധിച്ചിട്ടു.

കാൽവരിയിലെ രക്തപങ്കിലമായ ബലി രക്തരഹിതമായി സമപ്പിക്കാൻ തിരുസഭ അഗസ്റ്റിനെ വൈദികസ്ഥാനത്തേക്കുയത്തി. ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും സേവനത്തിന്റെയും കൈത്തിരിയുമേന്തി അദ്ദേഹം മുന്നേറി. അദ്ദേഹത്തിന്റെ സ്നേഹം അനേകരുടെ ഹൃദയങ്ങളെ അപഹരിച്ചെടുത്തു. സഭ പിന്നെയും അദ്ദേഹത്തെ ഉയത്തി, ഹിപ്പോയിലെ മെത്രാൻപദത്തിലേക്കു. സാമുദായികസാമ്പത്തികമണ്ഡലങ്ങളിൽ അദ്ദേഹം സ്വരൂപതയെ ഒന്നുടച്ചുവാത്തു. സ്നേഹസമ്പന്നമായ ഒരു ഹൃദയംകൊണ്ടു അവശരുടെ പ്രീതി സമ്പാദിച്ചു, ആ കൊച്ചുമെത്രാൻ. തന്റെ സ്ഥാനമാഹാത്മ്യത്തെ വിസ്മരിച്ചുപോലും സാധാരണ വൈദികരുടെ ജോലികൾ അദ്ദേഹം നിറവേററിയിരുന്നു. അക്കാലത്തു ഉദയം ചെയ്ത ഡൊണേററിസത്തോടും ഒരിക്കൽ താനംഗമായിരുന്ന മനിക്കേയിസത്തോടും പെലേജിയനിസത്തോടും ക്രിസ്തുവിന്റെ ആ വീരസേനാനി ധീരമായി പോരാടി.

കത്തോലിക്കാസാഹിത്യ സമ്പത്തിനെ വർദ്ധിപ്പിക്കാൻ അദ്ദേഹം ധാരാളം സംഭാവനകൾ നൽകിയിട്ടുണ്ടു. പാഷണ്ഡതകൾക്കെതിരായി ചെറുത്തുനിന്നതും അധികമായി തൂലികകൊണ്ടുതന്നെയാണു. വിശുദ്ധ ഗ്രന്ഥനിരൂപണശാഖയിൽ അദ്ദേഹത്തിന്റെ തൂലിക സ്വച്ഛന്ദം വിഹരിച്ചു; മങ്ങൽ പററാത്ത പുതിയ കതിരുകൾ വീശി.

* * *

അദ്ദേഹം തന്റെ ജീവിതകൊടവുമായി തുറമുഖത്തെത്തിച്ചേരാറായി. എഴുപത്തിയാറിന്റെ ദുർബ്ബലതയിലും ചുറുചുറുക്കോടെ നടന്നിരുന്ന അദ്ദേഹത്തെ ഭയങ്കരമായ പനി ആക്രമിച്ചടിപ്പെടുത്തി. പാപപങ്കിലമായ കഴിഞ്ഞ ജീവിതത്തെയോർത്തു അദ്ദേഹം രോഗശയ്യയിൽ കിടന്നു കണ്ണുനീർ വാത്തു. പശ്ചാത്താപത്തിന്റെ മൂശയിൽ ഉരുകിത്തെളിഞ്ഞ തന്റെ ആത്മാവിനെ അദ്ദേഹം ദൈവത്തിനു സമപ്പിച്ചു. സന്തോഷത്തോടെ ആ പുണ്യദേഹി വെൺമേഘങ്ങൾക്കിടയിലൂടെ സ്രഷ്ടാവിന്റെ സമീപത്തേക്കു പറന്നുയന്നു!

പാപക്കുഴിയിൽനിന്നും വിശുദ്ധിയുടെ പാരമ്യത്തിലെത്തി വിരാജിച്ച, വിരാജിക്കുന്ന ഒരു പുണ്യദേഹം! പാപത്തിന്റെ അഗാധതയിൽനിന്നു പുണ്യത്തിന്റെ ഗിരിശൃംഗത്തിലേക്കു പറന്നുയരാൻസാധിക്കുമെന്നു അദ്ദേഹം ലോകത്തെ കാണിച്ചുകൊടുത്തു. ഇന്നത്തെ യുവലോകത്തിനൊരു മാതൃക!

---

ആദ്ധ്യാത്മികവീഥി

# എന്തു പറയണം?

ദൈവത്തിന്റെ വത്സലമക്കളേ,

ഒരാദ്ധ്യാത്മികോപദേഷ്ടാവിനെ തെരഞ്ഞെടുക്കുന്നതിനെക്കുറിച്ചു കഴിഞ്ഞ കത്തിൽ പറഞ്ഞല്ലോ. ഇനി അദ്ദേഹത്തോടു എന്താണു പറയേണ്ടതെന്നുള്ളതിനു ഒരു മാതൃക തരാം.

ഒരാൾ താൻ വളരെ പ്രാത്ഥിക്കയും ആലോചിക്കയും ചെയ്തതിനുശേഷം എല്ലാംകൊണ്ടും കൊള്ളാമെന്നു കണ്ട ഒരു വൈദികനെ സമീപിച്ചു പറയുകയാണു: "അച്ചാ, അങ്ങു എന്റെ ആത്മപിതാവായാൽ കൊള്ളാമെന്നു എനിക്കു വളരെ ആഗ്രഹമുണ്ടു. അങ്ങു നിശ്ചയിക്കുന്ന ഏതു സമയത്തു വേണമെങ്കിലും ഞാൻ വരാം. അങ്ങു നിർദ്ദേശിക്കുന്നതെന്തും ചെയ്യാൻ ഞാൻ തയ്യാറാണു. എങ്ങനെയെങ്കിലും എന്റെ ഇപ്പോഴത്തെ നികൃഷ്ടസ്ഥിതിയിൽനിന്നും അച്ചനെന്നെ രക്ഷിക്കണം.

"എനിക്കിപ്പോൾ 20 വയസ്സുണ്ടു. അശുദ്ധവിചാരങ്ങൾ എന്നെ അലട്ടിക്കൊണ്ടിരിക്കുന്നു. എന്തെങ്കിലും ഒന്നു ചെയ്യണമെന്നു തോന്നിയാൽ അപ്പോൾ ഞാനതു ചെയ്യും. അശുദ്ധമായ പരീക്ഷകളോടെതിർത്തു നിൽക്കാനുള്ള ശക്തിയില്ല.

"ചെറുപ്പത്തിൽ ഞാനൊരു നല്ല കുട്ടിയായിരുന്നു. ഒരു പന്ത്രണ്ടു വയസ്സുവരെ ആഴ്ചയിൽ ഒരിക്കലെങ്കിലും കുമ്പസാരിക്കയും വിശുദ്ധ കുർബാന സ്വീകരിക്കയും ചെയ്യുമായിരുന്നു. അമ്മയുടെ നിർബന്ധമായിരുന്നു അതിനു കാരണം. നിർഭാഗ്യവശാൽ അക്കൊല്ലം അമ്മ മരിച്ചുപോയി. സാവധാനത്തിൽ കുമ്പസാരത്തിന്റെ കാര്യത്തിലും മററും തീരെ ശ്രദ്ധയില്ലാതായി. കുറെ ചീത്തക്കുട്ടികളെ സ്നേഹിതന്മാരായും കിട്ടി. അന്നു തുടങ്ങിയതാണു എന്റെ അധഃപതനം."

വൈദികൻ: "കുഞ്ഞെന്തെല്ലാം പുണ്യപ്രവൃത്തികൾ ചെയ്യുന്നുണ്ടു?"

യുവാവു:- "കാലത്തും വൈകിട്ടും കത്താവിന്റെ മാലാഖ ചൊല്ലും. ഞായറാഴ്ചതോറും കുർബാനയും കാണുന്നുണ്ടു."

വൈദികൻ: "അപ്പൻ പറയുന്നതു അനുസരിക്കുന്നുണ്ടോ?"

"മിക്കവാറും."

"ഇപ്പോഴും ചീത്തക്കൂട്ടുകൂടി നടക്കാറുണ്ടോ?"

"അവരിലൊരുത്തൻ ഈയിടെ ഒരു ബോട്ടു മുങ്ങി മരിച്ചതിൽപ്പിന്നെ ആ കൂട്ടെല്ലാം ഞാനുപേക്ഷിച്ചിരിക്കയാണു."

"ചീത്തപ്പുസ്തകങ്ങൾ വായിക്കയും ചീത്തസിനിമ കാണുകയും ചെയ്യുന്നുണ്ടോ?"

---

എന്റെ മകൻ ഫിലിപ്പിന്റെ അസാദ്ധ്യമായ സുഖക്കേടു ബ. അൽഫോൻസാമ്മയുടെ സഹായത്താൽ സുഖമായതിനു കൃതജ്ഞത. താമസിച്ചതിനു മാപ്പു.

സി. ഫ്രാങ്ക്, ബാങ്ക്ളൂർ

---

"ഇപ്പോൾ അവയെല്ലാം ഉപേക്ഷിച്ചിരിക്കയാണു. എങ്കിലും പണ്ടു വായിച്ചതും കണ്ടതുമെല്ലാം തുടച്ചയായി ഓർമ്മയിൽ വന്നു അലട്ടിക്കൊണ്ടിരിക്കുന്നുണ്ടു."

"പ്രത്യേകിച്ചു ജോലിയൊന്നുമില്ലാതെ മടിയായി ഇരിക്കുമ്പോളല്ലേ കൂടുതൽ ശല്യം?"

"അതെ"

"മടിയന്റെ തല പിശാചിന്റെ ജോലിസ്ഥലമാണെന്നു കേട്ടിട്ടുണ്ടായിരിക്കുമല്ലോ. ഒരിക്കലും മടിയായിരിക്കരുതു. എന്തെങ്കിലും ചെയ്യുകയോ നല്ല പുസ്തകങ്ങൾ വായിക്കുകയോ ചെയ്യണം. കുഞ്ഞു കുമ്പസാരിച്ചിട്ടെത്ര നാളായി?"

"ഒരെട്ടൊൻപതു മാസമായിക്കാണും."

"പഴകിയ രോഗത്തിനു ചികിത്സ തുടങ്ങുന്നതിനുമുൻപു ഒന്നു ഭംഗിയായി വയറിളക്കാറുണ്ടല്ലോ. അതുപോലെ നമ്മുടെ ചികിത്സയുടെ പ്രാരംഭമായി നന്നായിട്ടൊന്നു കുമ്പസാരിക്കണം. കുഞ്ഞു ഇപ്പോൾതന്നെ പള്ളിയിലേക്കു ചെന്നു ഒരുങ്ങിക്കൊള്ളുക. അല്പം കഴിയുമ്പോൾ ഞാനങ്ങോട്ടു വരാം."

ഏറെക്കുറെ ഈ രീതിയിൽ ആരംഭിക്കാം. അടുത്തയാഴ്ചയിൽ വേറൊരു മാതൃക കാണിക്കാം.

എന്നു

പ്രാത്ഥനയുടെ ഐക്യത്തിൽ,

സ്വന്തം ആത്മപിതാവു.

# പഴയ നിയമത്തിലെ ക്രിസ്തു

(എം. ഒ. ജോസഫ്, നെടുങ്കുന്നം)

(തുടർച്ച)

## സ്വർഗ്ഗരാജ്യസ്ഥാപനം

ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേലിലേക്കാണ രക്ഷകൻ വരുന്നതെങ്കിലും അവിടുന്നു ഒരു പുതിയ രാജ്യം—സ്വർഗ്ഗരാജ്യം—സ്ഥാപിക്കുന്നതാണ്. "ആകയാൽ ദൈവമായ കർത്താവ് ഇങ്ങനെ പറയുന്നു: കണ്ടാലും, സീയോൻെറ അസ്തിവാരത്തിൽ ഞാൻ ഒരു ശില, പരീക്ഷിക്കപ്പെട്ട ഒരു ശില, ഒരു മൂലക്കല്ല്, ഒരു അമൂല്യശില, അടിസ്ഥാനത്തിൽതന്നെ സ്ഥാപിച്ചു്, സ്ഥാപിക്കുന്നതാണ്."(1)

"എൻെറ ഭവനത്തിലും എൻെറ മതിൽക്കെട്ടുകൾക്കുള്ളിലും അവക്കു (വിദേശികൾക്കു്) പുത്രിമാരേയും പുത്രന്മാരേയുംകാൾ മെച്ചമായ ഒരു സ്ഥാനവും ഒരു നാമവും ഞാൻ നൽകുന്നതാണ്. ഒരിക്കലും നശിക്കാത്ത ചിരന്തനമായ ഒരു നാമം അവക്കു ഞാൻ നൽകുന്നതാണ്. തന്നെ ആരാധിക്കുന്നതിനും തൻെറ നാമത്തെ സ്നേഹിക്കുന്നതിനുമായി കത്താവിനോടു ചേർന്നുനില്ക്കുന്ന വിദേശികളുടെ മക്കൾ അവിടുത്തെ ദാസന്മാരായിരിക്കുന്നതാണ്...അവരെ എൻെറ വിശുദ്ധ പവ്വതത്തിലേക്കു ഞാൻ കൊണ്ടുവരുന്നതും, എൻെറ പ്രാത്ഥനാമന്ദിരത്തിൽ അവരെ ഞാൻ സന്തുഷ്ടരാക്കിത്തീക്കുന്നതുമാണ്. എൻെറ ബലിപീഠത്തിങ്കൽ അവരുടെ ബലിയും ബലിവസ്തുക്കളും എന്നെ സന്തുഷ്ടിപ്പെടുത്തുന്നതാണ്; എന്തെന്നാൽ എല്ലാ ജാതികൾക്കും എൻെറ ഭവനം ഒരു പ്രാത്ഥനാഭവനമായി അറിയപ്പെടുന്നതാണ്."(2)

അവിടുന്നു് ഏപ്പെടുത്തുന്ന ഈ സ്വർഗ്ഗരാജ്യത്തിൽ അവിടുന്നുതന്നെ പുരോഹിതനായിരിക്കുന്നതാണ്: "നിൻെറ ശത്രുക്കളെ നിൻെറ പാദപീഠമായി വെക്കുംവരെ നീ എൻെറ വലത്തുഭാഗത്തിരിക്കുകയെന്നു കത്താവ് എൻെറ കത്താവിനോടു പറഞ്ഞു. സെഹിയോനിൽനിന്നു കത്താവു ശക്തിയുള്ള ചെങ്കോലിനെ അയക്കും....നീ മല്ക്കിസദക്കിൻെറ സാദൃശ്യത്തിൽ എന്നേക്കും പുരോഹിതനാകുന്നുവെന്നു കത്താവ് ആണയിട്ടുപറഞ്ഞു. അവൻ വ്യാജം പറയുകയില്ല."(3)

ഈ സ്വർഗ്ഗരാജ്യത്തെ—സഭയെ—അനുസരിക്കുവാൻ എല്ലാ മനുഷ്യർക്കും കടമയുണ്ടായിരിക്കുന്നു: "കത്താവിൻെറ സ്വരം അനുസരിക്കപ്പെടുന്നതിനേക്കാൾ കൂടുതലായി അവിടുന്നു ബലിയും ബലിവസ്തുക്കളും ആഗ്രഹിക്കുന്നുണ്ടോ? അനുസരണം ബലിയെക്കാൾ ശ്രേഷ്ഠമാകുന്നു; അനുസരിക്കുന്നതു മുട്ടാടിൻെറ കൊഴുപ്പു ബലിയപ്പിക്കുന്നതിനെക്കാൾ ഉൽകൃഷ്ടമാകുന്നു."(4) "തങ്ങൾ ചെയ്യുന്നതു് എന്തൊരു പാപമാണെന്നു് അറിയാത്ത വിഡ്ഢികളുടെ ബലിവസ്തുക്കളെക്കാൾ അനുസരണം അത്യുൽകൃഷ്ടമായിരിക്കുന്നു."(5)

അവിടുന്നു സ്ഥാപിക്കുന്ന സ്വർഗ്ഗരാജ്യത്തിലെ അംഗങ്ങളായിത്തീരുന്നവരുടെ സ്ഥിതി ഏററം അഭികാമ്യമായിരിക്കുന്നു. "ഭൂമിയിലെ പൊടിയിൽ നിദ്രചെയ്യുന്നവരിൽ വളരെപ്പേർ ഉണരന്നേഴുന്നേല്ക്കും. ചിലർ നിത്യമായ ജീവനിലേക്കും ചിലർ അവസാനമില്ലാത്ത ശിക്ഷയിലേക്കും പ്രവേശിക്കും. പഠിച്ചിട്ടുള്ളവർ വിഹായസിൻെറ തേജസ്സുപോലെ ശോഭിക്കുന്നതാണ്. പലരേയും നീതി പഠിപ്പിക്കുന്നവർ നിത്യകാലത്തേക്കു നക്ഷത്രങ്ങളെപ്പോലെ ശോഭിക്കുന്നതാണ്."(1) "നീതിമാന്മാർ ശോഭിക്കും; വയ്ക്കോലിനിടയിലെ തീപ്പൊരികൾപോലെ മുന്നോട്ടും പുറകോട്ടും ചാഞ്ചാടുന്നതാണ്."(2)

"അങ്ങു ഞങ്ങളെ ദ്വേഷിക്കുന്നവരിൽനിന്നു ഞങ്ങളെ രക്ഷിച്ചിരിക്കുന്നു; ഞങ്ങളുടെ ശത്രുക്കളെ ലജ്ജിപ്പിച്ചിരിക്കുന്നു. ദൈവമേ, ദിവസം മുഴുവനും ഞങ്ങൾ നിന്നെ സ്തുതിച്ചു; നിൻെറ നാമത്തെ ഞങ്ങൾ എന്നേക്കും അനുസരിച്ചു പറകയുംചെയ്യും."(3)

### ഓശാന

രക്ഷകൻ ഒരു കഴുതപ്പുറത്തുകയറി ജറൂസലേം ദേവാലയത്തിലേക്കു വരുന്നതും അപ്പോൾ ജനക്കൂട്ടം ഓശാന പാടുന്നതുമാണ്. "സീയോൻപുത്രി വളരെയധികം സന്തോഷിക്കുക; ജറൂസലേംപുത്രി ആനന്ദംകൊണ്ടു് ആത്തുവിളിക്കുക. കണ്ടാലും നീതിമാനും രക്ഷകനുമായ നിൻെറ രാജാവു നിൻെറ പക്കലേക്കു വരുന്നതാണ്. അവൻ ദരിദ്രനാകയാൽ ഒരു കഴുതപ്പുറത്തു്, ഒരു കഴുതക്കുട്ടിയുടെ പുറത്തു്, കയറിവരുന്നു."(4) "സീയോൻപുത്രിയോടു പറയുക. ഇതാ നിൻെറ രക്ഷകൻ വരുന്നു. കണ്ടാലും, അവൻെറ പ്രതിഫലം അവനോടുകൂടിയും, അവൻെറ ജോലി അവൻെറ മുൻപിലും ഉണ്ടായിരിക്കുന്നു."(5)


"കത്താവു ഉണ്ടാക്കിയ ദിവസം ഇതാകുന്നു. വരുവിൻ നമുക്കു ഇതിൽ ആനന്ദിച്ചുസന്തോഷിക്കാം...കത്താവിൻെറ നാമത്തിൽ വരുന്നവൻ ആശീവ്വദിക്കപ്പെട്ടവനാകുന്നു. ഞങ്ങൾ കത്താവിൻെറ ഭവനത്തിൽനിന്നു നിങ്ങളെ ആശീവ്വദിച്ചു."(6) "പ്രതികാരം ചെയ്യുന്ന ശത്രു നശിക്കുന്നതിനുവേണ്ടി, നിൻെറ ശത്രുക്കളെ കുറിച്ചു്, ശിശുക്കളുടേയും മുലകുടിക്കുന്നവരുടേയും വായിൽനിന്നു നിൻെറ സ്തുതിയെ നീ തയാറാക്കി."(7)

### ഒററിക്കൊടുക്കും

രക്ഷകനെ, അദ്ദേഹം ഏററവും സ്നേഹിച്ചിരുന്ന വാത്സല്യശിഷ്യന്മാരിൽ ഒരാൾ മുപ്പതു വെള്ളിനാണയത്തിനു് ശത്രുക്കൾക്കു ഒററിക്കൊടുക്കുന്നതാണ്. "ഞാൻ അവരോടു പറഞ്ഞു. നിങ്ങൾക്കു നല്ലതെന്നു തോന്നുന്നുവെങ്കിൽ എൻെറ കൂലി ഇവിടെ കൊണ്ടുവരിക. അല്ലെങ്കിൽ ശാന്തരായിരിക്കുക. എൻെറ കൂലിക്കുവേണ്ടി മുപ്പതു വെള്ളിനാണയങ്ങൾ അവർ തൂക്കി. അപ്പോൾ കത്താവു എന്നോടു പറഞ്ഞു: അവർ എനിക്കു വില നിശ്ചയിച്ചതായ ആ വില കുശവൻെറ പറമ്പിലേക്കെറിയുക. ഞാൻ ആ മുപ്പതു വെള്ളിനാണയങ്ങൾ എടുത്തു; ഞാൻ അവയെ കർത്താവിൻെറ ആലയത്തിലേക്കു്, കുശവൻെറ പറമ്പിലേക്കെറിഞ്ഞു."(8)

"എന്നോടു സ്വസ്ഥിപറകയും ഞാൻ ആശ്രയിച്ചിരിക്കുകയും ചെയ്യുന്നവനും, എൻെറ അപ്പം തിന്നുകയും ഞാൻ ആശ്രയിച്ചിരിക്കുകയും ചെയ്യുന്നവനുമായ മനുഷ്യൻകൂടേയും എന്നോടു് അധികമായി ചതിവുചെയ്തു."(1) "അവരുടെ വാസസ്ഥലം പാഴാകട്ടെ. അവരുടെ കൂടാരങ്ങളിൽ വസിക്കുന്നവൻ ഉണ്ടാകാതേയുമിരിക്കട്ടെ. എന്തെന്നാൽ നീ ശിക്ഷിച്ചവനെ അവർ ഞെരുക്കി; കൊല്ലപ്പെട്ടവൻെറ വേദനയെ അവർ വർദ്ധിപ്പിച്ചു."(2) "അവർ വിസ്തരിക്കപ്പെടുമ്പോൾ കുററക്കാരായി അവർ പുറപ്പെടട്ടെ. അവരുടെ പ്രാത്ഥനയും പാപമായി ഭവിക്കട്ടെ. അവരുടെ നാളുകൾ ചുരുക്കമാകട്ടെ. അവർ തങ്ങൾക്കായി സൂക്ഷിച്ചുവെച്ചിരിക്കുന്നതു അന്യന്മാർ കൈവശപ്പെടുത്തട്ടെ."(3)

**For favours received**




Excuse for the long delay
T· M· T·

### വധസ്ഥലത്തേക്കു്

ഇസ്രായലിനെ രക്ഷിക്കുന്നതിനായി അവതീണ്ണനായ ക്രിസ്തുവിനെ ഇസ്രായൽക്കാർതന്നെ വധസ്ഥലത്തേക്കു പിടിച്ചുകൊണ്ടുപോകും. "അതു തൻെറ സ്വന്തം ഇച്ഛയായിരുന്നതുകൊണ്ടു് അവിടുന്നു (ശത്രുക്കൾക്കു്) ഏല്പിക്കപ്പെട്ടു. അവിടുന്നു തൻെറ വായ് തുറന്നതുമില്ല. വധസ്ഥലത്തേക്കു് ആടിനെയെന്നപോലെ അവിടുത്തെ കൊണ്ടുപോകും. രോമം വെട്ടുകാരൻെറ മുൻപിൽ ആടെന്നതുപോലെ അവിടുന്നു മൂകനായിരിക്കും. അവിടുന്നു തൻെറ വായ് തുറക്കുകയില്ല."(4)

"ബലിവസ്തുവായി കൊണ്ടുപോകപ്പെടുന്ന ശാന്തനായ ഒരു ആടിനെപ്പോലെ ആയിരുന്നു ഞാൻ. "നമുക്കു അവൻെറ അപ്പത്തിന്മേൽ വിറകുവെക്കാം. ജീവിക്കുന്നവരുടെ നാട്ടിൽനിന്നും അവനെ വേർപെടുത്തിക്കളയാം. അവൻെറ നാമം മേലാൽ ഒരിക്കലും സ്മരിക്കപ്പെടാതിരിക്കട്ടെ" എന്നു പറഞ്ഞുകൊണ്ടു എനിക്കെതിരായി അവർ ആലോചനകൾ രൂപീകരിച്ചിരുന്നതു ഞാൻ അറിഞ്ഞിരുന്നില്ല."(5)

മനുഷ്യവർഗ്ഗത്തിൻെറ പാപങ്ങൾക്കു പരിഹാരമായിട്ടാണ ക്രിസ്തു ഈ പീഡനങ്ങളെല്ലാം സഹിക്കുന്നതു്. "നമ്മുടെ ജീവശ്വാസമായ, കത്താവായ ക്രിസ്തു, നമ്മുടെ പാപങ്ങളെ തൻെറമേൽ വഹിച്ചിരിക്കുന്നു. അവനോടു നാം പറഞ്ഞു: "അങ്ങേ നിഴലിൽ പുറജാതികളുടെ ഇടയിൽ ഞങ്ങൾ വസിക്കും."(1)

"അവൻ നമ്മുടെ രോഗങ്ങളെ വഹിക്കുകയും നമ്മുടെ ദുഃഖങ്ങളെ ചുമക്കുകയും ചെയ്തു. നാമോ അവനെ ഒരു കുഷ്ഠരോഗിയെപ്പോലെ, ദൈവത്താൽ താഡിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയുംചെയ്തവനെപ്പോലെ, കരുതി. എന്നാൽ നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി അവൻ മുറിവേൽക്കപ്പെട്ടു. നമ്മുടെ പാപങ്ങൾക്കുവേണ്ടി അവൻ നുറുങ്ങപ്പെട്ടു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവൻെറമേൽ ആയി; അവൻെറ മുറിവുകളാൽ നാം സൗഖ്യമാക്കപ്പെട്ടു.

"നാമെല്ലാം ആടുകളെപ്പോലെ വഴിതെററിപ്പോയി. ഓരോരുത്തനും അവനവൻെറ വഴിക്കു തിരിഞ്ഞുപോയി. എന്നാൽ ദൈവം നമ്മുടെ എല്ലാവരുടേയുംഅകൃത്യം അവൻെറമേൽചുമത്തി. എന്നാൽ അവനെ മുറിവുകളാൽ തകക്കുന്നതിനു ദൈവം തിരുമനസ്സായി. പാപത്തിനുവേണ്ടി അവൻ സ്വന്തജീവനെ ബലികഴിക്കുമെങ്കിൽ, ദീർഘായുസ്സായ ഒരു സന്തതിയെ അവൻ കാണും; അവൻെറ കരങ്ങളിൽ ദൈവത്തിൻെറ ഇഷ്ടം പരിപുഷ്ടിപ്പെടുകയുംചെയ്യും.

"അവൻെറ ആത്മാവു പ്രയത്നിക്കുകയാൽ അവൻ കാണുകയും സംതൃപ്തിപ്പെടുകയും ചെയ്യും. നീതിമാനായ എൻെറ ഈ ദാസൻ, തൻെറ വിജ്ഞാനംകൊണ്ടു അനേകരെ നീതീകരിക്കും. അവരുടെ അകൃത്യങ്ങളെ അവൻ വഹിക്കുകയും ചെയ്യും."(2)

(തുടരും)

(1) ദാനിയൽ XII 2, 3
(2) വിജ്ഞാനം III, 7
(3) സങ്കീ: 44: 8, 9
(4) സക്കറി IX, 9
(5) ഏശയ്യ 62: 11
(6) സങ്കീ: 117: 26
(7) സങ്കീ: 8: 3
(8) സക്കറി XI, 12, 13

(1) ഏശയ്യാ 28: 16
(2) ഏശയ്യാ 56: 5-7
(3) സങ്കീ: 109: 1-4
(4) I രാജാ 15: 22
(5) സഭാപ്രസംഗി IV. 17

(1) സങ്കീ: 40: 10
(2) സങ്കീ: 68: 26, 27
(3) സങ്കീ: 108: 8-9
(4) ഏശയ്യാ: 53: 7
(5) ജറേമ്യാസ് XI 19

(1) ഏറമ്യാ- വിലാപം VI 21
(4) ഏശയ്യാ 53:4-6, 10-11

(10-ാംപേജ് തുടർച്ച)

ഉൾഭരണം മുഴുവൻ നടത്തിവന്ന നസ്രാണി ജനനേതാക്കന്മാരായിരുന്നു. പട്ടക്കാരുടെ നിയമനം, ശമ്മാശ്ശന്മാരുടെ തിരഞ്ഞെടുപ്പ്, സഭയുടെ മുതലെടുപ്പ്, ചെലവ് ഇതെല്ലാം അക്കദിയാക്കോൻമാർ നടത്തുകയും; മെത്രാപ്പോലീത്താമാർ പട്ടംകൊട, മൂറോൻകൂദാശ മുതലായ മേൽപ്പട്ടസ്ഥാനകമ്മങ്ങൾമാത്രം അനുഷ്ഠിക്കുകയും ആയിരുന്നു പതിവ്. അങ്ങനെയുള്ള പ്രാചീനവ്യവസ്ഥിതി പാശ്ചാത്യരീത്തുകാരും തീക്ഷ്ണമതികളുമായ ജെസ്വീററു ആർച്ചുബിഷപ്പന്മാക്കു രുചിച്ചില്ല. അവരുടെ ദൃഷ്ടിയിൽ അക്കദിയാക്കോൻ, മെത്രാപ്പോലീത്തായുടെ "നിഴൽ" മാത്രമായിരുന്നു. അദ്ദേഹത്തെ ആക്കാനും നീക്കാനും, ശിക്ഷിക്കാനും, രക്ഷിക്കാനും രൂപതാധികാരിക്കു കഴിവുണ്ടെന്നായിരുന്നു അവരുടെ ബോദ്ധ്യം. അന്നത്തെ മാർത്തോമ്മാ അക്കദിയാക്കോനും ഗാർസ്യാ മെത്രാപ്പോലീത്തായുമായി അധികാരപ്രയോഗം സംബന്ധിച്ചു പിശകി നീരസമായി കഴിഞ്ഞുകൂടിയിരുന്നു. ആ അവസരത്തിൽ അക്കദിയാക്കോൻെറ എഴുത്തുകുത്തിൻെറ ഫലമായി, മൈലാപ്പൂരിൽ, ഇഗ്നാത്തിയോസ് അഹത്തള്ള എന്ന പേരിൽ പാത്രിയക്കീസ്നാമം സ്വയം വഹിച്ചിരുന്ന ഒരു മേൽപട്ടക്കാരൻ വന്നിറങ്ങി. അദ്ദേഹത്തെ പോർട്ടുഗീസുകാർ കൊച്ചിയിൽ കൊണ്ടുവന്നു കടലിൽ കെട്ടിത്താഴ്ത്തിക്കൊന്നു എന്നു് ഒരു ജനശ്രുതി എങ്ങനെയോ പൊങ്ങി. വാസ്തവത്തിൽ ഈ മേല്പട്ടക്കാരനെ അവർ യൂറോപ്പിലേക്കു് കൊണ്ടുപോയവഴി, അദ്ദേഹം ഫ്റാൻസിൽവച്ചു മരിക്കുകയാണ ചെയ്തതു്. തെററിദ്ധാരണയും നൈരാശ്യവും ദുരഭിമാനവുംമൂലം മതിമറന്നുപോയ കേരളനസ്രാണി ജനസമൂഹം അപ്പോൾ മട്ടാഞ്ചേരിപ്പള്ളിയിലേക്കോടിക്കൂടി കൂനൻകുരിശിൽ ആലാത്തുകെട്ടി അതിൽ തൊട്ടു ഒരു സത്യം ചെയ്തു. അതിൻപ്രകാരം നസ്രാണിജനം പോത്തുഗീസു് ജെസ്വീററുമെത്രാന്മാരുടെ കീഴിലിരിക്കുന്നതല്ലെന്നു ശപഥംചെയ്തു. എന്നാൽ അവർ റോമ്മാ ഐക്യത്തെയോ കത്തോലിക്കാവിശ്വാസത്തെയോ അതുവരെയും വിട്ടുപേക്ഷിച്ചില്ല.

മേൽവിവരിച്ച കാൎയ്യങ്ങളാണ് 1599-ലെ ഉദയംപേരൂർ സൂനഹദോസുമുതൽ 1653-ലെ കൂനൻകുരിശുവരെ സംഭവിച്ചിട്ടുള്ളതു്. ഈ സംഭവങ്ങൾ നിവ്വികാരമായി വിവരിക്കുവാൻ കേരളത്തിലെ സുറിയാനിക്രിസ്ത്യാനികളിൽ പലക്കും ഇപ്പോഴും സാധിക്കുകയില്ല. അവരുടെ ജാതീയാഭിമാനം അത്രയ്ക്കുണ്ടു്. അതു സ്വാഭാവികവുമാണ്. പോത്തുഗീസ്ബന്ധമുള്ളവക്കും ഈ കാൎയ്യങ്ങൾ പറയുമ്പോൾ വലിയ മനക്ഷോഭമുണ്ടാകാറുണ്ടു്. പക്ഷെ നിവ്വികാരവും നിഷ്പക്ഷവുമായ മനോഭാവം വിജയകരമായ ചരിത്രചച്ച്യക്കും യഥാത്ഥമായ സത്യാന്വേഷണത്തിനും ആവശ്യമാണ്. അപ്രകാരമുള്ള മനോഭാവത്തോടുകൂടി 1599-നും 1653 നും ഇടയ്ക്കുള്ള കേരളസഭാചരിത്ര സംഭവങ്ങളെ പരിശോധിച്ചാൽ താഴെ പറയുന്ന സംഗതികൾ വിശദമാകും.

1. പോത്തുഗീസുകാരുടെ വരവുകാലത്തു്, മലങ്കരസഭയെ ഭരിച്ചിരുന്ന സുറിയാനിമെത്രാന്മാർ റോമാഐക്യത്തിൽ പെട്ടവരായിരുന്നു.

2. പോത്തുഗീസു്വൈദികരും അൽമായരും മലങ്കരസഭയെ ഒരു സഹോദരകത്തോലിക്കാസഭയായി പരിഗണിച്ചിരുന്നു.

3. കൂനൻകുരിശിൽചെയ്ത ശപഥം പറങ്കികളായ ജസ്വീററു് മെത്രാപ്പോലീത്താമാരോടായിരുന്നു. റോമായിലെ മാർപ്പാപ്പായോടല്ലായിരുന്നു.

4. ആ ശപഥത്തിൻെറ ഉല്പത്തിതോമാഅക്കദയാക്കോനും ആർച്ചുബിഷപ്പു് ഗാർസ്യയും തമ്മിലുള്ള അധികാരവടംവലിമൂലമുണ്ടായ സാഹചൎയ്യങ്ങളിലായിരുന്നു. അജ്ഞതയും തെററിദ്ധാരണയും, പറങ്കികളോടുള്ള വെറുപ്പും, ജാതീയദുരഭിമാനവും ദുർവാശിയും മററു പ്രധാനകാരണങ്ങളായി ഭവിച്ചു.

ആകയാൽ പണ്ടെങ്ങാണ്ടു നടന്ന കൂനൻകുരിശുസത്യത്തെ വീറോടെ മുറുക്കിപ്പിടിച്ചുകൊണ്ടു്, പരിശുദ്ധവും കാതോലികവും അപ്പസ്തോലികവുമായ ഏക സത്യസഭയിൽനിന്നു മാറിനടന്നുകളയാമെന്നു് ആരെങ്കിലും വ്യാമോഹിക്കുന്നപക്ഷം അതിൽ കൂടുതൽ ഭോഷത്വം വേറൊന്നുമില്ല. പണ്ടെങ്ങാണ്ടു ചത്ത ഒരു എലിയെ തോല്പിച്ചു് ആരെങ്കിലും തൻെറ പിതാക്കന്മാരുടെ ഭവനത്തിൽ പ്രവേശിക്കാതിരിക്കുമോ?


# വിശുദ്ധപത്താം പീയൂസിൻെറ

അതിമനോഹരമായ

ത്രിവർണ്ണചിത്രം

സൈസ് 13½ ഇഞ്ച് × 9 ഇഞ്ച്

—നല്ല ആർട്ട്പേപ്പർ—

ഒന്നിനു് 4 അണ.

10-ൽ കൂടുതൽ ¼ കമ്മീഷൻ.

മാർ ലൂയീസ് മെമ്മോറിയൽ പ്രസ്സ്, എറണാകുളം-1

# വിവിധവൃത്താന്തങ്ങൾ

### മാർപ്പാപ്പായുടെ പ്രസംഗങ്ങളുടെ

## വിഷയസൂചി

12-ാംപീയൂസ് മാർപ്പാപ്പായുടെ ഭരണത്തിലെ ആദ്യത്തെ 15 കൊല്ലങ്ങളിൽ അവിടുന്നു നിർവ്വഹിച്ചിട്ടുള്ള പ്രസംഗങ്ങളുടെയും റേഡിയോ പ്രഭാഷണങ്ങളുടെയും സമഗ്രമായ ഒരു വിഷയസൂചി വത്തിക്കാനിൽനിന്നു പ്രസിദ്ധം ചെയ്തിരിക്കുന്നു. പരിശുദ്ധപിതാവു നടത്തിയിട്ടുള്ള പ്രഭാഷണങ്ങളുടെ വൈപുല്യവും ചർച്ചചെയ്തിട്ടുള്ള വിഷയങ്ങളുടെ വൈവിദ്ധ്യവുംമൂലം ഏതാദൃശമായ ഒരു നിർദ്ദേശികാമാർഗ്ഗം അത്യന്താപേക്ഷിതമായിരിക്കുകയായിരുന്നു. "കൊൺസൊലാത്താ" വൈദികരുടെ ഒരു സംഘമാണ് ശ്രമകരമായ ഈ കൃത്യം സാധിച്ചിട്ടുള്ളത്. വിഷയസൂചി 600 പക്ഷങ്ങളുള്ള ഒരു ഗ്രന്ഥമാണ്. മാർപ്പാപ്പായുടെ പ്രഭാഷണങ്ങളെ ഉള്ളടക്കി പ്രസിദ്ധീകരിച്ചിട്ടുള്ള ഔദ്യോഗികവാർഷികഗ്രന്ഥങ്ങളാണ് ഇതിനാധാരമായി സ്വീകരിച്ചിട്ടുള്ളത്. 16 വാല്യങ്ങളായി അവ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. തീർന്നുപോയിട്ടുള്ള ചില ആദ്യവാല്യങ്ങൾ ഇപ്പോൾ പുനഃപ്രസാധനം ചെയ്തിട്ടുമുണ്ട്.

### മാർപ്പാപ്പാ തിരുമേനി

## തൊഴിലാളി സൗഖ്യം ആരായുന്നു

ബെൽജിയത്തിൽ ലീജ് എന്ന സ്ഥലത്തെ ഒരു സംഘം ലോഹത്തൊഴിലാളികൾ പരിശുദ്ധ മാർപ്പാപ്പായെ സന്ദർശിച്ചു. "നിങ്ങളുടെ സുഖദുഃഖങ്ങളും പ്രത്യാശകളും നിങ്ങളിൽനിന്നുതന്നെ നേരിട്ടറിയുന്നതിനും നിങ്ങളോട് സ്നേഹത്തിന്റെയും പ്രോത്സാഹനത്തിന്റെയും ഒരു വാക്കു പറയുന്നതിനും നമുക്കതിയായ ആഗ്രഹമാണുള്ളത്," എന്നു പറഞ്ഞാണ് അവിടുന്നവരെ സ്വാഗതം ചെയ്തത്. അവക്കു ജനിച്ചുവളരുന്നതിനു ഭാഗ്യമുണ്ടായ സത്യമതത്തിൽനിന്നവരെ വ്യതിചലിപ്പിക്കുന്ന യാതൊരു ശക്തിക്കും വഴങ്ങിക്കൊടുക്കരുതെന്നും, ലോകത്തിൽ കൂടുതൽ നീതിപൂർവ്വകവും, ഉദാരതരവും, സാഹോദര്യാസ്പദവുമായ സംസ്കാരം കെട്ടിപ്പടുക്കുന്നതിൽ എല്ലാ തൊഴിലാളികൾക്കും സഹകരിക്കുവാൻ കടമയുണ്ടെന്നും തിരുമേനി പ്രസ്താവിച്ചു. അവക്കു സാമ്പത്തികമായ അഭിവൃദ്ധിയും, നിസ്വാർത്ഥപൂർവ്വകമായ സമാധാനവും ആനന്ദവും, ഉണ്ടാകുന്നതിനും അതു അവരുടെ കുടുംബങ്ങളിലും ജോലിസ്ഥലങ്ങളിലും കൂടുതൽ കൂടുതൽ പ്രശോഭിക്കുന്നതിനും അവിടുന്നു ദൈവത്തെ പ്രാർത്ഥിച്ചുകൊണ്ടാണ് സംഭാഷണമവസാനിപ്പിച്ചത്.

## 8 ലക്ഷം കുട്ടികൾക്കു ഉല്ലാസം

### മാർപ്പാപ്പായുടെ പേർക്കു

ഇററലിയിൽ വേനൽക്കാല വിശ്രമത്തിനും ഉല്ലാസത്തിനും കൊതിച്ചുകഴിയുന്ന 8 ലക്ഷം പാവപ്പെട്ട കുട്ടികളെ ഈ വേനൽക്കാലത്തു ദുസ്സഹമായ നഗരാന്തരീക്ഷത്തിൽനിന്നു കടലോരങ്ങളിലേക്കും മററു വിശ്രമകേന്ദ്രങ്ങളിലേക്കും കൊണ്ടുപോയി നാലാഴ്ചത്തെ ഉല്ലാസം നൽകുന്നതിനു പരിശുദ്ധമാർപ്പാപ്പായുടെ പോൺറിഫിക്കൽ അസിസ്റ്റൻസ് ഓർഗാനിസേഷൻവഴി ശട്ടംകെട്ടുകൾ ചെയ്തുകൊണ്ടിരിക്കുന്നു. സംഘടനയുടെ നിയന്ത്രണത്തിലുള്ള 3000 ക്യാമ്പുകൾ ഇതിനുവേണ്ടി ഉപയോഗപ്പെടുത്തുന്നതാണ്. വത്തിക്കാൻവക ബസ്സുകൾ ഓരോ ക്യാമ്പുകളിലേക്കും കുട്ടികളെ കൊണ്ടുപോയാക്കുന്നതാണ്. ഓരോ ഇടവകകളിൽനിന്നും പാവപ്പെട്ടവരും ആരോഗ്യം കുറഞ്ഞവരും വിശ്രമം ഏററം അത്യാവശ്യപ്പെട്ടവരുമായ കുട്ടികളെ ഇടവകവൈദികരുടെ നേതൃത്വത്തിൽ തിരഞ്ഞെടുക്കുന്നതാണ്. പ്രതിദിനം 465 പേരെ വീതം ക്യാമ്പുകളിലേക്കു കൊണ്ടുപോകും. ക്യാമ്പിലെത്തിയാലുടൻ ഇററാലിയൻ ദേശീയപതാക ഉയർത്തലും ദേശീയഗാനാലാപവുമാണ് നടക്കുക. ആനന്ദകരമായ വിശ്രമജീവിതപരിപാടികൾ അതോടെ സമാരംഭിച്ചുകഴിയും. ഓരോ ക്യാമ്പിലും സാധാരണ ഒരു വൈദികനും അഞ്ചു കന്യാസ്ത്രീകളും 19 അൽമായരും കുട്ടികളുടെ കാര്യത്തിൽ മേൽനോട്ടം വഹിക്കുന്നതാണ്. ക്യാമ്പിന്റെ വലിപ്പചെറുപ്പം അനുസരിച്ചു സ്റ്റാഫ് 10 മുതൽ 80 വരെ ആളുകൾ ഉൾപ്പെടുന്നതായിരിക്കും. ശാരീരികവും ആദ്ധ്യാത്മികവുമായ വലിയ ഗുണമാണ് ബാലലോകത്തിനു ഈ പദ്ധതിമൂലം സിദ്ധിക്കുക.

### സ്വർഗ്ഗാരോപണം ഭദ്ധാനത്തിൽ

## പ്രോട്ടസ്റ്റന്റു പള്ളികൾ

1950-ൽ തിരുസഭ കന്യകമറിയത്തിന്റെ സ്വർഗ്ഗാരോപണം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചപ്പോൾ അതിനെതിരായി ഏററവും കൂടുതൽ സ്വരമുയർത്തിയതു കാന്റർബറിയിലേയും യോർക്കിലേയും ആംഗ്ലിക്കൻ മെത്രാന്മാരായിരുന്നുവല്ലോ. ഈ പ്രഖ്യാപനം ഒരു നവീകരണമാണെന്നും അതു ക്രിസ്ത്യൻ ഐക്യത്തിനു പ്രതിബന്ധമാകുമെന്നുമായിരുന്നു അവരുടെ വാദം. ക്രോക്ക് ഫോർഡിന്റെ ആംഗ്ലിക്കൻ ഡിറക്ടറിയെ അധാരമാക്കി ലിഡ്സിലെ കത്തോലിക്കരുടെ ഒരു സംഘം നടത്തിയ പര്യവേക്ഷണങ്ങളുടെ ഫലമായി 24 ആംഗ്ലിക്കൻ ദേവാലയങ്ങൾ മറിയത്തിന്റെ സ്വർഗ്ഗാരോപണാഭിധാനത്തിൽ സ്ഥാപിതങ്ങളാണ് എന്നു വെളിവാക്കിയിരിക്കുന്നു. പല ദേവാലയങ്ങളുടേയും പ്രതിഷ്ഠ വിശദമാകാത്തതുകൊണ്ടു വേറെയും ദേവാലയങ്ങൾ ഉണ്ടാകുമെന്നവർ ന്യായമായി അനുമാനിക്കുന്നു. മതവിപ്ലവകാലത്തിനുമുമ്പുതന്നെ സ്വർഗ്ഗാരോപണസത്യം എത്ര പ്രചുരപ്രചാരത്തിലിരുന്നു എന്നുള്ളതു വ്യക്തമാകുന്നുണ്ടല്ലോ.

## വത്തിക്കാൻ കലാമൂല്യങ്ങൾ

### സമുദ്ധരിക്കപ്പെടുന്നു

428 കൊല്ലങ്ങൾക്കപ്പുറം റോമാ ആക്രമിച്ച ശത്രുക്കളാൽ നാശമോശമാക്കപ്പെട്ട പ്രസിദ്ധ ശില്പകലാകാരനായ റാഫേലിന്റെ ശില്പവേലകളിൽപ്പെട്ട 30 ചിത്രങ്ങളും മറേറതാനും "ഫ്റെസ്കോ" വേലകളും പുതിയ സമുദ്ധാരണപദ്ധതികൾമൂലം കുറവുകൾ തീർത്ത് മനോഹരമാക്കപ്പെട്ടിരിക്കുന്നു. ചരിത്രപരമായി അമൂല്യങ്ങളായ പുരാതനശില്പങ്ങളെ സംരക്ഷിക്കുന്നതിനുള്ള പരിശ്രമങ്ങൾ തുടർന്നുകൊണ്ടിരിക്കുകയാണ്.


## For favours received



Rev. Sr. Alphonsa,
pray for us
Excuse for delay
Inserted by
Paul Puthusery,
Mookkanncor


## വൈദികന്റെ ചരമം

കടമ്മനിട്ട കത്തോലിക്കാപള്ളി വികാരി റവ. ഫാദർ പി. സി. വറുഗീസ്, പുത്തൻപുരയ്ക്കൽ പ്രമേഹസംബന്ധമായ സുഖക്കേടുമൂലം 63-ാമത്തെ വയസ്സിൽ അന്ത്യകൂദാശകൾ എല്ലാം സുബോധത്തോടെ സ്വീകരിച്ച് 16-ാംനു ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം പിറേറദിവസം ഉച്ചകഴിഞ്ഞു 2 മണിക്കു തിരുവല്ലാ മെത്രാൻ നി. വ. ദി. ശ്രീ മാർ അത്തനാസിയോസ് തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിലും, തിരുവനന്തപുരം അതിരൂപതാ അഡ്മിനിസ്ട്രേറർ വെരി റവ. ഫാദർ സി. റി. കുരുവിള, ഡൊമസ്റ്റിക്ക് പ്രീലേററ് ചേപ്പാട്ട് പീലിപ്പോസ്റമ്പാൻ, റവ. ഫാ. ഫിലിപ്പ് പടന്താളിൽ, തുടങ്ങി അനേകം വൈദികരുടെ സഹകാർമ്മികത്വത്തിലും നാനാജാതിമതസ്ഥരായ ഒരു വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിലു, അത്യാഡംബരപൂർവ്വം നടത്തപ്പെട്ടു. വിലാപയാത്ര ഒരു മണിക്കൂർകൊണ്ടാണ് ദേവാലയത്തിൽ എത്തിച്ചേർന്നത്. യാത്രാമദ്ധ്യേ ഹൈന്ദവരുടെ വകയായി വൈദ്യൻ ഗോപാലൻനായരും, സ്ഥലം ഗവ. ഹൈസ്കൂൾവകയായി ഹെഡ്മാസ്റ്റർ വി. ജി. സഖറിയാ അവർകളും ഓരോ "റീത്ത്" മൃതശരീരത്തിൽ സമപ്പിക്കയുണ്ടായി. പരേതന്റെ വസതിയിൽ വച്ച് എം. എൽ. ഏ. ശ്രീ എൻ. ജി. ചാക്കോ അവർകളും, വ. ദി. ശ്രീ ചേപ്പാട്ട് പീലിപ്പോസ് റമ്പാൻ അവർകളും, ദേവാലയത്തിൽവെച്ചു മാർ ഈവാനിയോസ് കോളേജ് പ്രിൻസിപ്പാൾ റവ ഡോക്ടർ എൽ. എ. തോമസ് അവർകളും ചരമപ്രസംഗങ്ങൾ നടത്തി.

പരേതൻ 21 വർഷംമുമ്പ് യാക്കോബായസഭയിൽനിന്നും കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ടശേഷം മാർ ഈവാനിയോസുതിരുമേനിയോടുചേർന്നു നിന്നുകൊണ്ടു തിരുവനന്തപുരം അതിരൂപതയ്ക്കും കത്തോലിക്കാസഭയ്ക്കു പൊതുവേയും ഗണ്യമായ സേവനങ്ങൾ അനുഷ്ഠിച്ചിട്ടുണ്ട്. സ്വന്തഇടവകയായ കടമ്മനിട്ട കത്തോലിക്കാപള്ളിയിൽ ഇദ്ദേഹത്തിന്റെ പരിശ്രമഫലമായി ഇപ്പോൾ നൂറിൽപരം കുടുംബങ്ങൾ ഉണ്ട്. മററു പല പള്ളികളിലും വികാരിയായിരുന്നു സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. പരേതൻ ഒരു വലിയ പൊതുക്കാര്യപ്രവർത്തകനും എല്ലാ ജനവിഭാഗങ്ങളുടേയും സ്നേഹബഹുമാനങ്ങൾക്കു പാത്രീഭൂതനുമായിരുന്നു. സ്ഥലത്തുള്ള പല റോഡുകളും, ഹൈസ്കൂൾ, ഡിസ്പെൻസറി, പബ്ളിക്ക് മാർക്കററ് എന്നിവയും ഇദ്ദേഹത്തിന്റെ സ്ഥിരപരിശ്രമഫലമായി ഉണ്ടായിട്ടുള്ളവയാണ്. ശവസംസ്കാരാനന്തരം പരേതന്റെ ഭവനത്തിൽവച്ചു അനവധി ആളുകൾക്ക് അന്നദാനം നടത്തുകയും ചെയ്തു.

R. I. P.

## ചരമവാർത്തകൾ

**ചാത്യാത്ത്:** സ്ഥലം പച്ചാളം പോസ്റ്റ്മാസ്റ്ററുടെ മാതാവ് ആഗസ്റ്റ് 13-ാംനു നിര്യാതയായി. ശവസംസ്കാരം വൈകുന്നേരം റവ. മോൺ. ഫ്റാൻസിസ് ചമ്മണി അവർകളുടെ പ്രധാനകാർമ്മികത്വത്തിലും മററു പല വൈദികരുടെ സഹകാർമ്മികത്വത്തിലും ഒട്ടേറെ ബന്ധുമിത്രാദികളുടെ സാന്നിദ്ധ്യത്തിലും ചാത്യാത്ത് പള്ളി സിമിത്തേരിയിൽ യഥാവിധി നടത്തപ്പെട്ടു.

**മാമ്മൂട്:** ഈയിടവക പാലാക്കുന്നേൽ പുത്തൻപുരയിൽ പി. സി. ജോസഫ് B. Sc. B. T. തന്റെ 31-ാമത്തെ വയസ്സിൽ തിരുവനന്തപുരം മെഡിക്കൽ കോളജ് ഹോസ്പിററലിൽ വച്ച് വാതസംബന്ധമായ രോഗം നിമിത്തം നിര്യാതനായിരിക്കുന്നു.

**ചെല്ലാനം:** കണ്ടക്കടവു സെൻറ് ഫ്റാൻസിസ് ഫൊറോനാപള്ളി എടവക അറക്കൽ ശ്രീമതി തെരേസാ ആഗസ്റ്റ് 15-ാംനു 101-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചു. പരേതയുടെ ഭർത്തൃസഹോദരപുത്രൻ റവ. ഫാ. ജോർജ്ജ് അറക്കൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിലും ദർശനസമൂഹങ്ങളുടെയും നാനാജാതിമതസ്ഥരായ ഒരു വലിയ ജനക്കൂട്ടത്തിന്റെയും സാന്നിദ്ധ്യത്തിലും കണ്ടക്കടവു പള്ളി സിമിത്തേരിയിൽ പ്രത്യേകം തയ്യാർചെയ്തിരുന്ന കബറിടത്തിൽ മൃതദേഹം സംസ്കരിക്കപ്പെട്ടു.

R. I. P.


E. C. & Co. JEWELLERS.

സ്വർണ്ണാഭരണവ്യാപാരം

വാഴക്കുളം

ശരി തൂക്കം, ശരി മാററ്, അന്നന്നത്തെ നിലവാരം

Prop ഇ. സി. നാരായണനാചാരി

(ഇഞ്ചിക്കണ്ടത്തിൽ)



## സ്വർഗ്ഗരാജ്ഞി

ദേവമാതാവിന്റെ സ്ഥാനങ്ങളും വരങ്ങളും, അവയുടെ വിശദീകരണവും, സംശയനിവാരണവും, സംബന്ധിച്ച് വെ. റവ. മോൺ. ജേക്കബ്ബ് നടുവത്തുശേരി അവർകൾ സത്യദീപത്തിൽ തുടർച്ചയായി എഴുതിയിരുന്ന ലേഖനങ്ങളുടെ സമാഹാരമായി, ക്രൗൺ എട്ടിലൊന്നു സൈസിൽ, നൂറു പേജിൽ കമനീയമായി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഈ ഗ്രന്ഥത്തിനു വില 6 ണ മാത്രം.

കച്ചവടക്കാക്കു പത്തിനു രണ്ടു കമ്മീഷൻ.

ആവശ്യപ്പെടുക:

മാർ ളൂയീസ് മെമ്മോറിയൽ പ്രസ്, എറണാകുളം-1



സത്യദീപം വരിസംഖ്യ

പ്രതിവർഷം

| | |
|---|---|
| ഇൻഡ്യയിൽ | ക. 6—8—0 |
| ഇൻഡ്യക്കു പുറമെ | " 8—12—0 |




# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 29 | ERNAKULAM, AUGUST 24 | No. 3


## മെത്രാപ്പോലീത്താതിരുമനസ്സിലെ നാമകാരണത്തിരുനാൾ

കേരളസുറിയാനി ഹയരാർക്കിയുടെ അധിനാഥനും എറണാകുളം അതിരൂപതയുടെ അഭിവന്ദ്യ മെത്രാപ്പോലീത്തായുമായി വിരാജിക്കുന്ന മഹാവന്ദ്യ ദിവ്യശ്രീ കണ്ടത്തിൽ മാർ ആഗ്രസ്തീനോസ് തിരുമനസ്സിലെ നാമഹേതുകത്തിരുനാൾ ഹയരാർക്കിക്കു പൊതുവേയും എറണാകുളം അതിരൂപതയ്ക്കു പ്രത്യേകിച്ചും അളവറ്റ ഹൃദയാനന്ദം ചേർക്കുന്ന ഒരു ശുഭാവസരമാണ്. സത്യദീപത്തിനോ? അതിന്റെ ജനയിതാവിന്റെയും, രക്ഷാധികാരിയുടേയും, മാല്പവിച്ചന്റെയും ഈ തിരുനാൾ പുളകംചാർത്തുന്ന മംഗളമഹാമുഹൂർത്തമാണ്. ആഗസ്റ്റ് 28 എന്നെന്നും വിരാജിക്കട്ടെ!

സഹസ്രാബ്ദങ്ങളായി കേരളസുറിയാനി സമുദായത്തിനു നഷ്ടപ്പെട്ടിരുന്ന സ്വന്ത ഹയരാർക്കിയും മെത്രാപ്പോലീത്താപദവും വീണ്ടെടുത്ത ആധുനികസഭാചരിത്രത്തിൽ, അവിടുത്തെ പുരോഗാമിയായ കരിയാറ്റി മാർ യൗസേപ്പ് മെത്രാപ്പോലീത്തായെ അനുപദം അനുഗമിക്കുന്നതിനും അദ്ദേഹത്തിന്റെ ശ്രമകരമായ പ്രവർത്തനങ്ങളെ മുടിചൂടിക്കുന്നതിനും ഭാഗധേയം സിദ്ധിച്ചതു കണ്ടത്തിൽ മാർ അഗസ്റ്റിൻ തിരുമേനിക്കാണെന്നുള്ള വസ്തുത ചരിത്രപക്ഷങ്ങളെ എന്നെന്നും ശോഭായമാനമാക്കുന്ന സംഭവമാണ്. സ്വന്തം റീത്തുറപ്പിക്കൽ; പ്രഥമ ഏതദ്ദേശീയ ഇന്ത്യൻ ഹയരാർക്കിസ്ഥാപനം; ഏതദ്ദേശീയ മെത്രാപ്പോലീത്താസ്ഥാനമലംകരിക്കൽ; ചിരപ്രതീക്ഷിതമായ പുനരൈക്യസാഫല്യം; ഹയരാർക്കിയുടെ അതിർത്തിവികസനം; സ്വന്ത റീത്തിൽനിന്നു എവിടേയും മിഷനറിസേവനം നിർവ്വഹിക്കുന്നതിനുള്ള അവകാശസമ്പാദനം എന്നിങ്ങനെ എത്രയെത്ര ചരിത്രം സൃഷ്ടിക്കുന്ന നേട്ടങ്ങളാണ് തിരുമേനിയുടെ നേതൃത്വത്തിൽ, സഭയ്ക്കും സമുദായത്തിനുംവേണ്ടിയുള്ള അവിശ്രമ പരിശ്രമങ്ങളുടെ ഫലമായി കൈവന്നിട്ടുള്ളതെന്നു വർണ്ണിക്കുക അസാദ്ധ്യമാണ്.

കഴിഞ്ഞവർഷത്തിൽ പുണ്യവാനെന്നു ഔദ്യോഗികമായി നാമകരണം ചെയ്യപ്പെട്ട മാർപ്പാപ്പാ വി. പീയൂസ് പത്താമനാൽ മെത്രാൻ സ്ഥാനത്തേക്കുയർത്തപ്പെട്ട് ഇന്നു ജീവിച്ചിരിക്കുന്ന ചുരുക്കം പേരിൽ ഒരാളാണ് തിരുമേനി. തന്നെ മെത്രാനായി തിരഞ്ഞെടുത്ത മാർപ്പാപ്പാ ഒരു വിശുദ്ധനായി കാണുന്നതിൽ തിരുമേനിക്കുള്ള ഹൃദയാനന്ദം തികച്ചും അഭിനന്ദനാർഹമാണ്. തിരുസഭയുടെ അഭ്യുന്നതിക്കായി തിരുസിംഹാസനത്തോടൊത്തുനിന്നു തിരുമേനി നിർവ്വഹിച്ചിട്ടുള്ള മഹത്തായ സേവനങ്ങളെ യഥാവസരം പരിശുദ്ധ പിതാക്കന്മാർ അംഗീകരിച്ചനുമോദിച്ചതിന്റെ പ്രത്യക്ഷലക്ഷ്യങ്ങളാണ് അവിടുത്തെ ചരിത്രത്തിൽ ഉടനീളം കാണുന്ന ബഹുമതിലബ്ധികൾ. 1923-ൽ മെത്രാപ്പോലീത്തായായി തിരുമേനിയെ നിയമിച്ചു. 1936-ൽ അവിടുത്തെ മെത്രാൻപട്ടാഭിഷേകരജതജൂബിലി പ്രമാണിച്ച് "Assistant at the Pontifical Throne" "Domestic Prelate", "Roman Count" എന്നീ വിരളലബ്ധങ്ങളായ സ്ഥാനമാനങ്ങൾ തിരുമനസ്സിലേക്കു ദാനംചെയ്യപ്പെട്ടു.

സ്വസമുദായത്തിനുവേണ്ടിയുള്ള തിരുമനസ്സിലെ നിരന്തരമായ സേവനങ്ങളെ അഭിനന്ദിച്ചും അവയുടെ വിജയത്തിൽ അനുമോദിച്ചും പൗരസ്ത്യറീത്തുകളുടെ തിരുസംഘം സിക്രട്ടറിയും കർദ്ദിനാൾ ഡീനുമായ യൂജിൻ ടിസ്സരാങ്ങ് തിരുമേനി, അതിരൂപതാതിർത്തിവികസനം സംബന്ധിച്ച് ജൂലൈ 25-ാംനു മെത്രാപ്പോലീത്താ തിരുമേനിക്കയച്ച കത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ചിലഭാഗങ്ങൾ ഇത്തരുണത്തിൽ പ്രത്യേകം ശ്രദ്ധാർഹമായിരിക്കുന്നു. "ഈ കത്തും ഇതോടൊന്നിച്ചയക്കുന്ന നാലു ഡിക്രികളും തിരുമേനി വായിക്കുമ്പോൾ അങ്ങു ഇടയനടുത്ത ഹൃദയം അനുഭവിക്കുവാനിരിക്കുന്ന അത്യാനന്ദം വിഭാവനം ചെയ്യുവാൻ നമുക്കു കഴിയുന്നുണ്ട്. യഥാർത്ഥത്തിൽ, ചിരപ്രതീക്ഷിതമായ ഒരഭിലാഷം അവിടുത്തേക്കു സഫലമായിരിക്കുന്നു. അവിടുന്നു നിരവധി പ്രാവശ്യം നിവേദിപ്പിച്ചിട്ടുള്ളതും തുടർച്ചയായി അഭ്യർത്ഥിച്ചിട്ടുള്ളതുമായ ഒരു പദ്ധതിയുടെ പൂർത്തീകരണമാണ് ഇതുവഴി സാധിച്ചിരിക്കുന്നതു്. അതായതു്, അങ്ങു സൂക്ഷ്മത്തിനേല്പിച്ചിട്ടുള്ള വൈദികപ്രോവിൻസിന്റെ വിപുലീകരണം..........അതുകൊണ്ട്, അങ്ങു സമുദായത്തിന്റെ നന്മയ്ക്കുവേണ്ടി പരിപൂർണ്ണമായി ഉഴിഞ്ഞുവയ്ക്കപ്പെട്ടിരിക്കുന്ന അങ്ങു ജീവിതത്തിനു മകുടംചാർത്തുന്നതിനനുഗ്രഹിച്ച ദൈവത്തോട് ഒന്നാമതായി അങ്ങു കൃതജ്ഞനായിരിക്കുമെന്നു നമുക്കറിയാം. രണ്ടാമതായി, അങ്ങയുടേയും കേരളകത്തോലിക്കരുടേയും അഭിലാഷങ്ങളെ കരുണാപൂർവ്വം നിറവേറ്റിത്തന്നിട്ടുള്ള പരിശുദ്ധ മാർപ്പാപ്പായോടുള്ള പുത്രനിർവ്വിശേഷമായ നന്ദി പ്രകടിപ്പിക്കുന്നതിനും അങ്ങു ഓർമ്മിക്കാതിരിക്കയില്ലല്ലോ. അത്യഗാധമായ വാത്സല്യവായ്പോടെ." എന്നാണ് അത്യുന്നത കർദ്ദിനാൾ തിരുമേനസ്സിലെ കത്തിലെ സംഗതമായ ഭാഗം.

"വ്യക്തിപരമായി പറയുകയാണെങ്കിൽ, ഇക്കാര്യങ്ങളെല്ലാം സാധിച്ചുകിട്ടുന്നതിനു നമ്മുടെ സാമന്തമെത്രാന്മാരുടെ സഹകരണത്തോടുകൂടി നാം വളരെയെറെ പരിശ്രമിച്ചിട്ടുണ്ട്. ആ പരിശ്രമങ്ങളെല്ലാം സഫലമായതിൽ നാം പ്രത്യേകം ദൈവത്തോടു നന്ദിപറയുന്നു. നമ്മുടെ കീഴിലുള്ള ജനങ്ങളുടെ ആദ്ധ്യാത്മികപുരോഗതിക്കും ഇന്ത്യയിലെ ക്രൈസ്തവസഭയുടെ സുസ്ഥിതിക്കും ക്രമപ്രവൃദ്ധമായ വളർച്ചയ്ക്കും അവ യഥാർത്ഥത്തിൽ സഹായകമാകുമെന്നാണ് നമ്മുടെ ആത്മാർത്ഥമായ വിശ്വാസം" എന്നും "സാഹചര്യങ്ങളുടെ സമ്മർദ്ദംനിമിത്തം വ്യത്യസ്റീത്തുകളിൽപ്പെട്ടു നില്ക്കുവാൻ ഇടയായിട്ടുള്ള കത്തോലിക്കരെല്ലാവരും തിരുസഭയാകുന്ന ഏകമാതാവിന്റെ സന്താനങ്ങളാണെന്നോർത്തു ഏകോദരസഹോദരങ്ങളെപ്പോലെ വർത്തിക്കുവാൻ, കേരളസഭാമണ്ഡലത്തിലെ ഏററവും പ്രായംകൂടിയ വൈദികമേലദ്ധ്യക്ഷനെന്ന നിലയിൽ നാം എല്ലാവരോടും വിനയപൂർവ്വം അഭ്യർത്ഥിക്കുകയും വാത്സല്യപൂർവ്വം ഉപദേശിക്കുകയും ചെയ്യുന്നു" എന്നും മെത്രാപ്പോലീത്താ തിരുമേനി അവിടുത്തെ ആഗസ്റ്റ് 13-ാം തീയതിയിലെ ഇടയലേഖനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ചില ആശയങ്ങളുടെ ഗാംഭീര്യത്തേയും പ്രകടമാക്കിയിട്ടുള്ള അഭിലാഷങ്ങളുടെ മനോഹരതയേയും മനസ്സിലാക്കുന്നവർക്കറിയാം അവിടുത്തെ സേവനത്തിന്റെയും സ്നേഹത്തിന്റെയും മങ്ങാത്ത മാററ് എന്താണെന്നു്.

അരോഗദൃഢഗാത്രനായി തിരുമേനി നീണാൾ വിരാജിക്കുന്നതിനും, ദൈവമഹത്വത്തിനും മാനവസുസ്ഥിതിക്കുംവേണ്ടിയുള്ള അവിടുത്തെ വിലതീരാത്ത സേവനങ്ങളെ തുടരുന്നതിനും ദൈവം അനുഗ്രഹിക്കട്ടെയെന്നുള്ള ലക്ഷോപലക്ഷങ്ങളുടെ പ്രാർത്ഥനാശംസകൾ, സത്യദീപം സപ്രശ്രയം ഏററുപാടിക്കൊള്ളട്ടെ!

തിരുമേനിക്കു തിരുനാൾ മംഗളം!

## തിരുവനന്തപുരം സഹായമെത്രാൻ

### റൈററ് റവ. പീററർ ബർണ്ണാർഡ് പെരെയിര തിരുമേനി



### വിജയിപ്പൂതാക!

തിരുവനന്തപുരം രൂപതയുടെ സഹായമെത്രാനായി പരിശുദ്ധസിംഹാസനത്തിൽനിന്നും 1955 മേയ് 5-ാംനു കല്പിച്ചുനിയമിച്ച മോൺ. പെരെയിര തിരുമനസ്സിലെ മെത്രാഭിഷേകകർമ്മമാണ് ഇന്നു തിരുവനന്തപുരം സെൻറ് ജോസഫ്സ് കത്തീഡ്രൽദേവാലയത്തിൽവച്ചു സാഡംബരം നിർവ്വഹിക്കപ്പെടുന്നതു്. തിരുവനന്തപുരം മെത്രാൻ റൈററ് റവ. ഡോ. വിൻസെൻറ് ഡിരേരാ തിരുമേനിതന്നെയാണ് അവിടുത്തെ അനന്തരഗാമിയെ വാഴിക്കുന്നതു്. കോട്ടാർമെത്രാൻ റൈററ് റവ. ഡോക്ടർ ആഞ്ഞിസ്വാമി തിരുമേനിയും വിജയപുരം മെത്രാൻ റൈററ് റവ. ഡോക്ടർ ആംബ്രോസ് അബസലോ ഒ. സി. ഡി. തിരുമേനിയും സഹകാർമ്മികരായി, കേരളത്തിലെ എല്ലാ മെത്രാന്മാരുടേയും വൈദികപ്രമുഖരുടേയും ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരായ ഒരു ഗണനീയജനവ്യൂഹത്തിന്റെയും മദ്ധ്യേ തിരുക്കൊച്ചിയുടെ തലസ്ഥാനനഗരത്തിൽവച്ചു നടക്കുന്ന ഈ തിരുകർമ്മവും അതോടനുബന്ധിച്ച ആഘോഷപരിപാടികളും സർവ്വഥാ മംഗളകരമായിരിക്കുന്നുണ്ട്. ഒരു ദശവത്സരക്കാലം ക്രിസ്തുവിന്റെ മുന്തിരിത്തോപ്പിൽ പൗരോഹിത്യസേവനം സ്തുത്യർഹമാംവണ്ണം നിർവ്വഹിച്ചശേഷം ക്രിസ്തുവിന്റെ അപ്പസ്തോലഗണത്തിന്റെ അനന്തരാവകാശസ്ഥാനത്തേക്കു ഉയർത്തപ്പെടുന്നതിനുള്ള ഭാഗധേയം കൈവന്ന തിരുമേനിക്കു അവിടുത്തെ മെത്രാൻപദത്തിൽ ഭാസുരതരമായ വിജയങ്ങൾ ആശംസിക്കുന്നതിനു ഈ ശുഭാവസരത്തെ ഞങ്ങൾ ഉപയോഗപ്പെടുത്തിക്കൊള്ളുന്നു. അഭിനവാഭിഷിക്തൻ തിരുമേനി നീണാൾ വിരാജിക്കട്ടെ!

ഡോക്ടർ പെരെയിര തിരുമേനി 1917 ജൂൺ 27-ാംനു മുരിക്കുംപുഴ എന്ന സ്ഥലത്തു ഭൂജാതനായി. പ്രാഥമികവിദ്യാഭ്യാസം സ്വദേശത്തും ഉപരിവിദ്യാഭ്യാസം കൊല്ലം സെൻറ് അലോഷ്യസ് ഹൈസ്കൂളിലും നിർവ്വഹിച്ചു. ഉടനെ വൈദികപഠനം 1933-ൽ മൈനർസെമ്മിനാരിയിലും 1937-ൽ മേജർസെമ്മിനാരിയിലും ആരംഭിച്ചു. 1944 മാർച്ച് 25-ാം തീയതിയാണ് തിരുമേനി വൈദികപട്ടം സ്വീകരിച്ചതു്. ഇടവകവൈദികനെന്ന നിലയിൽ ചുള്ളിമാനൂർ ഇടവകയിൽ അദ്ദേഹം തന്റെ പ്രശസ്തസേവനമാരംഭിച്ചു. സേവനരംഗത്തിൽ അദ്ദേഹത്തിന്റെ വിജയം അസൂയാവഹമായിരുന്നുവെന്നു പറയാം. ഇടവകജനങ്ങളുടെ സ്നേഹപിതാവായും നാനാജാതിമതസ്ഥരുടെ കണ്ണിലുണ്ണിയും ആപ്തമിത്രവുമായും അദ്ദേഹം വിരാജിച്ചിരുന്നു. പ്രകൃതിസിദ്ധമായ അദ്ദേഹത്തിന്റെ വശീകരണശക്തിയും, ത്യാഗനിഷ്ഠമായ സേവനതല്പരതയും ക്രിസ്തുവിന്റെ ദൗത്യത്തേയും മഹദാദർശത്തേയും എവിടേയും വ്യഞ്ജിപ്പിക്കുന്നതിനു പോരുന്നവയാണ്. "പുരോഹിതൻ, ഇതരക്രിസ്തു"വെന്നുള്ള ആപ്തവാക്യത്തെ അന്വർത്ഥമാക്കി ജീവിച്ചതുകൊണ്ട് അദ്ദേഹത്തെ സമീപിക്കുന്ന ഏതൊരു വ്യക്തിക്കും ക്രിസ്തുവിന്റെ ജീവിതമാധുരി അവിടുത്തെ പക്കൽനിന്നാസ്വദിക്കുന്നതിനു സാധിച്ചിരുന്നു. ക്രിസ്തുവിന്റെ അപ്പസ്തോലപാരമ്പര്യത്തിലും ചൈതന്യത്തിലും കൂടുതൽ പ്രോജ്വലമായി പ്രശോഭിക്കുന്നതിനു തിരുമേനിയെ അവിടുത്തെ മെത്രാൻപദത്തിൽ ദൈവം നീണാൾ അനുഗ്രഹിക്കട്ടെ.

## പ്രസാധകക്കുറിപ്പുകൾ

### പത്രപ്രവർത്തന സ്വാതന്ത്ര്യം


നാൻസി എന്ന സ്ഥലത്തു ആചരിക്കപ്പെട്ട ഫ്രഞ്ചുസാമൂഹികവാരത്തിലേക്ക് പരിശുദ്ധ മാർപ്പാപ്പായുടെ പേർക്കു അവിടുത്തെ സബ്സ്റ്റിററ്യൂട്ട് സ്റ്റേററ് സിക്രട്ടറിയായ മോൺസിഞ്ഞോർ ആഞ്ചെലോ ദെൽ ആക്വാ അയച്ചുകൊടുത്ത ഒരു സന്ദേശത്തിൽ ക്രിസ്ത്യാനികൾ പത്രപ്രവർത്തനസ്വാതന്ത്ര്യത്തെ സംരക്ഷിക്കുന്നതിനു പ്രത്യേകം ശ്രദ്ധാലുക്കളായിരിക്കണമെന്നുൽബോധിപ്പിച്ചിരിക്കുന്നു:- "പ്രസിദ്ധീകരണങ്ങളെ സാമ്പത്തികശക്തികൾക്കോ, വാർത്താവിതരണ ഏജൻസികളുടെ പക്ഷപാതപരമായ പ്രവർത്തനങ്ങൾക്കോ, പൊതുജനങ്ങളുടെ നീതിവിരുദ്ധമോ അന്യായപരമോ തന്മൂലം അനാരോഗ്യദായകമോ ആയ മുറവിളികൾക്കോ അടിയറവയ്ക്കാതെ സംരക്ഷിക്കുന്നതിൽ ക്രിസ്ത്യാനികൾ തീക്ഷ്ണമതികളായിരിക്കണം. മുദ്രാലയത്തിന്റെ സ്വാതന്ത്ര്യത്തെ സംരക്ഷിക്കുന്നതിനു സിവിൽ അധികാരത്തിനു ഒരു കർത്തവ്യമുണ്ട്. അതേസമയം, അപകടകരമായ അബദ്ധസിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുകയും ദുരാരോപണങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുകയും, സാമാന്യജനങ്ങളുടെ വികാരങ്ങളെ ഉദ്ദീപിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നവരുടെ അതിരുകടന്ന സ്വാതന്ത്ര്യങ്ങളെ നിയന്ത്രിക്കേണ്ടതും അതിന്റെ കടമയാണ്. വാർത്താവിതരണസൗകര്യവും, സ്റ്റേററിന്റെയോ പ്രത്യേക ഗ്രൂപ്പുകളുടേയോ സ്വാർത്ഥം സാധിക്കുന്നതിനു അവരുടെ നിയന്ത്രണത്തിൽ കേന്ദ്രീകരിക്കുന്നതിനിടയാകാത്തവണ്ണം നിയമസംരക്ഷണവും അവശ്യം ഉണ്ടാകണം. സേച്ഛാധിപത്യശക്തികളിൽനിന്നു ഈ തത്വത്തിനെതിരായ നിരവധി കയ്യേററങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്. അഭിപ്രായസ്വാതന്ത്ര്യത്തെ ബഹുമാനിക്കുന്നതിൽ സ്റ്റേററു മാതൃകയായിരിക്കേണ്ടതാണ്. പൊതുവഭിപ്രായം അതു രൂപവൽക്കരിക്കണം; അടിച്ചേൽപ്പിക്കരുതു്. സംരക്ഷിക്കണം; എന്നാൽ മർദ്ദനവിധേയമാക്കരുതു്. നയിക്കണം; പ്രത്യുത അടിമത്തത്തിലേക്കാകരുതു്. വാർത്തകളുടേയും വീക്ഷണാഗതികളുടേയും വിതരണത്തിനുള്ള സാങ്കേതികങ്ങളായ സാദ്ധ്യതകളും ഓരോ പൗരനിലും അവയെ വ്യക്തിപരമായി പ്രതിഫലിപ്പിക്കുന്നതിനുള്ള കഴിവും സമൃക്കായി പാലിക്കുന്നതിനെയാണ് പ്രധാനമായും ആധുനികസമുദായത്തിന്റെ ഭാവി ആശ്രയിച്ചിരിക്കുന്നതു്. ഒരു പത്രം എങ്ങിനെയാണ് വായിക്കേണ്ടതെന്നു

ഗ്രഹിക്കുക, ഒരു ചലച്ചിത്രത്തിന്റെ ഗുണദോഷങ്ങൾ ശരിയായി വിധിക്കുക, ഒരു നാടകത്തെ വിമർശിക്കുക, സ്ത്രീപുരുഷവ്യത്യാസങ്ങളെ അനാദരിക്കുന്നതിനെ വ്യഗ്രത കാണിക്കുന്നവർക്കെതിരായി ആത്മസംയമനത്തോടുകൂടി നിശ്ചയംചെയ്തു സ്വയം നിയന്ത്രിക്കുക മുതലായ കാര്യങ്ങൾ നമ്മുടെകാലത്തിന്റെ അടിയന്തിരാവശ്യങ്ങളായി തീർന്നിരിക്കുകയാണ്. മുൻകാലങ്ങളെ അപേക്ഷിച്ചു ഇന്നു മനുഷ്യൻ അവന്റെ ആദ്ധ്യാത്മികരംഗത്തിൽ വളരെ അധികമായി ഭീഷണിപ്പെടുത്തപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. അവനറിയാതെതന്നെ, വർത്തമാനപ്പത്രങ്ങളും, ചലച്ചിത്രങ്ങളും, റേഡിയോകളും, ടെലവിഷനുകളും മററും അവന്റെ മനസ്സാക്ഷിയെ രൂപവൽക്കരിച്ചുകൊണ്ടിരിക്കുന്നു. ഈ പ്രേരണാശക്തി എല്ലാ രംഗങ്ങളിലേക്കും, രാജ്യത്തിന്റെ ഏററം താണനിരപ്പുവരെയും നുഴഞ്ഞുകയറിക്കൊണ്ടിരിക്കുകയാണ്." ഇന്നത്തെ ജനതയുടെ സ്വഭാവരൂപവൽക്കരണത്തേയും മനസ്സാക്ഷിയുടെ പരിശീലനത്തേയും സ്പർശിക്കുന്ന പ്രേരണാശക്തികളുടെ ഒരു വിശദമായ ചിത്രീകരണമാണ് ഈ സന്ദേശം പ്രദാനം ചെയ്യുന്നത്. സർവ്വപ്രധാനമായ മുദ്രാലയപ്രവർത്തനവും അതോടനുബന്ധിച്ച സിനിമാ, റേഡിയോ മുതലായ വിനോദമാർഗ്ഗങ്ങളും ഏതുവിധത്തിൽ ജനക്ഷേമത്തിനുതകത്തക്കവണ്ണം വിനിയോഗിക്കപ്പെടണമെന്നുള്ള നിർദ്ദേശമാണ് ഈ സന്ദേശം ഉൾക്കൊള്ളുന്നത്.

X X X

## വിയററ്നാമിന്റെ പുതിയ പ്രശ്നം

വിയററ്നാമിന്റെ ഭാവിയെ സംബന്ധിച്ച് കഴിഞ്ഞകൊല്ലം ബ്രിട്ടനും ഫ്രാൻസും ഉത്തരവിയററ്നാം ഉൾപ്പെടെ കമ്മ്യൂണിസ്റ്റുകളുംചേർന്ന് ജനീവായിൽവച്ച് ഒരുടമ്പടി ഒപ്പിട്ടുവച്ചിട്ടുണ്ടല്ലോ. അതനുസരിച്ച് 1956 ജൂലൈമാസത്തിൽ വിയററ്നാമിൽ ഒരു പൊതുതിരഞ്ഞെടുപ്പു നടത്തണമെന്നും അതിനുള്ള പ്രാരംഭാലോചനകൾ ഒരുകൊല്ലം മുമ്പ്-കഴിഞ്ഞ ജൂലൈ 20-ാം തിയതി, സമാരംഭിക്കണമെന്നുമാണ് വ്യവസ്ഥചെയ്തിരിക്കുന്നത്. ദക്ഷിണവിയററ്നാം ഈ ഉടമ്പടിയെ അംഗീകരിക്കുന്നില്ല. അതിനു കാരണവുമുണ്ട്. ഒന്നാമതുതന്നെ ദക്ഷിണവിയററ്നാം ഉടമ്പടിയുടെ ഒരംഗമല്ല, അതിൽ സംബന്ധിക്കുകയോ ഒപ്പുവയ്ക്കുകയോ ഉണ്ടായിട്ടില്ല. രണ്ടാമതായി ഉത്തരവിയററ്നാം പ്രസ്തുത ഉടമ്പടിയിലെ മററു പ്രധാനവ്യവസ്ഥകളെ ഇന്നോളം നിറവേററിയിട്ടില്ല. ഉദാഹരണം, ഉത്തരവിയററ്നാംഭാഗത്തുനിന്നു ദക്ഷിണവിഭാഗത്തിലേക്കു കടന്നുപോകുവാൻ ഇഷ്ടപ്പെടുന്നവർക്കു സർവ്വസൗകര്യവും ചെയ്തുകൊടുക്കണമെന്നുള്ളത് അതിലെ ഒരു പ്രധാനവ്യവസ്ഥയാണ്. ഉത്തരവിയററ്നാം അധികാരികൾ അതുപ്രകാരം പ്രവർത്തിച്ചിട്ടില്ലായെന്നു മാത്രമല്ല, കടന്നുപോകുവാൻ ശ്രമിക്കുന്ന അഭയാർത്ഥികളെ ക്രൂരമായും മൃഗീയമായും പീഡിപ്പിക്കുകയും തടസ്സപ്പെടുത്തുകയുമാണ് ചെയ്തിട്ടുള്ളത്. അഭയാർത്ഥികളുടെ ഒരു ഭൂരിപക്ഷത്തെ ഇനിയും ഉത്തരവിയററ്നാമിൽ തടസ്സപ്പെടുത്തിനിർത്തിയിരിക്കുകയാണ്. അഭയാർത്ഥിപ്രശ്നത്തിന്റെ മേൽനോട്ടം വഹിക്കുന്ന ഇന്റർനാഷനൽ കമ്മീഷൻതന്നെയും ഇക്കാര്യത്തിൽ ക്ലേശിക്കുകയാണ്. കൂടാതെയും ഒരു തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കാവുന്ന ക്രമീകരണങ്ങളൊന്നും ദക്ഷിണവിയററ്നാമിനു ചെയ്തുതീർക്കുവാൻ സാവകാശം ലഭിച്ചിട്ടില്ല. അഭയാർത്ഥിലക്ഷങ്ങളെ രാജ്യത്തിൽ സ്വസ്ഥവും സുരക്ഷിതവുമായ പരിതസ്ഥിതികളിൽ അധിവസിപ്പിക്കുക, രാജ്യത്തുള്ള അരാജകശക്തികളുടെ വിളയാട്ടങ്ങളെ നിയന്ത്രിച്ച് ആന്തരികസമാധാനം സുസ്ഥിരമാക്കുക മുതലായ പ്രാഥമികസജ്ജീകരണങ്ങൾ പൂർത്തിയാക്കാതെ ഒരു പൊതുതിരഞ്ഞെടുപ്പിന്റെ പേരിൽ രാജ്യത്തെ ആത്മഹത്യാപരമായ കെണിയിൽ കൊണ്ടുപോയി ചാടിക്കണമെന്നും അപ്രകാരം ഉത്തരവിയററ്നാമിലെ കമ്മ്യൂണിസ്റ്റുകൾക്കു ദക്ഷിണവിഭാഗത്തെക്കൂടി കൈയടക്കുന്നതിനുള്ള അവസരം സൃഷ്ടിക്കണമെന്നുമാണ് ഈ ഉടമ്പടിവ്യവസ്ഥ നടപ്പാക്കണമെന്നു ശഠിക്കുന്നതിൽ കമ്മ്യൂണിസ്റ്റുകൾക്കുള്ള ആന്തരോദ്ദേശം. ഇന്ത്യ ഈ സാഹചര്യങ്ങളിൽ ഉടമ്പടി അക്ഷരാർത്ഥത്തിൽ പാലിക്കണമെന്നു ശഠിക്കുന്നതിന്റെ ഉദ്ദേശ്യം അവ്യക്തമായിരിക്കുന്നു. ഒരുപക്ഷേ ഉത്തരവാദിത്വത്തിൽനിന്നു തലയൂരിപ്പോരാനുള്ള ബദ്ധപ്പാടായിരിക്കാം. ഏതായാലും ബ്രിട്ടൻ റഷ്യയുമായി ചെയ്തിട്ടുള്ള ഒരൊത്തുതീർപ്പനുസരിച്ച് ഇപ്പോൾ രണ്ടുമാസത്തെ സാവകാശം അനുവദിച്ചിരിക്കുകയാണ്. ഇനിയും ഒരേറ്റുമുട്ടൽ കൂടാതെ വിയററ്നാം സമാധാനത്തിൽ എത്തിച്ചേരുമെന്നു പ്രതീക്ഷിക്കാം.


Sr. Alphonsa, I.C.

ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

പൈലി തോമസ്,
പിച്ചാട്ടുവീട്ടു, കോതമംഗലം

## അടുത്തയാഴ്ചയിൽ

ആഗസ്റ്റ്

25 വ്യാ: വി. ലൂവീസ്രാജാവ്
26 വെ: വി. സെഫിറീനോസ്
27 ശ: വി. യൗസേപ്പ് കലസാന്തീസ്
28 ഞാ: പന്തക്കുസ്താ 13-ാം ഞായർ
29 തി: വി. യോഹന്നാൻ മാംദാനായുടെ ശിരച്ഛേദം
30 ചൊ: വി. ഫെലിക്സും അദൗക്തൂസും
31. ബു: വി. റെയ്മണ്ടോസ്

# കത്തോലിക്കർ എന്തും വിശ്വസിക്കുന്നവരാണോ?

[വക്കീൽ സിറിയക്ക് കണ്ടത്തിൽ]

കത്തോലിക്കർ എന്തും വിശ്വസിക്കുന്ന ഒരു കൂട്ടരാണെന്നുള്ള ആരോപണം നാം പലപ്പോഴും കേൾക്കാറുണ്ട്. വസ്തുതകളെ ശരിയായി വിശകലനം ചെയ്യുന്നവർക്കൊക്കെ അറിയാം ഇതിൽ ലേശവും യാഥാർത്ഥ്യമില്ലെന്ന്.

മനുഷ്യരാശിയിലെ സകല വർഗ്ഗക്കാരും നിലക്കാരും വിഭാഗക്കാരും കത്തോലിക്കാസഭയിലെ അംഗങ്ങളാണ്. എല്ലാ രാജ്യക്കാരിലും വർഗ്ഗക്കാരിലും അന്ധവിശ്വാസമുള്ളവരായി കുറേപ്പേരെ കണ്ടേക്കാം. പക്ഷേ, പൊതുവെ പറയുമ്പോൾ കത്തോലിക്കരെപ്പോലെ അന്ധവിശ്വാസമില്ലാത്ത ഒരു ജനത ഭൂമുഖത്തു വേറെ ഇല്ലെന്നു തീർത്തുപറയാം. കത്തോലിക്കർ ലോകത്തിലേക്കുംവച്ചു വലിയ പഠിതാക്കളും കുശാഗ്രബുദ്ധികളുമാണെന്നുള്ളതാണ് പരമാർത്ഥം. പാണ്ഡിത്യത്തിൽ കത്തോലിക്കാതത്വശാസ്ത്രജ്ഞന്മാരോടും ദൈവശാസ്ത്രജ്ഞന്മാരോടും തുലനംചെയ്യത്തക്കശാസ്ത്രജ്ഞന്മാർ ഇല്ലെന്നുതന്നെ പറയാം. ഒരു തത്വശാസ്ത്രജ്ഞൻ കൂടിയായിരുന്ന പ്രസിദ്ധസാഹിത്യകാരനായ ഹില്ലയർ ബെല്ലക്ക് ഒരിക്കൽ എഴുതുകയുണ്ടായി, സയൻസ് തത്വശാസ്ത്രം തുടങ്ങിയ വിജ്ഞാനശാഖകളിൽ ഇത്ര അഗാധമായ ഗവേഷണം നടത്തിയിട്ടുള്ളവരായി കത്തോലിക്കരെപ്പോലെ മററാരും ഇല്ലെന്ന്. ഏതെങ്കിലും കത്തോലിക്കാതത്വശാസ്ത്രഗ്രന്ഥം ഇന്നുനോക്കുന്നവർക്ക് ഗ്രഹിക്കാൻ കഴിയും ലോകാരംഭംമുതൽ ആവിർഭവിച്ചിട്ടുള്ള സകല വിഭാഗക്കാരുടെ ചിന്താഗതികളും അതിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ടെന്ന്. അക്വിനാസിനെപ്പോലെ മഹാ ബുദ്ധിമാനായ ഒരു തത്വശാസ്ത്രജ്ഞനെ ലോകം ഇന്നുവരെ അറിഞ്ഞിട്ടുണ്ടോ എന്ന് സംശയമാണ്. അരിസ്റ്റോട്ടൽ, പ്ലേറേറാ, സോക്രട്ടീസ് എന്നുവേണ്ട തന്റെ മുന്നോടികളായ സകല ശാസ്ത്രജ്ഞന്മാരേയും അതിശയിക്കുന്ന കുശാഗ്രമതിയായ ഒരു കത്തോലിക്കാദൈവശാസ്ത്രജ്ഞനായിരുന്നു ഇദ്ദേഹം. മനുഷ്യബുദ്ധിയെ സ്പർശിക്കാവുന്ന സകല പ്രശ്നങ്ങളെയും ചർച്ചചെയ്തു വിമർശിച്ചിട്ടുള്ള അഗാധപണ്ഡിതനും വിജ്ഞാനശിരോമണിയുമാണിദ്ദേഹം. ഗംഭീരന്മാരായ ആധുനികശാസ്ത്രപടുക്കൾ ഉന്നയിക്കാവുന്ന ഒരു ഒററസംശയമോ വിഷയമോപോലും അക്വിനാസിന്റെ ഗ്രന്ഥത്തിൽ പ്രതിപാദിക്കാതെ വിട്ടിട്ടില്ല. കത്തോലിക്കാദൈവശാസ്ത്രജ്ഞന്മാരേയും തത്വശാസ്ത്രജ്ഞന്മാരേയും പോലെ യുക്തിയുക്തമായി ചിന്തിക്കുന്നവരെ ആർക്കും കാണാൻ കഴിയുകയില്ലെന്നു പറയുന്നതാണ് പരമാർത്ഥം.

കത്തോലിക്കരുടെ വൈദികകലാലയങ്ങളിലും മഹാവിദ്യാലയങ്ങളിലും ഓരോ വിവാദവിഷയവും എത്ര ഗഹനമായും കൂലംകഷമായും ചർച്ചചെയ്യപ്പെടുന്നുണ്ടെന്നറിയുമ്പോൾ സാധാരണക്കാർ വിസ്മയഭരിതരായിപ്പോകും. കത്തോലിക്കർ എന്തും വിശ്വസിക്കുന്നവരാണെന്നു വിചാരിക്കുന്നവർ സാധാരണക്കാരനായ ഒരു കത്തോലിക്കാവൈദികനെ സമീപിച്ചു നോക്കുമ്പോളറിയാം അവരുടെ സൂത്രവിദ്യകളൊന്നും അവിടെ ചെലവാകുകയില്ലെന്ന്. കത്തോലിക്കാവൈദികരുടെ യുക്തിയും വിജ്ഞാനവും സാമാന്യബുദ്ധിയും പ്രകീർത്തിതമാണ്. സഭാവൈരികളായ രാജധുരന്ധരന്മാർ പോലും അതു ഉന്നു സമ്മതിച്ചിട്ടുള്ള കാര്യമാണ്. സാധാരണക്കാരനായ ഒരു വൈദികൻ 9 കൊല്ലത്തെ പഠനവും ഗവേഷണവും പരിശീലനവും കഴിഞ്ഞാണ് വൈദികകലാലയത്തിൽനിന്നും പുറത്തുവരുന്നത്. ഇതിലും ചുരുങ്ങിയ കാലം കലാലയങ്ങളിൽ പഠിച്ചു ഓരോ ബിരുദങ്ങൾ നേടിക്കൊണ്ടു പുറത്തുവരുന്നവരേക്കാൾ പാണ്ഡിത്യമുള്ളവരാണ് തർക്കം, ശാസ്ത്രം, വേദാന്തം മുതലായ വിഷയങ്ങളിൽ പ്രാവീണ്യം നേടി ബിരുദങ്ങളൊന്നും കൂടാതെ വരുന്ന വൈദികർ എന്നുള്ള കാര്യം ഒട്ടുമിക്കവരും സ്മരിക്കാറില്ല. സാമാന്യജനതയുടെ ഇടയിൽ അബദ്ധാഭിപ്രായമോ മതഭ്രാന്തോ പിടിപെട്ടാൽ തന്നെയും അതിനൊന്നും ഒരു വൈദികനിൽ ലേശവും സ്വാധീനം ചെലുത്താൻ കഴിയുന്നതല്ല. വൈദികർ എന്തും വിശ്വസിക്കുന്ന കൂട്ടത്തിലല്ലെങ്കിൽ അവരുടെ അനുയായികളുടെ കാര്യം പിന്നെ പറയാനുണ്ടോ?

ഒന്നാമതായി, ഒരു മതവിഭാഗക്കാർ എന്ന നിലയിൽ കത്തോലിക്കർക്ക് ശരിയായ അടിസ്ഥാനപ്രമാണങ്ങളുണ്ട്. ഇതിനുംപുറമെ ലോകത്തിലേക്കുവച്ച് മാഹാത്മ്യമേറിയ ആദ്ധ്യാത്മികനേതൃത്വം അവർക്കുണ്ട്. ഇതിന്റെയെല്ലാം ഫലമായി പൊതുവെ ഈടേറിയ തെളിവുകളുടെ പശ്ചാത്തലത്തിൽ യുക്തിയുക്തമായി ചിന്തിച്ച് ശരിയായ നിഗമനത്തിൽ എത്തിച്ചേരുവാൻ കരുത്തുള്ളവരാണ് കത്തോലിക്കർ. അവരെ പഠിപ്പിക്കുവാനും പ്രബോധിപ്പിക്കുവാനും മാർഗ്ഗദർശനം ചെയ്യുവാനും കാര്യമായ നേതൃത്വമുണ്ട്. മതകാര്യങ്ങളിൽ പഠിപ്പിക്കുകയും നയിക്കുകയും ചെയ്യുന്നത് തെററാണോ? രാജ്യഭരണംചെയ്തികൾ അറിയാവുന്നവർതന്നെ ഇന്ന് എത്രപേരുണ്ട്. പലതിലും മററുള്ളവരുടെ മാർഗ്ഗദർശനമല്ലേ അവർക്ക് അവലംബം? ഈ നിലയ്ക്ക് ആദ്ധ്യാത്മികനേതൃത്വം നൽകുന്നതിൽ എന്താണബദ്ധം? രാഷ്ട്രീയകാര്യങ്ങളിൽ പോലും സ്വയം ചിന്തിക്കുന്നവർ എത്ര ശതമാനമുണ്ട്? നൂറിനു ഒരാൾ വീതമില്ലെന്നു പറയുന്നതായിരിക്കും ശരി. സ്വതന്ത്രമായി ചിന്തിക്കുവാൻ കഴിവുള്ളവരെന്നു കണക്കാക്കപ്പെടുന്നവരിൽതന്നെ യഥാർത്ഥത്തിൽ സ്വയം ചിന്തിക്കുന്നവർ വളരെ ചുരുക്കമാണ്. പലരും തങ്ങൾ വായിക്കുന്ന പുസ്തകങ്ങളിലേയോ പത്രങ്ങളിലേയോ ആശയങ്ങൾ പ്രകാശിപ്പിക്കുന്നവരാണ്. അവയെ ഹൃദിസ്ഥമാക്കിയതിനുശേഷം അവർ അതു സ്വന്തമെന്നു ഭാവിക്കുകയാണ്. ചിലരാകട്ടെ, തങ്ങളേക്കാൾ പഠിപ്പും യോഗ്യതയുമുള്ളവരുടെ അഭിപ്രായങ്ങൾക്കു വിലകല്പിക്കുന്നവരാണ്. പക്ഷേ കത്തോലിക്കർ ഏതെങ്കിലും ആശയം ഉൾക്കൊണ്ടാൽ അതു സുബദ്ധമാണെന്നു അവർക്കു സമാശ്വസിക്കാം. കാരണം തത്വശാസ്ത്രം, ദൈവശാസ്ത്രം, സയൻസ് ഇവയൊക്കെ സനിഷ്കർഷം പഠിച്ചതിനുശേഷമാണ് വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച് സഭ പ്രഖ്യാപനങ്ങൾ നടത്തുന്നത്. ബുദ്ധിപരമായി ഇത്രയൊ ചുഴിഞ്ഞു ചിന്തിക്കുന്ന പണ്ഡിതന്മാർ കത്തോലിക്കാസഭയിലെപ്പോലെ മറെറങ്ങും കാണുകയില്ല. ഇതിന്റെയെല്ലാം ഫലമായി കത്തോലിക്കർ അപഥസഞ്ചാരം ചെയ്യുന്നില്ല. അറുനൂറാണ്ടിനുമുമ്പ്, പരിണാമവാദത്തിൽ വിശ്വസിക്കാത്തവരൊക്കെ പിൻതിരിപ്പന്മാരും അജ്ഞരും ശാസ്ത്രവൈരികളുമാണെന്നു അപലപിക്കപ്പെട്ടിരുന്നു. അന്നും കത്തോലിക്കർ പരിണാമവാദത്തെ എതിർത്തു അബദ്ധമെന്നു വിധിയെഴുതിയിരുന്നു. ഇന്നാകട്ടെ, ജീവിച്ചിരിപ്പുള്ള മഹാ ശാസ്ത്രജ്ഞന്മാർപോലും പരിണാമവാദത്തിൽ വിശ്വസിക്കാത്തവരാണ്. ആകയാൽ "അജ്ഞരും ശുദ്ധഗതിക്കാരു"മായ കത്തോലിക്കരുടെ നിലപാടു അവഹേളനാർഹമല്ലെന്നു സ്പഷ്ടം. (തുടരും)

## സൗജന്യവിതരണഫണ്ടു

| | |
|---|---|
| കാഞ്ഞൂർ പള്ളി ക. | 13—0—0 |
| മി. പി. യു. കുര്യൻ, പ്ലാശേരിൽ, രാജപുരം | 6—8—0 |
| മി. വി. ജെ. ജോസഫ്, വാഴശ്ശേരിക്കൽ, എരുമാപ്രാമററം | 6—8—0 |

## വിനോദവേദി

കരയുന്ന കുട്ടിയെ കളിപ്പിക്കുവാൻ കുട്ടിയുടെ അപ്പൻ കുട്ടിയെ എടുത്തുകൊണ്ടുനടക്കുകയാണ്. അതു ശീഠിക്കരയുന്നു.

അപ്പൻ:- വക്കി, നീ ദേഷ്യപ്പെടല്ലേ! (ആത്മഗതം)

കുഞ്ഞു്:- മീ—മീ—മീ—

അപ്പൻ:- വക്കി, നീ കൈയെടുത്തെറിയല്ലേ!

കുഞ്ഞു്:- മീ—മീ—

ഇതെല്ലാംകണ്ടു അതുവഴിയെ കടന്നുപോയ ഒരു സ്ത്രീ അവരെ സമീപിച്ച് അപ്പന്റെ ക്ഷമാശീലത്തേയും കുട്ടികളോടു ശാന്തമായി പെരുമാറുന്നതിനുള്ള പാടവത്തേയും പ്രശംസിച്ചു. അനന്തരം കുട്ടിയുടെ തലയിൽ തടവിക്കൊണ്ടു പറഞ്ഞു: "വക്കി, നീയെന്തിനാ കരയുന്നതു മോനേ?"

അപ്പൻ:- "അയ്യോ, അതിന്റെപേരു മേരിയെന്നാണ്. വക്കിയെന്നതു എന്റെ പേരാണ്."

X X X



"ചുമമേ ജലദോഷോം പനിമെല്ലാം നിങ്ങടെ എരുമയ്ക്കായിരുന്നെന്നു നേരത്തെ പറഞ്ഞൂടായിരുന്നോ?"


## നാഗപ്പുഴപ്പള്ളിയിൽ എട്ടുനോയമ്പ്

സെപ്റ്റംബർ 1-ാംനു- (ചിങ്ങം 16-ാംനു-) വ്യാഴാഴ്ച ആരംഭിച്ച് 8-ാംനു- വ്യാഴാഴ്ച അവസാനിക്കുന്നതാണ്. പതിവുപോലെ ആദ്യദിവസം മുതൽ ധ്യാനവും ഉണ്ടായിരിക്കുന്നതാണ്.

വികാരി

# പ്രശസ്തമാനസാന്തരങ്ങൾ

I

### ഡേയിം എഡിത്തു സിററ്വൽ കത്തോലിക്കയായി

ഇംഗ്ലണ്ടിലെ മനോഹരങ്ങളായ ഗ്രാമവസതികളിലൊന്നായ ഡെർബിഷയറിലെ റെനിഷാഹാളാണു് എഡിത്തുസിററ്വലിന്റെ വസതി. സാഹിത്യലോകത്തിൽ പ്രോജ്വലതാരങ്ങളായ സർ ഓസ്ബർട്ടു്, സാച്ചെവെറൽ സിററ്വൽ എന്നിവരുടെ സോദരിയാണു് എഡിത്തു്. ആംഗ്ലേയഗദ്യപദ്യസാഹിത്യത്തിൽ അഭ്യസൂയാവഹമായ പ്രാവീണ്യം സമ്പാദിച്ചു് കുടുംബപാരമ്പര്യത്തെ പ്രശോഭിപ്പിക്കുന്നതിൽ എഡിത്തു് തികച്ചും വിജയിയായിക്കഴിഞ്ഞിട്ടുണ്ടു്. 1915-ൽ അവരുടെ ആദ്യത്തെ പദ്യകൃതി പ്രസിദ്ധീകൃതമായി. ആംഗ്ലേയകവിതാലോകത്തിൽ പുരോഗമനാത്മകമായ ഒരു പുതിയ പ്രസ്ഥാനത്തിന്റെ പ്രണേതാവും അതിന്റെ വീരനേതൃിയുമെന്ന സ്ഥാനമാണു് എഡിത്തിനുള്ളതു്. വിഖ്യാതകവിയായ മി. ആൽഫ്റെഡ് നോയ്സുമായി സാഹിതീസമരം നടത്തി വിജയംനേടിയ സംഭവം അവരുടെ പ്രസ്ഥാനത്തിന്റെ പ്രചുരപ്രചാരത്തിനു നിദാനമായി. ഗദ്യസാഹിത്യത്തിലും എഡിത്തിന്റെ സ്ഥാനം സമുന്നതമാണു്. ഒരു കത്തോലിക്കാ കവിയായ മി. അലക്സാണ്ടർ പോപ്പിന്റെ ജീവചരിത്രം അവർക്കു അനന്യലബ്ധമായ ഒരു കീർത്തി ഗദ്യസാഹിത്യശാഖയിൽ സമ്പാദിച്ചുകൊടുത്തിട്ടുണ്ടു്. ആധുനികപദ്യങ്ങളുടെ വാർഷികശേഖരഗ്രന്ഥമായ "Wheels" എന്ന പ്രസിദ്ധീകരണത്തിന്റെ പത്രാധിപത്യവും ഈ മഹതി വഹിച്ചിട്ടുണ്ടു്. 1954 ലാണു് അവരെ "ബ്രിട്ടീഷ്സാമ്രാജ്യത്തിലെ ഡെയിം" എന്ന മഹനീയസ്ഥാനദാനത്താൽ സമലംകരിച്ചതു്. കഴിഞ്ഞ ആഗസ്റ്റ് 4-ാംനു ആംഗലസാഹിത്യതാരമായ ഈ മഹതി ഫാംസ്ട്രീററിലുള്ള ഈശോസഭക്ക ദേവാലയത്തിൽവച്ചു കത്തോലിക്കാസഭയിൽ പ്രവേശിച്ചു.

II

### ആംഗ്ലിക്കൻ വൈദികൻ പത്നീസമേതം കത്തോലിക്കാസഭയിൽ

ഇംഗ്ലണ്ടിൽ സഫോക്കിലുള്ള ലൊവെസ്റ്റോഫ്ട്ട് കിർക്കിലി കടലോരദേവാലയമായ സെൻറു് പീറേറഴ്സ് ആംഗ്ലിക്കൻപള്ളിയിൽ ഏഴുകൊല്ലക്കാലം റെക്ടറായിരുന്ന റവ. ഓണറാബിൾ പാട്രിക്ക് ജോൺ ഹെപ്പ്ബൂൺസ്റ്റോട്ടും അദ്ദേഹത്തിന്റെ പത്നിയും കത്തോലിക്കാ സഭയിൽ ചേർന്നിരിക്കുന്നു. മി. ഹെപ്പ്ബൂൺ കേയിംബ്രിഡ്ജ് ട്രിനിററി കോളേജിൽ എം. എ. ബിരുദംനേടി. ഓക്സ്ഫോർഡിലെ കഡെസ്ഡൻ തിയോളാജിക്കൽ കോളേജിലെ ഒരു പൂർവ്വവിദ്യാർത്ഥിയാണദ്ദേഹം. ആംഗ്ലിക്കൻസഭയിലെ ഒരു പുരോഹിതനായശേഷം അദ്ദേഹം എഡിൻബെർഗ്ഗിലെ എപ്പിസ്റ്റോപ്പൽ കത്തീഡ്രൽ ചാപ്ലെയിൻ, ഇന്ത്യയിലെ ഒരു മിഷനറി, ലണ്ടനിൽ സൗത്ത് ആക്ടനിലെ ആൾ സെയിൻറ്സ് ദേവാലയത്തിലെ കുറേററു് എന്നീ സ്ഥാനങ്ങളിൽ സ്തുത്യർഹമായി പ്രവർത്തിച്ചിട്ടുണ്ടു്. 1937 മുതൽ 1946 വരെ അദ്ദേഹം ബോക്കിംഗ്ഹാമിലെ സെൻറു് പോൾസ് ദേവാലയത്തിലെ റെക്ടറായിരുന്നു. 55 വയസ്സായ അദ്ദേഹം ഇക്കൊല്ലം അദ്ദേഹത്തിന്റെ പൗരോഹിത്യരജതജൂബിലി ഘോഷിക്കുകയാണു്. സെൻറു് പീറേറഴ്സ് പാരിഷ് മാസികയിൽ അദ്ദേഹം ഇപ്രകാരം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു:- "എനിക്കു ഒന്നാമതായി പറയുവാനുള്ളതു്, ഈ സെൻറു് പീറേറഴ്സ് ഇടവകയെ വിടുന്നതിനു എനിക്കിഷ്ടമില്ലെന്നാണു്. നാമെല്ലാവരും ഒന്നിച്ചു വളരെ സൗഭാഗ്യമായി കഴിയുകയാണു്; വേറെ ഏതെങ്കിലും ഒരിടവകയിലേക്കു മാറണമെന്നുള്ള വിചാരമേ എനിക്കില്ലായിരുന്നു. പക്ഷെ, ഇംഗ്ലണ്ടിലെ സഭയെ (Church of England) എനിക്കു വിട്ടുമാറാതെ തരമില്ല. അതു് ആ സഭ എന്നോടു എന്തെങ്കിലും തെററായോ കർക്കശമായോ പ്രവർത്തിച്ചതുകൊണ്ടല്ല. എന്റെ മേലധികാരിയായബിഷപ്പുതിരുമേനി എന്നോടു് എപ്പോഴും വളരെ കരുണയായിട്ടാണു് പെരുമാറിയിട്ടുള്ളതു്. എന്റെ മാനസാന്തരത്തിനുള്ള കാരണം ഇതുമാത്രമാണു്— എനിക്കു ഏത്രയും ബോദ്ധ്യമായ കാരണങ്ങളാൽ വളരെ നാളായി ഞാൻ വിശ്വസിക്കുന്നതിനു നിർബന്ധിതനായിരിക്കുന്നു, നമ്മുടെ വിശ്വാസപ്രമാണത്തിൽ നാം ഏററുപറയുന്ന സത്തൈക്യകവിശുദ്ധ കത്തോലിക്കാസഭ റോമാസഭ മാത്രമാണെന്നും ആംഗ്ലേയസഭ അതിന്റെ ഒരു ഭാഗമായിരിക്കുന്നില്ല എന്നും."

III

### ന്യൂയോർക്കിലെ പ്രഥമ നീഗ്രോജഡ്ജി

വർണ്ണവിവേചനയുടെ അപ്രതിരോദ്ധ്യമായ പ്രാകാരങ്ങളെ തട്ടിത്തകർത്തു് അമേരിക്കയിലെ ന്യൂയോർക്ക് സുപ്രീംകോർട്ടിൽ ജഡ്ജിയായിത്തീർന്നിട്ടുള്ള സ്റ്റീവൻസ് ഹാരോൾഡ് കത്തോലിക്കാസഭയിലേക്കു മാനസാന്തരപ്പെട്ട ഒരു പ്രശസ്തവ്യക്തിയാണു്. ദക്ഷിണകരോളീനായിൽ ഒരു മെത്തോഡിസ്റ്റു് പാദ്രിയുടെ മകനായി അദ്ദേഹം ജനിച്ചു. നിയമപഠനം അദ്ദേഹത്തിനു വളരെ പ്രിയംകരമായ ഒരു വിഷയമായിരുന്നു. മൻഹട്ടൻ ജനറൽ സെഷൻകോടതിയിലെ സേവനത്തേയും, നിയമപരമായ വിശിഷ്ടനേട്ടങ്ങളേയും, കാത്തലിക്കു് ഇൻറർനാഷനൽ കൗൺസിലിലെ നിസ്തുലകർമ്മകുശലതയേയും ആധാരമാക്കി 1952 ൽ അദ്ദേഹത്തിനു ഫോർഡാമിലെ ജെസ്യൂട്ട് യൂണിവേഴ്സിററി നിയമസംബന്ധമായ ഓണററി ഡോക്ടറേററു് ബിരുദം സമ്മാനിച്ചു. പരിശുദ്ധ മാർപ്പാപ്പാ അദ്ദേഹത്തിന്റെ സേവനങ്ങളെ അംഗീകരിച്ചു് "പ്രോ എക്ലേസിയാ എത്തു് പൊന്തിഫിച്ചെ" എന്ന ബഹുമതിമുദ്ര പ്രദാനംചെയ്തിട്ടുണ്ടു് എന്നുള്ള വസ്തുതയും പ്രത്യേകം പ്രസ്താവ്യമാണു്.

## ഇടവകവാർത്തകൾ

**പൊൻകുന്നം:** സ്ഥലം സീ. വൈ. എം. ഏ. യുടെ പുതിയ വർഷത്തേക്കുള്ള പ്രസിഡണ്ടു്, സിക്രട്ടറി തുടങ്ങിയ 9 പേരെ വർക്കിംഗ്കമ്മററി മെമ്പറന്മാരായി തെരഞ്ഞെടുത്തു. പുതിയ സമിതിയുടെ ഒരു യോഗം പ്രസി. മി. ഏ ററി ജോണിന്റെ അദ്ധ്യക്ഷതയിൽ കൂടി C. Y. M. A. പ്രവർത്തനം കൂടുതൽ ഊർജ്ജിതത്തിൽ വരുത്തുന്നതിനു പല നൂതനമായ പരിഷ്കാരങ്ങളും ആലോചിച്ചു തീരുമാനിച്ചു. കൂടാതെ ആഗ: 1 മുതൽ സംസ്ഥാനത്തെ പ്രധാന പത്രങ്ങളും മാസികകളും സംഘടനവകയായി വായനശാലയിൽ സൂക്ഷിക്കുന്നതിനും തീരുമാനിച്ചു.

**അമ്മാടം:** ജൂലായി 19-ാം തീയതി ഇവിടെ വിൻസെൻറു് ഡിപോൾ പുണ്യവാന്റെ തിരുനാൾ സാഘോഷം കൊണ്ടാടിയിരിക്കുന്നു. ഇതു് പ്രമാണിച്ചു് 50 പറ അരി സാധുക്കൾക്കു വിതരണം ചെയ്യുകയുണ്ടായി. ഉച്ച തിരിഞ്ഞു റവ. ഫാ ജോസഫ് ചുങ്കത്തു് എം. എ. ബി. ടി. അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ പലരും പ്രസംഗിക്കുകയുണ്ടായി.

**വല്ലം:** മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ പ്രമാണിച്ചു് ആഗസ്റ്റ് 15-ാംനു സ്ഥലം സ്കൂൾ ഹാളിൽവച്ചു് റവ. ഫാ. തോമസ് കണ്ടത്തിൽ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടി. ശ്രീ. ആർ. ഔസേപ്പും കുമാരി പി. ഒ. ഏലിക്കുട്ടിയും ഓരോ പ്രസംഗം ചെയ്തു. ഇടയ്ക്കിടക്കു് ബാലികാബാലന്മാരുടെ വിനോദപ്രകടനങ്ങളും ഉണ്ടായിരുന്നു.

**ആനിക്കാട്-മല്ലപ്പള്ളി:** സ്വാതന്ത്ര്യദിനം പ്രമാണിച്ചു് സെൻറു് മേരീസ് ഹൈസ്കൂളിൽ വച്ചു നടത്തിയ പൊതുയോഗത്തിൽ ഫാദർ ഫിലിപ്പു് ഇരട്ടമാക്കിൽ ബി. എ; ബി. ററി. ആദ്ധ്യക്ഷം വഹിച്ചു. ശ്രീമാന്മാരായ പി. വി. സഖറിയാ ബി. ഏ; ബി. ററി. യും കെ. പി. ഫിലിപ്പും ഓരോ പ്രസംഗം ചെയ്തു. ശ്രീ ജി. വി. ആനിക്കാടിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികളുടെ കലാപ്രകടനങ്ങളും ഉണ്ടായിരുന്നു.

**തെന്നൂർ:** മാതാവിന്റെ സ്വർഗ്ഗാരോപണത്തോടനുബന്ധിച്ചു് സൊഡാലിററിസംഘടനയുടെ ഒരു അസാധാരണയോഗം സ്ഥലം വികാരിയുടെ അദ്ധ്യക്ഷതയിൽ സ്കൂൾഹാളിൽ സമ്മേളിച്ചു. ഇൻഡ്യൻ സ്വാതന്ത്ര്യദിനത്തെപ്പററിയും പ്രസംഗങ്ങൾ ഉണ്ടായിരുന്നു. കുട്ടികളുടെ വിവിധകലാപ്രകടനങ്ങൾ ഉണ്ടായിരുന്നു എന്നതും പ്രസ്താവയോഗ്യമാണു്.

**കാത്രൂർ:** സ്ഥലം മരിയാസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 15-ാംനു പ. കന്യകയുടെ സ്വർഗ്ഗാരോപണം; ഇന്ത്യൻ സ്വാതന്ത്ര്യം, പാരിഷ്ഗ്രന്ഥാലയ ഉൽഘാടനം എന്നിവ ആഘോഷിച്ചു. രാവിലെ 6-30നു് ശ്രീ ടി. ടി. ജോർജ്ജ് ബി. എ. എൽ. ററി. പതാക ഉയർത്തി. ഉച്ച തിരിഞ്ഞു 3-30നു് റവ. ഫാ. ജോർജ്ജ് വാഴപ്പിള്ളി അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ പൊതുയോഗം കൂടി. ശ്രീ ടി. ടി. ജോർജ്ജിന്റെ സ്വാഗതപ്രസംഗത്തെ തുടർന്നു് ബ: അദ്ധ്യക്ഷൻ ഗ്രന്ഥശാല ഉൽഘാടനം ചെയ്യുകയും ഉപക്രമപ്രസംഗം ചെയ്യുകയും ചെയ്തു. കുമാരി ട്രീസാ വാഴപ്പിള്ളി, മേഴ്സി കടമ്പാട്ടുപറമ്പിൽ, ശ്രീ ജോർജ്ജ് കെ. തോട്ടാപ്പിള്ളി, തോമസ് ടി. വി., ജോർജ്ജ് വി. ചക്കാലയ്ക്കൽ എന്നിവർ സന്ദർഭോചിതമായ പ്രസംഗങ്ങൾ ചെയ്തു. പള്ളി വികാരി റവ. ഫാ. ജോർജ്ജ് ചിറമ്മൽ കൃതജ്ഞതാപ്രസംഗം നടത്തി. പൊതുജനങ്ങളുടെ ഉദാരമായ സംഭാവനകൾ കൊണ്ടു സമാരംഭിക്കപ്പെട്ട ഗ്രന്ഥാലയത്തിൽ ഇപ്പോൾ നാനൂറോളം പുസ്തകങ്ങളുണ്ടു്. കുട്ടികളുടെ വിവിധകലാപ്രകടനങ്ങൾ സദസ്സിനെ ആദ്യന്തം ആഹ്ലാദിപ്പിച്ചു.

**പാറപ്പുഴ:** മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളിനോടനുബന്ധിച്ചു് സൊഡാലിററി സംഘടനയുടെ നേതൃത്വത്തിൽ സ്ഥലം സ്കൂൾഹാളിൽവച്ചു് 11 മണിക്കു് ഒരു പൊതുയോഗം ചേർന്നു. റവ. ഫാ. സെബാസ്ത്യൻ പുല്ലോപ്പിള്ളിൽ ആദ്ധ്യക്ഷം വഹിച്ചു. അന്നമ്മ തകരപ്പിള്ളിൽ, റോസമ്മ മഞ്ചപ്പിള്ളിൽ, ജോസഫ് മേക്കുന്നേൽ എന്നിവർ പ്രസംഗിച്ചു. കുട്ടികളുടെ വിവിധകലാപ്രകടനങ്ങളും ഉണ്ടായിരുന്നു.

**വാഴക്കാല:** മാതാവിന്റെ സ്വർഗ്ഗാരോപണം, ഇൻഡ്യൻ സ്വാതന്ത്ര്യദിനം എന്നിവ പ്രമാണിച്ചു സ്ഥലം സ്കൂൾഹാളിൽ വച്ചു് റവ. ഫാ. സെബാസ്ത്യൻ പുല്ലോപ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ ഉച്ചകഴിഞ്ഞു 2-30നു് പൊതുയോഗം നടന്നു. കുട്ടികളുടെ കലാപ്രകടനങ്ങൾ ഭംഗിയായി നിർവ്വഹിക്കപ്പെട്ടു.

**എറണാകുളം:** സ്ഥലത്തെ മെത്രാപ്പോലീത്തൻ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയൻ സൊഡാലിററിയുടെ വാർഷികസമ്മേളനം റവ. ഫാ. ഫ്രാൻസിസ് സാലസ് എം. എ അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ ആഗസ്റ്റ് 14-ാംനു നടത്തപ്പെട്ടു. ശ്രീമതി മറിയംകുട്ടി ജോൺ പ്രസംഗിച്ചു. കുട്ടികളുടെ വിവിധ കലാപ്രകടനങ്ങൾ ഉണ്ടായിരുന്നു.

പ്രസ്തുത പള്ളിയിൽ സ്ഥാപിതമായിട്ടുള്ള ലീജിയൻ ഓഫ് മേരി അസംപ്ഷൻ ക്യൂരിയായുടെ പ്രഥമവാർഷികം ആഗസ്റ്റ് 15-ാം തീയതി ഏററം മംഗളകരമായി കൊണ്ടാടപ്പെട്ടു. പ്രയർജനറൽ വെരി റവ. ഫാദർ മാവുരൂസ് അദ്ധ്യക്ഷപീഠമലങ്കരിച്ചു. ബ്രദർ എം. എം. ജോസഫും സിസ്റ്റർ മോസിയാമ്മ സീറിയക്കും മിസ്സിസ് ഡോക്ടർ പോൾ മാമ്പിള്ളിയും സന്ദർഭോചിതമായ പ്രസംഗങ്ങൾചെയ്തു. സ്വർഗ്ഗാരോപണടാബ്ലോ, ഓർക്കെസ്ട്രാ, വിവർത്തനവിദ്യ മുതലായ പരിപാടികൾ സമ്മേളനത്തെ സജീവമാക്കി. മുന്നൂറോളം അംഗങ്ങൾ സന്നിഹിതരായിരുന്നു.

**പള്ളിപ്പുറം:** സ്ഥലം ഫൊ: പള്ളിയിൽ പരിശുദ്ധ കന്യകമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ പൂർവ്വാധികം ഭംഗിയായി ആഘോഷിച്ചിരിക്കുന്നു. ഇതുസംബന്ധിച്ചു് പ്രസ്തുത തിരുനാൾദിവസം രാവിലെ സമാദൃതനായ എറണാകുളം അതിരൂപതയുടെ സഹായമെത്രാൻ ഡോ. ജോസഫ് പാറേക്കാട്ടിൽ തിരുമേനിയെ സ്ഥലം പള്ളിവികാരി പെ. ബ. ജോസഫ് പഞ്ഞിക്കാരൻ അവർകളും മററു ഇടവകജനങ്ങളുംകൂടി സമുചിതമായി സ്വീകരിച്ചു. തുടർന്നു് തിരുമേനി പൊന്തിഫിക്കൽ കുർബാന അർപ്പിച്ചു. വിൻസെൻറു് ഡിപോൾ, സൊഡാലിററി മുതലായ ഭക്തസംഘടനകൾ സമർപ്പിച്ച "ജ്ഞാനപുഷ്പമഞ്ജരി" തിരുമേനി സ്വീകരിക്കുകയും, അവരുടെ പ്രവർത്തനങ്ങളെപ്പററി പലതും ചോദിച്ചറിഞ്ഞു സന്തുഷ്ടിപ്രകടിപ്പിക്കുകയുംചെയ്തു. ഉച്ചകഴിഞ്ഞു് 70-ൽപ്പരം കുട്ടികൾക്കു സ്ഥൈര്യലേപനം നൽകിയശേഷം വന്ദ്യതിരുമേനി സ്ഥലംവിട്ടു. തിരിച്ചു പോകുന്നവഴിക്കു് തിരുനല്ലൂർ കുരിശുപള്ളിയും തിരുമേനി സന്ദർശിക്കുകയുണ്ടായി.

**വേങ്ങൽ:** പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ പുതുതായി പണികഴിപ്പിക്കുവാൻ പോകുന്ന ദൈവാലയത്തിന്റെ ശിലാസ്ഥാപനകർമ്മം, പ. ദൈവമാതാവിന്റെ സ്വർഗ്ഗാരോപണദിനവും ഇൻഡ്യൻ സ്വാതന്ത്ര്യദിനവുംകൂടിയായ ആഗസ്റ്റ് 15-ാം തീയതി ആഘോഷമായ പൊന്തിഫിക്കൽ കുർബാനയ്ക്കുശേഷം തിരുവല്ലാ രൂപതാദ്ധ്യക്ഷൻ നി. വ. ദി. ശ്രീ മാർ അത്താനാസ്യോസ് തിരുമനസ്സുകൊണ്ടു നിർവ്വഹിച്ചിരിക്കുന്നു. അതിനുശേഷം കൂടിയ പൊതുയോഗത്തിൽ അഭിവന്ദ്യ തിരുമേനി ആദ്ധ്യക്ഷംവഹിച്ചു. ചങ്ങനാശ്ശേരി സെൻറു് ബർക്കുമൻസ് കോളേജ് മലയാളംലക്ച്ചറർ ശ്രീ എ. ജെ. ജോസഫ് ബി. എ. സന്ദർഭോചിതമായ ഒരു പ്രസംഗംചെയ്തു.



ആത്മകഥാകഥനം

# "മിസ്സ് വിർജീനിയ"

[ജോസഫ് വി. ജെ.]

കാര്യങ്ങളുടെ കാരണമാരായുക മനുഷ്യന്റെ നൈസർഗ്ഗികവാസനയാണ്. വളർന്നുവരുന്ന ഒരു പൈതലിന്റെ എത്രയെത്ര ചോദ്യങ്ങളാണ് മാതാപിതാക്കളെ അനുദിനം അലട്ടാറുള്ളത്. എന്റെ ബാല്യകാലവും ഈ സാമാന്യപ്രകൃതിക്കൊരപവാദമായിരുന്നില്ല. ചിന്തിച്ചുതുടങ്ങിയ എന്റെ ഇളംബുദ്ധിയിൽ മതകാര്യങ്ങളും കയറിപ്പററാറുണ്ടായിരുന്നു. എപ്പിസ്ക്കോപ്പൽ സഭാംഗമായിരുന്നു ഞാൻ. ഞങ്ങളുടെ വിശ്വാസപ്രമാണത്തിൽ "ഞാൻ കത്തോലിക്കാസഭയിൽ വിശ്വസിക്കുന്നു" എന്നു കാണുന്നുണ്ട്. അതിന്റെ യുക്തി എനിക്കു മനസ്സിലായില്ല. പ്രസ്തുത പ്രശ്നവുമായി ഞാൻ സണ്ടേസ്കൂൾ അദ്ധ്യാപകനെ സമീപിച്ചു. "എപ്പിസ്ക്കോപ്പൽ" സഭയാണ് കത്തോലിക്കാസഭയെന്നും റോമൻകത്തോലിക്കാസഭ വെറും റോമൻ സഭയാണെന്നുമായിരുന്നു അദ്ദേഹത്തിന്റെ മറുപടി. അതെന്നെ തൃപ്തിപ്പെടുത്തുന്നതിനു പര്യാപ്തമായിരുന്നില്ല.

ബാല്യത്തിൽനിന്നു താരുണ്യത്തിലേക്കുള്ള കാൽവയ്പോടെ എന്റെ ജീവിതത്തിൽ വളരെയധികം വ്യതിയാനം വന്നു. പുരോഗമനത്തിന്റെ പൊൽക്കിനാവുകൾകണ്ട് പഴയതിനെയെല്ലാം ഞാൻ പുറംതള്ളി. എങ്കിലും, എന്റെ വിശ്വാസം മുഴുവനായി നഷ്ടപ്പെട്ടിരുന്നില്ല. എന്റെ സംശയങ്ങൾ വർദ്ധിച്ചുതന്നെവന്നു. ലോകത്തിന്റെയും മനുഷ്യന്റെയും അസ്തിത്വം എങ്ങനെയെന്നും എന്തിനെന്നുമുള്ള ചോദ്യം എന്നെ പലപ്പോഴും അലട്ടിയിരുന്നു. അധികം കഴിഞ്ഞില്ല, ഞാൻ ഒരവിശ്വാസിയായിത്തീർന്നു. വിശ്വാസരാഹിത്യത്തിൽ ഞാൻ അഭിമാനംകൊള്ളുകതന്നെചെയ്തു.

സ്വാതന്ത്ര്യംതേടി പാതിരാത്രിക്കു കൂടുവിട്ടിറങ്ങിയ ആടിനെപ്പോലെ ഞാൻ ലോകരംഗത്തേക്കിറങ്ങി. ജീവിതം എനിക്ക് ആനന്ദകരമായിത്തോന്നി. ക്രിസ്തുമതത്തിന്റെ കാലം കഴിഞ്ഞെന്നും സ്വതന്ത്രചിന്തകരുടെ താഡനമേററ് അതു തകർന്നു തരിപ്പണമാകുവാൻ അധികം താമസമില്ലെന്നും ഞാൻ വിചാരിച്ചു. എങ്കിലും, അന്തഃകരണത്തിന്റെ അടിത്തട്ടിൽ എന്തോ ഒന്നു നിരന്തരം മന്ത്രിക്കുന്നതുപോലെ എനിക്കു തോന്നിയിരുന്നു. ഞാൻ മിക്കപ്പോഴും അസ്വസ്ഥയായിരുന്നു. അതിൽനിന്നു രക്ഷപ്രാപിക്കുവാൻ തത്രപ്പെട്ട ഞാൻ ഒരു നാസ്തികയായിത്തീരുകയാണുണ്ടായത്.

ഹോമറിന്റെതത്വശാസ്ത്രം എന്നെ ഈ അവസരത്തിൽ കൂടുതലായി ആകർഷിച്ചു. പ്രായോഗികജീവിതത്തിൽ അതു പകർത്തുവാൻ ഞാൻ കഴിവതും പരിശ്രമിച്ചു. ആവുന്നിടത്തോളം ആനന്ദിക്കുക; അതിനായി ഏതുമാർഗ്ഗവും സ്വീകരിക്കുക. അതായിരുന്നു എന്റെ ജീവിതത്തെ നയിച്ച പ്രായോഗികസിദ്ധാന്തം.

യൗവനയുക്തരായ പല കൂട്ടുകാരെയും ഈ അവസരത്തിൽ എനിക്കു ലഭിച്ചു. പല വിഷയങ്ങളെക്കുറിച്ച് വാശിയോടുകൂടിത്തന്നെ ഞങ്ങൾ വാദപ്രതിവാദങ്ങൾ നടത്താറുണ്ടായിരുന്നു. സാമ്പത്തികനില മോശമായതുവരെ എല്ലാം നന്നായിത്തന്നെ നടന്നു. എന്നാൽ, ഈ വ്യതിയാനം സംഭവിക്കുവാൻ അധികതാമസം വേണ്ടിവന്നില്ല. പണമില്ലാതായപ്പോൾ പണക്കാരെ പഴിപറഞ്ഞുകൊണ്ട് പാപ്പരായ കൂട്ടുകാരിൽ പലരും കമ്മ്യൂണിസ്റ്റുകളായി. ഞാൻ നാസ്തികയായിരുന്നെങ്കിലും കമ്മ്യൂണിസ്റ്റ്സിദ്ധാന്തം അതേപടി സ്വീകരിക്കുവാൻ ഇഷ്ടപ്പെട്ടില്ല. പക്ഷേ, ഞാൻ ഒരജ്ഞേയവാദിനിയായി മാറുകയാണുണ്ടായത്. എന്റെ ബുദ്ധിയും മനസ്സാക്ഷിയും തമ്മിൽ നടന്നുകൊണ്ടിരുന്ന മല്ലയുദ്ധം പൂർവ്വാധികം ശക്തിപ്രാപിച്ചുതുടങ്ങി. സന്മാർഗ്ഗനിയമങ്ങളും സനാതനസത്യങ്ങളുമെല്ലാം നിരർത്ഥകങ്ങളെന്നും സ്വാർത്ഥത്തെ തൃപ്തിപ്പെടുത്തുവാൻ എന്തും ഏതും ചെയ്യാമെന്നും വിധിച്ച എന്റെ ബുദ്ധിയുടെ മുൻപിൽ "അതു നിഷിദ്ധമാണ്," "ഇതു യുക്തമല്ല" എന്നു തുടങ്ങുന്ന കല്പനകളുമായി അന്തഃകരണം നിരന്തരം പ്രത്യക്ഷപ്പെട്ടുതുടങ്ങി. മനസ്സാക്ഷിയെ അനുസരിക്കുമ്പോൾ ഞാൻ വിഡ്ഢിയായിത്തീരുകയാണ് എന്നെനിക്കു തോന്നി. ബാല്യപ്രായത്തിൽ അടിച്ചേല്പിച്ച അന്ധവിശ്വാസങ്ങളുടേയും മൂഢാചാരങ്ങളുടേയും ചുടലക്കളത്തിൽനിന്നു ബഹിർഗമിക്കുന്ന അന്തിമധൂമപടലമാണ് മനസ്സാക്ഷിയെന്നു ഞാൻ വിധിയെഴുതി; അത് അതിവേഗം അപ്രത്യക്ഷമാകുമെന്നു ശരണപ്പെട്ടു; അപ്പോൾ ഞാൻ പൂർണ്ണസ്വതന്ത്രയാകുമെന്നോർത്തു സന്തോഷിച്ചു. പക്ഷേ, ഫലം നേരേ മറിച്ചായിരുന്നു. ഞാൻ കൂടുതൽ അസ്വസ്ഥയായിത്തീർന്നു! ഈ അവസരത്തിൽ സമാധാനം തേടി പല തത്വശാസ്ത്രങ്ങളും ചികഞ്ഞു പരിശോധിച്ചുനോക്കി. എങ്കിലും അവയ്ക്കൊന്നിനും എന്നിൽ സമാധാനം പകരുവാൻ കഴിഞ്ഞില്ല.

വിശ്വാസം അനുദിനജീവിതത്തിൽ പ്രായോഗികമാക്കുന്ന ഒരു കത്തോലിക്കാ സ്നേഹിതയുണ്ടായിരുന്നു എനിക്ക്. അന്ധവിശ്വാസങ്ങളുടേയും മൂഢാചാരങ്ങളുടേയും ആവാസഭൂമിയാണ് കത്തോലിക്കാസഭ എന്ന മുൻവിധിയോടുകൂടി മാത്രം അതിനെ വീക്ഷിച്ചുകൊണ്ടിരുന്ന എന്നിൽ അവളുടെ ഭക്തജീവിതം സഭയോടു കൂടുതൽ വെറുപ്പ് ഉളവാക്കി. ആരോഗ്യവതിയെന്നു സ്വയം അഭിമാനംകൊണ്ടിരുന്ന ഞാൻ ഇതിനിടയിൽ ആശുപത്രിയെ അഭയം പ്രാപിക്കേണ്ടിവന്നു. ക്ഷയരോഗത്തിനു ഞാനടിമയായിക്കഴിഞ്ഞിരുന്നു. രോഗവിമുക്തയാകുവാൻ ഒരു ദീർഘകാലംതന്നെ ആശുപത്രിയിൽ കഴിയേണ്ടിവന്നു. എന്റെ ജീവിതനാടകത്തിൽ തങ്കലിപികളിൽ എഴുതിച്ചേർക്കേണ്ട ഒരു രംഗം ആരംഭിച്ചു.


കത്തോലിക്കാസഭ സ്വന്താനില വിശദീകരിക്കുന്നതിനും ഉറപ്പിക്കുന്നതിനും ഉന്നയിക്കുന്ന വാദമുഖങ്ങളെ ഖണ്ഡിക്കണം എന്ന ഏകമായ ഉദ്ദേശ്യത്തോടെ ചില കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ ഞാൻ വായിച്ചു. പക്ഷേ വരപ്രസാദത്തിന്റെ വശീകരണശക്തി, ദൈവത്തിന്റെ അനന്തകാരുണ്യം, അതെന്നിൽ ശക്തിയായി പ്രവർത്തിച്ചു. രോഗികളെ സന്ദർശിക്കുവാൻ വന്ന ഫ്രാൻസിസ് എമറിക്ക് (ഇന്നു ഫാദർ ഫ്രാൻസിസ് എമറിക്ക്, സി. എസ്. വി.) എന്ന വൈദികവിദ്യാർത്ഥിയിൽനിന്നു ലഭിച്ച ഒരു ചെറുഗ്രന്ഥമായിരുന്നു ഞാൻ ആദ്യം വായിച്ചത്. വി. കുർബാനയിലെ ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തെ തെളിയിക്കുന്ന ഒരു വിശിഷ്ടഗ്രന്ഥമായിരുന്നു അത്. കത്തോലിക്കാസഭയിലെ ഈ വിശ്വാസസത്യത്തെപ്പററി ആദ്യമായിട്ടായിരുന്നു ഞാൻ അറിഞ്ഞത്. അതു വളരെ ആകർഷകവും ആശ്ചര്യകരവും ആശ്വാസപ്രദവുമായിത്തോന്നി എനിക്ക്. തുടർച്ചയായി എല്ലാ ആഴ്ചകളിലും എന്റെ പഠനത്തിനായി ചിലതൊക്കെ കിട്ടിക്കൊണ്ടിരുന്നു.

ദൈവനാമം വിളിച്ചപേക്ഷിക്കുന്നത് അപഹാസ്യമായി കരുതിയിരുന്ന എനിക്ക് ആന്തരികാശ്വാസം നൽകുവാൻ ആ നാമത്തിനു കഴിഞ്ഞു. സത്യത്തിലേക്ക് എന്നെ നയിക്കണമേ എന്നു ഞാൻ ഹൃദയംഗമമായി പ്രാർത്ഥിച്ചു. ഈ അവസരത്തിൽ വി. തോമസ് അക്വിനാസ് ദൈവാസ്തിത്വം തെളിയിക്കുവാൻ ഉന്നയിക്കുന്ന യുക്തികൾ എന്നെ വളരെ ആകർഷിച്ചു. കത്തോലിക്കാസഭയുടെമേൽ കമ്മ്യൂണിസ്റ്റുകളും അകത്തോലിക്കരും വാരിച്ചൊരിയുന്ന അധിക്ഷേപങ്ങളുടെ കഴമ്പില്ലായ്മ വിശദമായി ഞാൻ മനസ്സിലാക്കി. അന്ധകാരത്തിൽ തപ്പിത്തടഞ്ഞ എന്റെ ബുദ്ധിയിൽ പ്രകാശത്തിന്റെ പൊൻകതിർ വീശിയ അക്വിനാസിന്റെ കൂർമ്മബുദ്ധിയുടെ മുൻപിൽ ഞാൻ നമോവാകം ചെയ്തു. വിശ്വാസവും സന്മാർഗ്ഗവും പഴഞ്ചരക്കെന്നു ലേബലൊട്ടിച്ചു പുറംതള്ളി, തൽസ്ഥാനത്ത് സ്വതന്ത്രചിന്തയുടെ പേരിൽ സ്വാർത്ഥത്തെ പ്രതിഷ്ഠിച്ചു പൂവിട്ടു പൂജിക്കുന്ന പണ്ഡിതമ്മന്യന്മാർ ഈ പൂജ്യപാദന്റെ ബുദ്ധിവൈഭവത്തിലേക്ക് എളിമയോടുകൂടി ഒന്നു കണ്ണുതിരിച്ചിരുന്നെങ്കിൽ എന്നു ഞാനാശിച്ചു.

സുദീർഘമായ പ്രാർത്ഥനയുടേയും പഠനത്തിന്റെയും ഫലമെന്നോണം കത്തോലിക്കാവിശ്വാസം സ്വീകരിക്കുവാൻ ഞാൻ തീർച്ചയാക്കി. മരിച്ചവരിൽനിന്നു സ്വശക്തിയാൽ ഉയിർത്ത ക്രിസ്തു ദൈവമാണെന്നു ഞാൻ വിശ്വസിച്ചു. പരസ്പരവിരുദ്ധമായ പ്രബോധനങ്ങൾ നൽകുന്ന എല്ലാ സഭകളും ക്രിസ്തുസ്ഥാപിതമാകുവാൻ പാടില്ലെന്ന് എനിക്കു മനസ്സിലായി. ഏകത്വവും വിശുദ്ധിയും ശ്ലൈഹികത്വവും അപ്പസ്തോലികത്വവുമുള്ള ക്രിസ്തുസ്ഥാപിതമായ സത്യസഭ, റോമൻകത്തോലിക്കസഭയാണെന്നു എനിക്കു ബോദ്ധ്യമായി. വിളംബമെന്യേ, ലോകത്തിൽ അഞ്ചിലൊന്നു വരുന്ന ജനസംഖ്യയുള്ള സത്യസഭയുടെ അംഗമാകുവാൻ എനിക്കു ഭാഗ്യം കൈവന്നു. ഞാൻ യഥാർത്ഥസമാധാനം അനുഭവിക്കുകയാണിന്ന്.

(ഫാദർ ജോൺ ഒബ്രിയന്റെ "Path to Christ" എന്ന ഗ്രന്ഥത്തിൽനിന്ന്.)

## For favours received



Mrs. Mary Sebastian
Trichur

ആഖ്യായിക

## ബാറബ്ബാസ്



അദ്ധ്യായം 8 (തുടർച്ച

### ഒരു വ്യാപാരം

(വി. സി. ജോർജ് ബി. എ. എൽ.ററി.)

പടുകിഴവനായ ഒരാൾ, നരച്ചുവെളുത്ത മുടിയും താടിയുമായി, അരികിൽ ചുവപ്പുവെച്ച് തയിച്ച പുരോഹിതവസ്ത്രം ധരിച്ച്, ഇരുവശത്തും തടിച്ച കൊമ്പുകളുള്ള ശിരോവേഷ്ടനമണിഞ്ഞ് ഉന്നതമായ ഒരു പീഠത്തിൽ ഇരിക്കുന്നതാണു ബറാബ്ബാസ് കണ്ടത്. ഒരു കൈകൊണ്ട് മറ മാററിപ്പിടിച്ച് തന്റെ മുമ്പിൽ കാണപ്പെട്ട പെരുങ്കള്ളന്റെ മുഖത്തു അദ്ദേഹത്തിന്റെ ചുവപ്പുചുററിയ ചെറുകണ്ണുകൾ ഉററുനോക്കിക്കൊണ്ടിരുന്നു.

"ബറാബ്ബാസ്", താൻ എന്താണിച്ചെയ്തത്? എങ്ങനെ ധൈര്യമുണ്ടായി......?" റാബ്ബി നഥാനിയേൽ ചോദിച്ചു.

നീലനിറത്തിൽ ഞരമ്പുകെട്ടുകൾ തടിച്ചുപൊങ്ങിയിരുന്ന മാംസഹീനമായ വെളുത്ത കൈ കിഴവൻ ഉയർത്തി: "റാബ്ബി നഥാനിയേൽ, സാരമില്ല. പിശകൊന്നും പററിയില്ലല്ലോ. ഈ ആലോചനയിൽ ഞാനുംകൂടി സംബന്ധിച്ചുവെന്ന് ബറാബ്ബാസ് അറിഞ്ഞുകൊള്ളട്ടെ," യുവോചിതമായ കർക്കശസ്വരത്തിൽ ആ വൃദ്ധൻ പറഞ്ഞു.

ബറാബ്ബാസ് യവനികയിൽനിന്നു കൈയെടുത്ത്, കരങ്ങൾ നെഞ്ചിന്മേൽ വിലങ്ങനെവെച്ച്:

ഒരെണ്ണയും പിടിക്കാത്തവക്കും.
നീരിറക്കം.
എങ്ങൽ.
താരൻ.
മോരിച്ചുണങ്ങ്.
പല്ലുവേദന.
പുഴുക്കടി.
എന്നിവക്കും.
അമൃതതൈലം.
കാളൻ ആയുർവ്വേദ ഔഷധശാല, നെല്ലായി.

"അവിടത്തേക്കു സമാധാനം" എന്നുച്ചരിച്ച് പ്രണാമംചെയ്തു.

"സമാധാനം", കിഴവൻ പ്രതിവചിച്ചു: "എന്റെ ആജ്ഞയനുസരിച്ച് നഥാനിയേൽ റാബ്ബി ചോദിച്ച ചോദ്യത്തിനുള്ള മറുപടി എന്തെന്നു ബറാബ്ബാസ് തീരുമാനിച്ചുവോ? കൂട്ടുകാരോടാദ്യം ആലോചിച്ചിട്ടുവേണമെന്നുണ്ടോ മറുപടിപറയുവാൻ?" അദ്ദേഹം തുടർന്നുചോദിച്ചു.

ശാലയിൽ പരിപൂർണ്ണനിശ്ശബ്ദത കുറെനേരത്തേക്കുണ്ടായി. റാബ്ബി നഥാനിയേലിന്റെയും സ്വന്തം അനുയായികളുടേയും കണ്ണുകൾ മാത്രമല്ല പ്രധാനാചാര്യന്റെ വേധകമായ ദൃഷ്ടിയും തന്റെമേൽ പതിഞ്ഞിരിക്കുന്നുവെന്ന് ബറാബ്ബാസ് ധരിച്ചു. അയാളുടെ മുമ്പിൽ ന്യായപ്രമാണംപോലെ അചഞ്ചലമായി, തിരുവസ്ത്രങ്ങൾ അണിഞ്ഞ്, ഇരിപ്പുറപ്പിച്ച പ്രധാനാചാര്യൻ മറുപടി പ്രതിനിമിഷം പ്രതീക്ഷിക്കുകയായിരുന്നു. ശാലയിലെ വായു ശ്വാസനയോഗ്യമല്ലെന്നു ബറാബ്ബാസിനു തോന്നി. നിർണ്ണായകമായ മുഹൂർത്തം! തന്റെ അഭ്യുന്നതിക്ക് അടിസ്ഥാനമുറപ്പിക്കേണ്ട അവസരം! പിന്നൊരിക്കലും കൈവരാത്ത സാഹചര്യങ്ങൾ! പുരോഹിതവൃന്ദത്തിനീകാര്യത്തിൽ ഏതെല്ലാം ഗൂഢോദ്ദേശ്യങ്ങൾ ഉണ്ടായാലും അനുകൂലമായ മറുപടി കൊടുക്കുകതന്നെയെന്നു ബറാബ്ബാസ് തീരുമാനിച്ചു.

"മഹാ പുരോഹിതാ, എന്റെ മറുപടി ഉടൻതന്നെ അറിയിച്ചുകൊള്ളാം," ദൃഢതയിൽ ബറാബ്ബാസ് പറഞ്ഞു.

"പിന്നെന്താ, താമസം?" പ്രധാനാചാര്യൻ നിർബന്ധേന ചോദ്യമിട്ടു.

"എനിക്കും എന്റെ ആളുകൾക്കും പ്രധാനകാര്യമായി തോന്നുന്നത് വിദേശിഭരണത്തിൽനിന്നുള്ള ഇസ്രായേലിന്റെ മോചനമാണ്. ആ കാര്യം സാധിച്ചുകഴിഞ്ഞാൽ പിന്നീടുണ്ടാകുന്നത് രാജഭരണമായാലും പുരോഹിതഭരണമായാലും സാരമില്ല. വിജയാനന്തരം ഞങ്ങളെ വലിച്ചു ദൂരത്തെറിയരുതെന്നേയുള്ളു."

വന്ദ്യവയോവൃദ്ധൻ ഒന്നും സംസാരിച്ചില്ല. അദ്ദേഹത്തിന്റെ ദൃഷ്ടി ബറാബ്ബാസിന്റെ മുഖത്തുനിന്ന് വ്യതിചലിച്ചുമില്ല.

"ഞങ്ങൾ ഇസ്രായേലിന്റെ പരിരക്ഷണത്തിനുള്ള കൈയായിരിക്കണമെന്ന് റാബ്ബി നഥാനിയേൽ പറഞ്ഞു. ഞങ്ങൾ അതു സമ്മതിക്കുന്നു. പ്രധാനാചാര്യൻ ഇസ്രായേലിന്റെ ഹൃദയമാകുവാൻ ആഗ്രഹിക്കുന്നുവെന്നും പറഞ്ഞു. അതിൽ ഞങ്ങൾക്കു വിരോധമില്ല."

പ്രധാനാചാര്യന്റെ പ്രതിനാദിയായ സ്വരം വീണ്ടും കേട്ടു: "പതിനയ്യായിരം യോദ്ധാക്കളുടെ കാര്യം ബറാബ്ബാസ്, നീങ്ങൾ കുറെമുമ്പു പറഞ്ഞുവല്ലോ. ഇസ്രായേല്യരുടെ കാര്യംമാത്രമോ, അതോ പ്രസ്ഥാനത്തിൽ സഹകരിക്കുവാൻ സന്നദ്ധതയുള്ള സമറായരെക്കൂടെ ഉൾപ്പെടുത്തിയാണോ സംസാരിച്ചത്?"

"സമറായർക്കൂടെ ചേരുമ്പോൾ ആ സംഖ്യയിൽ വളരെയധികമുണ്ടാകും."

"ബറാബ്ബാസ്, ഇസ്രായേല്യർ സമറായരോടൊന്നിച്ചു തോളുരുമ്മി സമരംചെയ്യുക എനിക്കിഷ്ടമില്ല."

"റോമന്മാരുടേയും നമ്മുടെ ആളുകളുടേയും അടികളൊരുപോലെ കൊള്ളുവാൻ സാമർത്ഥ്യമുള്ളവരാണ് സമറായർ. അവരുടെ സഹകരണം അത്യാവശ്യംതന്നെ."

"ഒരുപക്ഷേ, സമരത്തിനങ്ങനെതന്നെയെന്നു വരാം, പിന്നത്തെ കഥയോ? ഭാവിയെപ്പററി സദാ ചിന്തിക്കേണമല്ലോ. ഇസ്രായേലിലെ സൈന്യത്തിൽ പകുതിയോ മൂന്നിലൊരുഭാഗമോ അവിശ്വാസികളാണെന്നു വരുന്ന അവസ്ഥ ചിന്തിക്കത്തക്കതല്ല. അതു തീർത്തും അസാദ്ധ്യം."

വൃദ്ധൻ ഇത്രയും പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ നയനങ്ങളിൽ കാണപ്പെട്ട ആതപരഹിതമായ പ്രകാശത്തിൽനിന്ന് ബറാബ്ബാസ് ഒഴിഞ്ഞുമാറി. പ്രാണഹരമായ ആക്രമണത്തിനാഞ്ഞടുക്കുന്ന അഹിയുടെ ഉഗ്രദൃഷ്ടിക്കു സമാനമായിരുന്നു അത്.

"യുദ്ധത്തിനുശേഷം സമറായർ

അവരുടെ വേർപെട്ടുള്ള ജീവിതത്തിലേക്കു മടങ്ങിപ്പോകുവാൻ ഇഷ്ടപ്പെടുകയില്ലെന്നാക്കറിയാം. സമറായർ എല്ലാററിനുമുപരിയായി സ്വാതന്ത്ര്യം ഇഷ്ടപ്പെടുന്നു. അവരിൽ ഭൂരിപക്ഷവും പ്രധാനാചാര്യൻെറ കൈയായി യെറുശലേമിൽ താമസിക്കുവാൻ തയ്യാറാകുമെന്നു ഞാൻ കരുതുന്നില്ല." വേർപെട്ടുള്ള ജീവിതമെന്നു് സമറായരുടെ വിച്ഛേദാവസ്ഥ ഊന്നിയാണു് ബറാബാസ് പറഞ്ഞതു്.

വൃദ്ധൻ സ്വല്പസമയം ആലോചനയിൽ കഴിച്ചു. അനന്തരം ഇപ്രകാരം സംസാരിച്ചു; "അവർ മടങ്ങിപ്പോകുന്ന കാര്യം ബറാബാസ് പറഞ്ഞുവല്ലോ. അവർ മടങ്ങിപ്പോകുക നന്നല്ലെന്നാണു് ഞാൻ വിചാരിക്കുന്നതു്. എൻെറ ആശയം മനസ്സിലായില്ലേ?"

ബറാബാസിനു മനസ്സിലായി. എന്തൊരാശയം! സമറായരെപ്പററി സ്നേഹമോ മതിപ്പോ ഇല്ലാ; എങ്കിലും സഹായത്തിനവർ വേണം. പിന്നത്തെ കഥയോ? അവർ മടങ്ങിപ്പോയിക്കൂടാ. അവരുടെ പ്രത്യാഗമനത്തിനവസരമുണ്ടാകരുതു്. കഠിനഹൃദയനായ ബറാബാസാകട്ടെ പ്രസ്തുത ആശയത്തെപ്പററി ചിന്തിച്ചു ഞെട്ടി. മനുഷ്യജീവനെ കാര്യമാക്കുന്ന കൂട്ടത്തിലല്ലായിരുന്നു അയാൾ. തൻെറ ഉദ്ദേശസിദ്ധിക്കായി എന്തും ചെയ്യുവാൻ അയാൾ സന്നദ്ധനായിരുന്നു. എങ്കിലും പ്രധാനാചാര്യൻെറ സ്ഥാനവസ്ത്രങ്ങൾ ധരിച്ച, മീശ നരച്ച ആ കിഴവൻ, ഇസ്രായേലാസകലം ഏററമധികം അഭിവന്ദ്യനായി പരിഗണിക്കപ്പെട്ടുടണ്ട നേതാവു് സഹപ്രവത്തകന്മാരെ വഞ്ചിക്കുകയും ദ്രോഹിക്കുകയും മൃതിയേൽപ്പിക്കുകയുംചെയ്യണമെന്നു് ബറാബാസിനു സൂചന നൽകിയതു് കഠിനകഠോരമായി അയാൾക്കു തോന്നി. ബറാബാസ് സാക്ഷാൽ ഭയസംഭ്രഷ്ടനായിത്തീന്നു. ഇത്തരത്തിലുള്ള സഹപ്രവത്തകരുമായുള്ളസഖ്യം സംതൃപ്തികരമായി എങ്ങനെ കരുതുവാനാണു്? ഈ ആലോചനകൾക്കു വിരാമമിട്ടു്, ഭാവിയെപ്പററിയുള്ളകോട്ടകെട്ടൽപാടെഉപേക്ഷിച്ചു്, മടങ്ങുകയല്ലയോ തനിക്കും തൻെറ ജീവനും കൂടുതൽ ഉപകരിക്കുന്നതെന്നു അയാൾ ശങ്കിച്ചു.

പിന്മാററത്തിനു ശേഷമുള്ള സ്ഥിതിയോ! തൻെറയും അനുയായികളുടേയുംനിലയെന്തു്? ആളും അർത്ഥവും ഇല്ലെന്നുള്ള കാരണത്താൽ പ്രസ്ഥാനം തുലയുന്നപക്ഷം താൻ മുമ്പാലെ കുററപ്പുള്ളിയും കവച്ചക്കാരനും കൊലപാതകിയും മാത്രമായി അവശേഷിക്കും. ക്രൂസൽക്കൂടാതെ തന്നെ വെട്ടിക്കൊല്ലുവാൻ റോമന്മാരും പുരോഹിതവർഗ്ഗവും വെമ്പൽകൊള്ളുകയും ചെയ്യും. ആ അവസ്ഥ ചിന്തിക്കാവുന്നതല്ലെങ്കിലും പ്രധാനാചാര്യനോടു സമ്മതം മൂളുന്നതെങ്ങനെ! വട്ടം തിരിഞ്ഞു ബറാബാസ് കൂട്ടുകാരെ സൂക്ഷിച്ചുനോക്കി. അവരും കാര്യം ഏറെക്കുറെ മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. അവക്കു സമറായരോടു പ്രത്യേക താല്പര്യമൊന്നുമില്ലെന്നും സമറായരുടെ കാര്യം വിചാരിച്ചു് ആലോചനകളിൽനിന്നു് മാറുവാൻ അവർ ആഗ്രഹിക്കുന്നില്ലെന്നും അവരുടെ മുഖഭാവംകൊണ്ടു് ബറാബാസ് ഗ്രഹിച്ചു. പ്രധാനാചാര്യൻെറ നേക്കു തിരിഞ്ഞു ബറാബാസ് അനുകൂലാർത്ഥത്തിൽ തല കുലുക്കി.

"കൊള്ളാം, ആ കാര്യം വിസ്തരിച്ചു പറഞ്ഞിട്ടാവശ്യമില്ല, ദീർഘമായ ചർച്ചകൊണ്ടു് എള്ളിട മുമ്പോട്ടു പോകാത്ത കാര്യങ്ങൾ ധാരാളമുണ്ടു്. ബറാബാസ്, ഒരു കാര്യംകൂടി. ഗലീലിയിലും സമറിയായിലും മാത്രമല്ലാ, യൂദിയായിലും ഈ വിശുദ്ധ നഗരത്തിൽ പോലും പ്രവേശിച്ച പ്രസംഗവും പ്രബോധനവുമായി സഞ്ചരിക്കുന്ന ആ നസ്രായൻ ഈശോയെപ്പററി കേട്ടിട്ടില്ലേ?"

"ഉവ്വ്". ഞാൻ കേട്ടിട്ടുണ്ടെന്നു മാത്രമല്ല അദ്ദേഹത്തെ കണ്ടിട്ടുമുണ്ടു്. ഒട്ടുവളരെ ആളുകൾ അദ്ദേഹത്തെ അനുഗമിക്കുന്നു." (തുടരും)

# ഒരു യാക്കോബായ സഹോദരൻെറ സംശയങ്ങൾ

## [ഒരു കത്തോലിക്കൻ]

(തുടർച്ച)

5. പോത്തുഗീസുകാരുടെ വരവിനുശേഷം കുറെ മാർത്തോമ്മാക്രിസ്ത്യാനികൾ റോമാമതം സ്വീകരിച്ചുവെന്നു വിചാരിച്ചു്, അതിനുമൻപു ജീവിച്ചിരുന്ന അവരുടെ പിതാക്കൾ എങ്ങനെയാണു റോമാക്കാരാകുന്നതു്?

ഈ ചോദ്യത്തിനുത്തരം പറഞ്ഞുതുടങ്ങുന്നതിനു മൻപിൽ ചില കാര്യങ്ങൾ മുഖവുരയായി പറയേണ്ടതുണ്ടു്. ആദ്യമായി പറയേണ്ടതു്, "റോമാമതം" എന്ന പദത്തിൻെറ അർത്ഥമില്ലായ്മയും ദുരർത്ഥസൂചനയുമാണു്. റോമാക്കാർ ക്രിസ്തുമതം സ്വീകരിക്കുന്നതിനു മൻപിലുള്ള മതത്തിൻെറ പേരാണു് റോമാമതമെന്നതു്. അതു് യാതൊരു മാർത്തോമ്മാക്രിസ്ത്യാനിയും ഒരിക്കലും സ്വീകരിച്ചിട്ടില്ലല്ലോ. മാർത്തോമ്മാശ്ലീഹാ മലങ്കരയിൽവന്നു് സുവിശേഷം പ്രസംഗിച്ചതിൻെറ ഫലമായി ഇവിടെ ഉണ്ടായതു് റോമാമതമല്ല, ക്രിസ്തുമതമാണു്: നസ്രാണിമതമാണെന്നു പറയുകയായിരിക്കും കൂടുതൽ യോജിപ്പു്. എന്തെന്നാൽ അന്ത്യോഖ്യയിൽവച്ചാണു് ക്രിസ്ത്യാനിയെന്ന യവനസംജ്ഞ, ആ ദിക്കിലെ അന്യജാതിക്കാർ മിശിഹായുടെ അനുഗാമികൾക്കു കൊടുത്തതു്. കേരളത്തിലെ യഹൂദന്മാരും മററു വർഗ്ഗക്കാരുംകൂടി "നസ്രായക്കാര"ൻെറ അനുഗാമികൾക്കു കൊടുത്ത പേരു് നസ്രാണികളെന്നായിരുന്നു. അക്കാലത്തു് റോമാക്കാർ അധികവും പേഗൻജനമായിരുന്നതിനാൽ റോമാക്കാർ എന്ന പേരിൽ ആദിമ റോമൻക്രിസ്ത്യാനികൾ ഉൾപ്പെട്ടുകതന്നെ ചെയ്യുമായിരുന്നില്ല. പിൽക്കാലങ്ങളിലെല്ലാം ലോകമാസകലമുള്ള ക്രിസ്തുമതസ്ഥന്മാർ പൊതുവിൽ ഉപയോഗിച്ചുപോന്ന പേരു് കത്തോലിക്കനെന്നും ക്രിസ്ത്യാനിയെന്നും ഉള്ളവയായിരുന്നു. ഇപ്പോഴത്തെപ്പോലെയുള്ള അനൈക്യം ക്രിസ്തുസഭയിൽ പ്രത്യക്ഷപ്പെടുന്നതിനു മൻപു ജീവിച്ചിരുന്ന വിശുദ്ധന്മാരായ ജെറോം, അഗസ്റ്റിൻ മുതലായ സഭാപിതാക്കളൊന്നും ക്രിസ്ത്യാനിയെന്നും കത്തോലിക്കനെന്നും വ്യത്യസ്തഅർത്ഥത്തിൽ ഉപയോഗിച്ചിട്ടില്ല. Catholic is my name and Christian is my surname കത്തോലിക്കനെന്നതു എൻെറപേരും ക്രിസ്ത്യാനിയെന്നതു എൻെറ വംശനാമവുമാണെന്നു വിശുദ്ധ അഗസ്റ്റീനോസ് പറയുന്നുണ്ടു്. 431-ാമാണ്ടിൽ എഫേസൂസ് നഗരത്തിൽ ഒരു ആകമാനസൂനഹദോസു കൂടി. നെസ്തോറിയസിനെ സഭയിൽനിന്നും ബഹിഷ്കരിക്കുന്നതിനു് ഒരുകൊല്ലം മുൻപു മരിച്ചുപോയ ഒരു സഭാപിതാവാണു വിശുദ്ധ അഗസ്റ്റിൻ. അദ്ദേഹത്തിൻെറ ജീവകാലം 354-നും 430-നും ഇടയ്ക്കാണു്. ആകയാൽ ആ വിശുദ്ധൻെറ അഭിപ്രായം യാക്കോബായക്കാർക്കും സ്വീകാര്യമായിരിക്കുമല്ലോ.

451-ാമാണ്ടിൽ മാത്രമാണല്ലോ ഏകസ്വഭാവവാദത്തെ കത്തോലിക്കാസഭാപിതാക്കൾ ശപിക്കുകയുണ്ടായതു്. ആ ഏകസ്വഭാവവാദികൾ പത്തിരുപതോളം ഗ്രൂപ്പുകളായി വേർതിരിഞ്ഞും കലഹിച്ചും ശക്തിശൂന്യമായിത്തീന്ന അവസരത്തിലാണു് യാക്കോബു് ബൂർദായാ വളരെ വീരപരാക്രമങ്ങളെല്ലാം പ്രദർശിപ്പിച്ചു് ആ ഏകസ്വഭാവവാദികളെ പരിഷ്കരിച്ചും സംഘടിപ്പിച്ചും കൊണ്ടുവന്നതു്. "അദ്ദേഹം നിമിത്തം നാം യാക്കോബായക്കാരെന്നു വിളിക്കപ്പെട്ടു." (മോർ യാക്കൂബു ബൂർദ്ഓയോ ദ്മീത്തുലേസെ എശ്ത്താമഹനാൻ യാക്കൂബോയെ) എന്നു് 1465 നോടടുത്തു് എഴുതപ്പെട്ട ഒരു യാക്കോബായപഞ്ചാംഗത്തിൽ കാണുന്നുണ്ടു്. ആകയാൽ കത്തോലിക്ക എന്ന അഭിധാനത്തിനു് യാക്കോബായസഭയിലെ അംഗങ്ങൾക്കു് അവകാശമുള്ളതല്ല. അതുകൊണ്ടാണു് അതിനർഹതയുള്ളവരെ റോമക്കാർ, റോമാമതക്കാർ, പാപ്പാമതക്കാർ എന്നിങ്ങനെയുള്ള ദുരർത്ഥനാമങ്ങൾകൊണ്ടു് വിളിക്കുവാനുള്ള പ്രവണത അവരിൽ ചിലർ പ്രദർശിപ്പിക്കുന്നതെങ്കിൽ, യഥാർത്ഥം മനസ്സിലാകുമ്പോൾമുതൽ എൻെറ യാക്കോബായസഹോദരന്മാർ അതിൽനിന്നു വിരമിക്കേണ്ടതാണു്. മനോവിശാലതയും നേർബുദ്ധിയുമുള്ളവരെങ്കിലും അങ്ങനെ ചെയ്യുമെന്നാണു് എൻെറ വിശ്വാസം.

മാർത്തോമ്മാശ്ലീഹാ കേരളത്തിൽവന്നു് ഇവിടെ സ്ഥാപിച്ച സഭയും, മാർ പത്രോസ്ശ്ലീഹാ റോമയിൽപോയി അവിടെ സ്ഥാപിച്ച സഭയും യഥാർത്ഥത്തിൽ കത്തോലിക്കാസഭതന്നെ ആയിരുന്നുവെന്നുള്ളതിനു സംശയമില്ല. പിന്നീടു് നിഖ്യാനഗരത്തിൽ 325-ൽ സമ്മേളിച്ച സാർവ്വത്രികസൂനഹദോസിൽ "പേർഷ്യയുടേയും വലിയ ഇൻഡ്യയുടേയും മെത്രാനായ മാർ യോഹന്നാൻ" കൂടി സന്നിഹിതനായി ഒപ്പുവച്ചിരുന്നുവെന്നു കാണുന്നു. അക്കാലത്തും ഇൻഡ്യയിലെ സഭ യഥാർത്ഥത്തിൽ കത്തോലിക്കാസഭതന്നെ ആയിരുന്നു. പിന്നീടു് പോത്തുഗീസുകാർ ഇവിടെ വരുന്നതുവരെയുള്ള കാര്യങ്ങൾ കേരളസഭാചരിത്രത്തിൽ ഒരു കുഴഞ്ഞ അദ്ധ്യായമാണു്. ഏതായാലും നമ്മുടെ പിതാക്കന്മാർ അവരുടെ അപ്പസ്തോലികമായ സത്യവിശ്വാസത്തിൽനിന്നും മനഃപൂർവ്വമായി ഒഴിഞ്ഞുമാറിയതായി രേഖകളൊന്നുമില്ല. അജ്ഞതകൊണ്ടും, വിമതസ്ഥരുടെ സമ്പർക്കംകൊണ്ടും അവരുടെ വിശ്വാസത്തിനും ആചാരങ്ങൾക്കും സാരമായ ഹാനി വന്നിരിക്കാം. അങ്ങനെയുള്ള സാഹചര്യങ്ങൾ പല സ്ഥലങ്ങളിലും പല ജനപദങ്ങളിലും ഉണ്ടായിട്ടുണ്ടു്. ഗതാഗതാസൗകര്യം മൂലം നാം ക്രൈസ്തവകേന്ദ്രങ്ങളിൽനിന്നു് വളരെ അകന്നുകിടന്നിരുന്നതുകൊണ്ടു് അതു സ്വാഭാവികവും ക്ഷന്തവ്യവുമായിരുന്നു. എന്നാൽ യഥാർത്ഥമായ കാതോലികബന്ധത്തിനു അതു് എങ്ങനെ ഹാനികരമാകും? കേരളീയസഭ മൊത്തത്തിൽ റോമായുടെ പരമാധികാരം സ്വീകരിക്കാതിരിക്കുകയോ, സ്വീകരിച്ചശേഷം നിഷേധിക്കുകയോ ചെയ്തതായി യാതൊരു രേഖയും നാം കാണുന്നില്ല. ആകയാൽ കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ മൊത്തത്തിൽ മദ്ധ്യയുഗങ്ങളിൽ കത്തോലിക്കാസഭയിലെ അംഗങ്ങളായിരുന്നുവെന്നുവേണം പരിഗണിക്കുവാൻ.

എന്നാൽ ഈ ഘട്ടത്തിൽ ഒന്നുരണ്ടു സംഗതികൾ പ്രത്യേകം പ്രസ്താവ്യമാണു്. ആദ്യമായി പറയുവാനുള്ളതു് മേൽവിവരിച്ച തെളിവു് കേരളത്തിലെ മാർത്തോമ്മാസഭയുടെ കത്തോലിക്കാഐക്യത്തിനുള്ള ഒരു (Negative Proof) നിഷേധാത്മകമായ തെളിവാണെന്നുള്ളതാണു്. കേവലം മതപരമായ ഈ ലേഖനത്തിൽ വിവാദപരമായ ചരിത്രകാര്യങ്ങൾ ഉദ്ധരിക്കുന്നതു് ഉത്തമമാകുകയില്ലെന്ന കാരണത്താലാണു് മററു നിർമ്മാണാത്മകമായ തെളിവുകളൊന്നും ഇവിടെ ചൂണ്ടിക്കാണിക്കാത്തതു്. "Whether Communion with the Pope was necessary for Catholicity, would not and could not be debated till a suspension of that Communion has actually occured." എന്നിങ്ങനെ കാർഡിനൽ ന്യൂമൻ പറഞ്ഞിട്ടുള്ളതിനെ ആസ്പദമാക്കിയാണു് മേൽവിവരിച്ച നിഷേധാത്മകമായ തെളിവു ഇവിടെ കൊടുത്തിരിക്കുന്നതു്.

പോത്തുഗീസുകാർ കേരളതീരത്തിലെത്തിയപ്പോൾ അവരും കേരളനസ്രാണികളും തമ്മിൽ സഭാകാര്യങ്ങളിൽ പരിപൂർണ്ണമായ സംസർഗ്ഗവും മൈത്രിയും പ്രദർശിപ്പിച്ചതു് ഉഭയകക്ഷികളും കത്തോലിക്കാസഭയിലെ അംഗങ്ങളാണെന്നുള്ള പരിപൂർണ്ണസമ്മതത്തെ പ്രദ്യോതിപ്പിക്കുന്നു. പക്ഷേ പിന്നീടവർതമ്മിൽ ഭിന്നിക്കുവാനിടയായ കാരണങ്ങൾ പ്രധാനമായി ഭരണപരമായിരുന്നുവെന്നാണു് ചരിത്രരേഖകളിൽനിന്നു തെളിയുന്നതു്.

പോത്തുഗീസുകാർ ഇൻഡ്യയിൽ വന്നതു് 1498-ൽ ആണു്. അവരുടെ ഇൻഡ്യയിലെ ആദ്ധ്യാത്മികമേലധികാരിയായ അലക്സാണ്ടർ മെനേസ്സീസ് മെത്രാപ്പോലീത്താ മാർപ്പാപ്പായുടെ കല്പനപ്രകാരം കേരളത്തിൽ വന്നതും ഉദയംപേരൂരിൽ ഒരു സഭാസൂനഹദോസ് വിളിച്ചുകൂട്ടിയതും 1599 ലാണു്. ഏകദേശം ഒരു നൂററാണ്ടുകാലത്തോളം അവർ മാർത്തോമ്മാ നസ്രാണികളുമായി സംസർഗ്ഗത്തിൽ കഴിച്ചുകൂട്ടി. പിന്നീടു് നസ്രാണികളുടെ അവസാനത്തെ മെത്രാപ്പോലീത്തായായ മാർ അബ്രാഹം മരിച്ചശേഷമാണു് ഉദയംപേരൂർ സൂനഹദോസുമൂലം അവരെ ഗോവാ അതിരൂപതവഴി നേരിട്ടു റോമ്മാസിംഹാസനത്തിൻ കീഴിലാക്കുന്നതു്. മുൻപിൽ ഭരിച്ച മാർ അബ്രാഹവും മുൻഗാമികളായ മാർ യൗസേപ്പു്, മാർ യാക്കോബു് മുതലായവരും കൽദായപാത്രിയക്കീസിൻെറ കീഴിലും, പ്രസ്തുത പാത്രിയക്കീസ് മാർപ്പാപ്പായുടെ കീഴിലും ആയിരുന്നു. ഇങ്ങനെ മുൻപു് പരോക്ഷമായി റോമ്മാബന്ധം പുലത്തിയിരുന്ന മാർത്തോമ്മാനസ്രാണികളെ 1599 മുതൽ പോത്തുഗീസു് ഗോവാമെത്രാപ്പോലീത്താ നേരിട്ടു റോമ്മിൻെറ കീഴിലാക്കി. ഇക്കാര്യം വളരെ പ്രയാസമില്ലാതെ സാധിച്ചശേഷം മാർത്തോമ്മാനസ്രാണികളുടെ സഭാപരമായ ആചാരമര്യാദകൾ "റോമിലേതിനോടു് തുല്യമാക്കണം" എന്നായി അവരുടെ പിടി. സുറിയാനിഭാഷയുടെ ഉപയോഗം മാററി തൽസ്ഥാനത്തു ലത്തീൻ റീത്തു് നടപ്പിലാക്കുവാൻ ഡോം മെനേസ്സീസ് റോമ്മിലെ അനുമതി ചോദിച്ചു. അതു് റോമാ നിരസിച്ചുകളഞ്ഞു. ആരാധനക്രമങ്ങളുടെ വൈവിധ്യം തിരുസഭയുടെ അലങ്കാരമാകയാൽ അങ്ങനെ ഒരിക്കലും ചെയ്യേണ്ടതില്ല എന്നുകൂടി റോം അറിയിച്ചു. ആകയാൽ അവർ ലത്തീനിൽനിന്നും പല ഭാഗങ്ങൾ തർജ്ജമചെയ്തു സുറിയാനിയിൽ ഉപയോഗിച്ചുതുടങ്ങി ക്രമേണ കുർബാനയ്ക്കുപയോഗിക്കുന്ന തിരുവസ്ത്രങ്ങളും കുർബാനയിലെ അപ്പവും പാശ്ചാത്യരീതിയിലുള്ളവ വേണമെന്നും നിഷ്കർഷിച്ചു; പട്ടക്കാരുടെ വിവാഹവും നിരോധിച്ചു. ഇവയെല്ലാം ജനങ്ങൾ സഹിച്ചുപോന്നു. ഇങ്ങനെ 54 കൊല്ലക്കാലം മാർത്തോമ്മാക്രിസ്ത്യാനികൾ ഒന്നടങ്കം ഏകയോഗക്ഷേമമായി പാശ്ചാത്യ ലത്തീൻ ജെസ്വീററു് മെത്രാന്മാരുടെ കൈയിൽ കഴിഞ്ഞുകൂടി. സുറിയാനിമെത്രാന്മാരുടെ ഭരണം ഇവിടെ നഷ്ടപ്പെട്ടതും, സുറിയാനിറീത്തിനെ അംഗഭംഗപ്പെടുത്തിയതും അവക്കു ഇഷ്ടമായിരുന്നില്ല. എങ്കിലും മാർപ്പാപ്പായുടെ പരമാധികാരത്തെപ്രതി അവരിതെല്ലാം ക്ഷമിച്ചും സഹിച്ചും കഴിച്ചുകൂട്ടി. ഫ്രാൻസീസ് റോസ്, സ്റ്റീഫൻ ബ്രിട്ടോ, ഗാർസ്യാ എന്നീ ജെസ്വീററു മെത്രാപ്പോലീത്താമാരായിരുന്നു ഇങ്ങനെ 54 കൊല്ലക്കാലം കേരളസുറിയാനിക്കാരെ ഭരിച്ചതു്.

അവരുടെ ഭരണം, മുൻപു മാർത്തോമ്മാക്രിസ്ത്യാനികളെ ഭരിച്ചുവന്ന പൗരസ്ത്യരായ മെത്രാപ്പോലീത്താമാരുടേതുപോലെയുള്ള "ഇടപെടാനയ"മല്ലായിരുന്നു. അക്കദിയാക്കോൻമാർ മലങ്കരസഭയുടെ

(ശേഷം 4-ാംപേജിൽ)

THE SOUTH INDIAN BANK LTD.

H. O. TRICHUR Estd. 1929

A SCHEDULED BANK

| | |
|---|---|
| Authorised Capital | Rs. 50,00,000 |
| Subscribed " | Rs. 25,00,000 |
| Paid up " | Rs. 8,75,000 |
| Reserve & Other Funds | Rs. 5,65,408 |
| Deposits as on 31-12-'54 | Rs. 204,87,883 |

SAVINGS BANK DEPOSITS

We offer interest at 3% p. a. on daily balances without limit.

ADVANCES ON GOLD

Allowed on very reasonable terms. For particulars please apply

BRANCHES:-

ALLEPPEY, IRINJALAKUDA, PALGHAT, ALWAYE, KOLLENGODE, POLLACHI, COCHIN, KOZHIKODE, PONANI, COIMBATORE, KUNNAMKULAM, SALEM, ERNAKULAM, MADRAS, TIRUPPUR, GOBICHETTI-PALAYAM, OTTAPALAM, TRICHUR, WADAKKANCHERI

വിമർശനവീഥി

# കമ്മ്യൂണിസവും രാഷ്ട്രവും

(ജെ. കുഞ്ഞാപ്പറമ്പിൽ എസ്. ജെ.)

കമ്മ്യൂണിസത്തിന്റെ പരമോദ്ദേശം കമ്മ്യൂണിസ്റ്റു സമുദായം സ്ഥാപിക്കുകയെന്നതാണ്. കമ്മ്യൂണിസ്റ്റു സമുദായത്തിൽ കുടുംബം രാഷ്ട്രം മുതലായ സ്ഥാപനങ്ങൾക്ക് യാതൊരു സ്ഥാനവുമില്ല. ഇവയെല്ലാം താനേ അന്തരിച്ചില്ലെങ്കിൽ ഇവയെ നശിപ്പിക്കണമെന്നു കമ്മ്യൂണിസ്റ്റുകാർ അഭിപ്രായപ്പെടുന്നു. പ്രത്യേകിച്ച് സാധുക്കളായ തൊഴിലാളികളെ പീഢിപ്പിച്ച് ഞെരുക്കുവാൻ സ്വാർത്ഥതല്പരരായ മുതലാളിമാരാൽ സൃഷ്ടിക്കപ്പെട്ട ഇന്നത്തെ രാഷ്ട്രങ്ങളെ വിപ്ലവംമൂലം നശിപ്പിച്ച് തൊഴിലാളികളുടെ സർവ്വാധിപത്യം സ്ഥാപിക്കണമെന്ന് മാർക്സ്, ലെനിൻ മുതലായവർ വാദിക്കുന്നു. ഈ വിഷയത്തെക്കുറിച്ച് എൻഗൽസ് ഇപ്രകാരമെഴുതുന്നു: "തൊഴിലാളിവിപ്ലവത്തിന്റെ ഫലമായി ഇന്നു നിലവിലിരിക്കുന്ന രാഷ്ട്രീയ സംഘടനകൾ സാവധാനം അന്തരിക്കുമെന്നു 1845-ാമാണ്ടു മുതൽ ഞാനും മാർക്സും പഠിപ്പിച്ചിരുന്നു."

ലോകത്തിന്റെ നാനാഭാഗങ്ങളിലുള്ള തൊഴിലാളികൾ ഒത്തൊരുമിച്ച് വിപ്ലവമാരംഭിക്കണമെന്നും അവർ കഴിയുന്ന എല്ലാ മാർഗ്ഗങ്ങളുമുപയോഗിച്ച് ലോകമാകെ കമ്മ്യൂണിസ്റ്റു കൊടിക്കീഴിൽ കൊണ്ടുവരണമെന്നുമായിരുന്നു ആരംഭംമുതൽ കമ്മ്യൂണിസ്റ്റുകാരുടെ ആഗ്രഹം. ഈ വസ്തുത 1903 ൽ ലെനിന്റെ കീഴിൽ ലണ്ടനിൽ കൂടിയ കമ്മ്യൂണിസ്റ്റു മഹായോഗത്തിൽനിന്നു തെളിയുന്നുണ്ട്. അന്നവർ കമ്മ്യൂണിസത്തിനു വിരുദ്ധമായ എല്ലാ രാഷ്ട്രങ്ങളോടും ജനങ്ങളോടും യുദ്ധം പ്രഖ്യാപിച്ചു. ഈ യുദ്ധപ്രഖ്യാപനം സ്റ്റാലിന്റെ കീഴിൽ ആവർത്തിക്കപ്പെടുകയാണുണ്ടായത്. ലോകത്തെ മുഴുവൻ കീഴടക്കി ഭരിക്കുവാൻ സ്റ്റാലിൻ മോഹിക്കുകയും അതിനായി അക്ഷീണം പരിശ്രമിക്കുകയുംചെയ്തു. ഈ അഭീഷ്ട സാദ്ധ്യത്തിന് സ്റ്റാലിനെ സഹായിക്കുവാൻ അനേകം കമ്മ്യൂണിസ്റ്റുകാർ ലോകത്തിലെ വിവിധരാജ്യങ്ങളിൽ ജോലിചെയ്തുവന്നിരുന്നു; അവർ ഇന്നും ആ ജോലി തുടർന്നുകൊണ്ടുവരുന്നു. അവരിൽ ചിലർക്ക് റഷ്യയിൽനിന്നു പ്രതിഫലവും കിട്ടിക്കൊണ്ടിരുന്നു. സ്വരാജ്യത്തെ നശിപ്പിച്ച് അതിനെ റഷ്യക്കടിമയാക്കുവാൻ ശ്രമിക്കുന്ന ഇവരാണ് കമ്മ്യൂണിസ്റ്റ് അഞ്ചാംപത്തിയെന്നറിയപ്പെടുന്നവർ!

തൊഴിലാളികളുടെ വിപ്ലവം നടന്ന റഷ്യയിൽ രാഷ്ട്രം അന്തരിക്കുന്നതിനുപകരം കൂടുതൽ ശക്തിയുള്ളതായിത്തീരുകയാണു ചെയ്തത്. റഷ്യൻ ഭരണകൂടത്തിന് പ്രജാധിപത്യഗവമ്മെൻറ് എന്നു പേരിട്ടിട്ടുണ്ടെങ്കിലും അവിടെ നടമാടുന്നത് കക്ഷിത്തലവന്റെയും മററു ചില ഉദ്യോഗസ്ഥന്മാരുടേയും സർവ്വാധിപത്യമാണ്. അവിടെ പ്രജാധിപത്യരാഷ്ട്രങ്ങളിൽ നടക്കുന്നതുപോലെ ചില തിരഞ്ഞെടുപ്പുസമ്പ്രദായമെല്ലാം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും വോട്ടുചെയ്യുന്നവർക്ക് യാതൊരു സ്വാതന്ത്ര്യവുമില്ല. എല്ലാവരും കക്ഷിത്തലവനായി വോട്ടുചെയ്തുകൊള്ളണം. അല്ലെങ്കിൽ അനുഭവം മരണമോ കാരാഗൃഹവാസമോ ആയിരിക്കും! ഉദ്ദേശം രണ്ടു ശതമാനം ജനങ്ങളടങ്ങിയ ഒരു കക്ഷി ശേഷം 98 ശതമാനം ജനങ്ങളെ ഞെരുക്കുന്ന ഒരു ഭരണകൂടമാണ് റഷ്യയിലുള്ളത്. കമ്മ്യൂണിസത്തിനെതിരായ യാതൊരു കക്ഷിക്കും റഷ്യയിൽ സ്ഥാനമില്ല. കമ്മ്യൂണിസത്തിനോ കക്ഷിത്തലവനോ എതിരായ എല്ലാവരേയും ഈ ഗവമ്മെൻറ് രഹസ്യപ്പോലീസിന്റെ സഹായത്താൽ നാമാവശേഷമാക്കിക്കൊണ്ടിരിക്കുന്നു. ചുരുക്കത്തിൽ നിക്കളാസ് ബേർഡേവ് (Nicholas Berdyaev) പറയുന്നതുപോലെ "റഷ്യയിൽ പൗരന്മാരെ രാഷ്ട്രീയഅടിമകളാക്കിത്തീർത്തിരിക്കുന്നു."


സ്റ്റെല്ലാ ഫിലിം കമ്പനി ലിമിററഡ്

111, സാൻതോം ഹൈറോഡ്, മൈലാപ്പൂർ, മദ്രാസ്-4

മഹോന്നത ദിവ്യശ്രീ വലേരിയൻ കാർഡിനൽ ഗ്രേഷ്യസ്, മഹോന്നത ദിവ്യശ്രീ കാർഡിനൽ ഗിൽറോയി, മഹാവന്ദ്യ ദിവ്യശ്രീ മോസ്റ്റ് റവ. ലിയോ പി. കിയക്കസ് സി. പി. (ഇന്ത്യയുടെ മുൻഅപ്പസ്തോലിക്ക് ഇൻറർനൺഷ്യോ), മെത്രാപ്പോലീത്താമാർ, മെത്രാന്മാർ, വൈദികർ എന്നിവരുടെ ആശീർവ്വാദം ലഭിച്ചിട്ടുള്ളത്.

രക്ഷാധികാരി:

മോസ്റ്റ് റവ. ഡോക്ടർ എൽ. മത്തിയാസ് S. D. B., മദ്രാസ്-മൈലാപ്പൂർ മെത്രാപ്പോലീത്താ.

പ്രസിഡണ്ട്:

ഷെവ: ജെ. എൽ. പി. റോച്ച് വിക്ടോറിയ, കെ. എസ്. ജി., എം. എൽ. ഏ.

ഇക്കൊല്ലത്തിൽ പ്രദർശനം നടത്തുന്നതിനുവേണ്ടി നിർമ്മിക്കപ്പെട്ടുവരുന്ന പുഷ്പായുടെ ന്യൂസ്റീലുകൾക്കായി മദ്രാസിൽവച്ചുള്ള മൂന്നു മെത്രാന്മാരുടെ സ്ഥാനാഭിഷേകവും 1954 ഡിസംബർ 4 മുതൽ 8 വരെ ബോമ്പെയിൽ സമ്മേളിച്ച ദേശീയ മരിയൻ കോൺഗ്രസ്സും ചിത്രത്തിലെടുത്തിട്ടുള്ള വിവരം സ്റ്റെല്ലാ ഫിലിം കമ്പനി ലിമിററഡ് സസന്തോഷം അറിയിച്ചുകൊള്ളുന്നു. ക്രൈസ്തവവും ഉന്നതവുമായ സാന്മാർഗ്ഗികതത്വങ്ങൾ പ്രചരിപ്പിക്കുകയും ചില ചിത്രങ്ങൾ നിരീശ്വരതത്വങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നതിനെ തടയുകയും പ്രധാന ലക്ഷ്യമായി സ്വീകരിച്ചിട്ടുള്ള ഈ സ്തുത്യർഹമായ പ്രസ്ഥാനത്തിൽ ചേർന്നു ഷെയറുകൾ എടുക്കുവാൻ ഞങ്ങൾ നിങ്ങളെ സ്നേഹപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു.

സുരക്ഷിതമായി 60 മുതൽ 100 ശ. മാ. വരെ ആദായവീതം ലഭിക്കുമെന്നു ഉറപ്പുള്ള ഈ പ്രസ്ഥാനത്തിൽ പണം നിക്ഷേപിക്കുക; അപേക്ഷിക്കുക:- ഏ. എം. ലൂയിസ്, B. M. S. O. പ്രൊഡക്ഷൻ ഓഫീസ്, 111, സാൻതോം ഹൈറോഡ്, മൈലാപ്പൂർ, മദ്രാസ്-4.


മനുഷ്യന്റെ ആദ്ധ്യാത്മികവും ശാരീരികവുമായ പൂർണ്ണവളർച്ചയ്ക്ക് പല സമുദായങ്ങൾ അത്യാവശ്യമാണ്. ഒരു സമുദായത്തിൽ കിട്ടാത്തത് മറെറാരുസമുദായത്തിൽ അവനു ലഭിക്കുന്നു. സാമുദായികജീവിയായ മനുഷ്യന് തന്റെ കുടുംബാംഗങ്ങളുടെ മാത്രമല്ല മററുള്ളവരുടേയും പലവിധ സഹായം അത്യാവശ്യമാണ്. അതിനാൽ ഇതിനു പര്യാപ്തമായ സമുദായങ്ങൾ താനേ വളർന്നുവരും. ഇപ്രകാരം കുടുംബം കഴിഞ്ഞാൽ മനുഷ്യന് ഏററവും അത്യാവശ്യമായ സമുദായം രാഷ്ട്രമാണ്. രാഷ്ട്രം ഇന്നോ ഇന്നലെയോ ഉണ്ടായതല്ല; അതു വളരെ പുരാതനമാണ്. രാഷ്ട്രത്തിന്റെ ഉത്ഭവത്തെക്കുറിച്ച് മദ്ധ്യയുഗങ്ങളിൽ പണ്ഡിതന്മാരുടെ യിടയിൽ പല അഭിപ്രായങ്ങളുമുണ്ടായിട്ടുണ്ടെങ്കിലും ഇന്നത്തെ പണ്ഡിതമതം രാഷ്ട്രം മനുഷ്യസ്വഭാവത്തിൽനിന്നു വന്നിട്ടുള്ളതെന്നാണ്. പല ശതാബ്ദങ്ങൾക്കുമുമ്പ് അരിസ്റ്റോട്ടിൽ ഈ വസ്തുത തെളിവായി പ്രസ്താവിച്ചിരുന്നു. കുടുംബങ്ങളുടെ വളർച്ചയുടെ ഫലമായി രാഷ്ട്രം ഉത്ഭവിച്ചു. അതിപുരാതനകാലത്തു ജീവിച്ചിരുന്ന കിരാതവർഗ്ഗക്കാർക്കുപോലും രാഷ്ട്രം അല്ലെങ്കിൽ അതിനു തുല്യമായ ഒരു സ്ഥാപനം അത്യാവശ്യമായിരുന്നു. അവരുടെ ജീവിതത്തിനും സ്വാതന്ത്ര്യത്തിനും ധനത്തിനും കേടുവരാതെ പാലിക്കുന്നതിനുള്ള ഉത്തമമാർഗ്ഗം ഇപ്രകാരമുള്ള ഒരു സമുദായത്തിൽ ജീവിക്കുകയായിരുന്നു. രാഷ്ട്രം ഇന്നു കാണുന്നതുപോലുള്ള നവീനരൂപം പ്രാപിച്ചതു പൗരാണികഗ്രീക്കുകാരുടെ കാലത്താണ്. ഗ്രീക്കുകാർ അവരുടെ രാഷ്ട്രം സർവ്വപ്രധാനമായി കരുതിയെന്നു മാത്രമല്ല ആ രാഷ്ട്രത്തിലെ ഒരുത്തമപൗരനായി ജോലിചെയ്യുന്നതിൽ അഭിമാനംകൊള്ളുകയും സന്തോഷിക്കുകയുംചെയ്തു

ആധുനികജനങ്ങളും ഗ്രീക്കുകാരെപ്പോലെ തങ്ങളുടെ രാഷ്ട്രങ്ങളിൽ അഭിമാനം കൊള്ളുന്നു. ഇന്നത്തെ ജനങ്ങൾ ഏതെങ്കിലും ഒരു രാഷ്ട്രത്തിലെ പൗരന്മാരാണ്. ഒരു രാജ്യത്തിലെ ജനങ്ങൾ സഹകരിച്ച് ആ രാജ്യത്തിന്റെ ക്ഷേമത്തിനുതകുന്ന നിയമങ്ങൾ രൂപപ്പെടുത്തുകയും അവ പ്രയോഗത്തിൽ കൊണ്ടുവരുവാൻ അധികാരമുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയും ചെയ്യുന്നു. ഇപ്രകാരം രാഷ്ട്രത്തിൽ കാണുന്ന പ്രധാനഘടകം രാഷ്ട്രത്തിന് അതിന്റെ അംഗങ്ങളുടെമേലുള്ള അധികാരമാണ്. ദൈവമാണ് രാഷ്ട്രത്തിന് ഈ അധികാരം കൊടുത്തിട്ടുള്ളത്. എന്തുകൊണ്ടെന്നാൽ നാം രാഷ്ട്രത്തിൽ ജീവിച്ച് വളരണമെന്നുള്ളത് ദൈവനിശ്ചയമാണ്. പൗരന്മാർ അവരുടെ വോട്ടുകൾമൂലം ഈ അധികാരം വഹിക്കേണ്ടവരെ തെരഞ്ഞെടുക്കുകയല്ലാതെ അധികാരം സൃഷ്ടിക്കുന്നില്ല. അതിനാൽ ഈ അധികാരം ദൈവത്തിന്റെ പ്രതിനിധികളെപ്പോലെ രാഷ്ട്രീയാധികാരികൾ ഉപയോഗിക്കുവാൻ കടപ്പെട്ടവരാണ്. രാഷ്ട്രത്തിന്റെതന്നെ ഉദ്ദേശം അതിലെ ജനങ്ങളുടെ പൊതുനന്മയാണ്. അതുകൊണ്ട് ഈ പൊതുനന്മയ്ക്കുവേണ്ടി മാത്രമായിരിക്കണം ഗവർമ്മെൻറുദ്യോഗസ്ഥന്മാർ അവരുടെ അധികാരമുപയോഗിക്കുവാൻ.

പൗരന്മാരുടെ പൊതുനന്മയ്ക്കുതകുന്ന എല്ലാ മാർഗ്ഗങ്ങളും അധികാരികൾ സ്വീകരിക്കണം. ആഭ്യന്തരവും ബാഹ്യവുമായ എല്ലാ ശത്രുക്കളിൽനിന്നും പൗരന്മാരെ രക്ഷിക്കുകയും അവർ സമാധാനത്തിലും ഐശ്വര്യത്തിലും ജീവിച്ച് സകലവിധ പുരോഗമനവും പ്രാപിക്കുവാൻ സഹായിക്കുകയുമാണ് രാഷ്ട്രത്തിന്റെ രണ്ടു പ്രധാനകടമകൾ. ആദ്യത്തെ കടമ നിറവേററുന്നതിന് നിയമം നീതിന്യായകോടതികൾ, പോലീസ് പട്ടാളം തുടങ്ങിയവ രാഷ്ട്രത്തിനാവശ്യമാണ്. ഇതിലും പ്രധാനമായ രണ്ടാമത്തെ ഉദ്ദേശസാദ്ധ്യത്തിനായി രാഷ്ട്രം പലവിധ സാമ്പത്തിക പദ്ധതികൾ രൂപവൽക്കരിച്ചു അവയെ പ്രയോഗത്തിൽ കൊണ്ടുവരുന്നു. ഇപ്രകാരം ഒരുത്തമരാഷ്ട്രം എല്ലാ പൗരന്മാർക്കുമാവശ്യമായ ഭക്ഷണസാധനങ്ങൾ മുതലായവയുടെ ഉല്പാദനത്തിൽ ശ്രദ്ധചെലുത്തി അവ ജനങ്ങളുടെ ഇടയിൽ ന്യായമായ രീതിയിൽ വിതരണം ചെയ്യപ്പെടുന്നതിനു വേണ്ട മാർഗ്ഗങ്ങൾ കണ്ടെത്തുന്നു. രാഷ്ട്രലക്ഷ്യമായ പൊതുനന്മയെ ലാക്കാക്കി ധനവാനും ദരിദ്രനും തമ്മിലുള്ള സാമ്പത്തികവിടവു നികത്തുവാൻ രാഷ്ട്രം ശ്രമിക്കണം. കുറെ പ്രഭുക്കന്മാർമാത്രം സുഖഭോഗാദികൾ അനുഭവിക്കുമ്പോൾ മററനേകം സാധുക്കൾ ഭക്ഷണത്തിനുപോലും വകയില്ലാതെ കഷ്ടപ്പെടുവാൻ അനുവദിക്കരുത്. പലവിധത്തിലുള്ള നികുതികൾമൂലം ധനവാന്മാരുടെ സ്വത്തിൽ ഒരു ഭാഗം ന്യായപൂർവ്വം കരസ്ഥമാക്കി അതുപയോഗിച്ച് സാധുക്കളുടെ നില ഉയർത്തണം. രാജ്യത്തിലെ ഉല്പാദനശക്തികളും വിഭവങ്ങളും നശിച്ചുപോകാനോ ഉപയോഗശൂന്യമായിക്കിടക്കാനോ രാഷ്ട്രം അനുവദിക്കരുത്. ഇവയെല്ലാം ഏററവും ആദായപ്രദമായ രീതിയിലുപയോഗിച്ച് പൗരന്മാർ ഓരോരുത്തരുടെയും രാഷ്ട്രത്തിന്റെ പൊതുവെയുമുള്ള സാമ്പത്തികസ്ഥിതി ഉയർത്തണം.

രാഷ്ട്രത്തിന് പൗരന്മാരുടെമേൽ അധികാരമുണ്ടെങ്കിലും, പൗരന്മാരുടെ മൗലികമായ അവകാശങ്ങളെ രാഷ്ട്രം അവഗണിക്കാതെ അവയെ ആദരിക്കണം. ന്യായമായ എല്ലാവിധ സ്വാതന്ത്ര്യവും അവനനുവദിക്കണം. പൗരന്മാരുടെ ശാരീരികവും ആദ്ധ്യാത്മികവുമായ എല്ലാവിധ വളർച്ചയ്ക്കും സഹായമായല്ലാതെ പ്രതിബന്ധമായി രാഷ്ട്രം നില്ക്കരുത്. അതിനാൽ അതിനധികാരമില്ലാത്തതും അനാവശ്യവുമായ തുറകളിൽ രാഷ്ട്രം പ്രവേശിച്ച് പൗരന്മാരുടെ സ്വാതന്ത്ര്യത്തിനും നന്മയ്ക്കും വിരുദ്ധമായിത്തീരരുത്. ഒററവാക്കിൽ മനുഷ്യൻ രാഷ്ട്രത്തിനുവേണ്ടിയല്ല, രാഷ്ട്രം മനുഷ്യനു വേണ്ടിയാണ്. അനശ്വരമായ ആത്മാവോടുകൂടിയ മനുഷ്യനെ, കമ്മ്യൂണിസ്റ്റുകാർ ചെയ്യുന്നതുപോലെ, രാഷ്ട്രത്തിന്നടിമപ്പെടുത്തുവാനോ ബലികഴിക്കുവാനോ രാഷ്ട്രത്തിനധികാരമില്ല.

---

(12-ാംപേജ് തുടർച്ച)

ഒരു ഭ്രാന്തിയെപ്പോലെ ഞാൻ വീണ്ടും പിറകോട്ടുനടന്നു; തുടിക്കുന്ന ഹൃദയത്തോടെ.

ഞാൻ ലീലയുടെ മുറിയുടെ വാതില്ക്കലേക്കു കടന്നുചെന്നു. എന്നാൽ ആരുമെന്നെ കണ്ടില്ല. ഞാനാ കട്ടിലിലേക്കു സൂക്ഷിച്ചു നോക്കി. ഹാ! എനിക്കതു സ്മരിക്കുവാൻ വയ്യാ. ഇതെഴുതുമ്പോൾ എന്റെ തൂലിക വിറയ്ക്കുന്നുണ്ട്. വാടിത്തളർന്ന ഒരു നീലക്കോളാമ്പിപ്പൂപോലെ ശയിക്കുന്ന എന്റെ ലീല ചോദിക്കുകയാണ്: "അപ്പച്ചാ... അമ്മി... ണ്ണി.. വന്നി... ല്ലേ" അപ്പോൾ അങ്ങോട്ടു കടന്നുചെന്ന് അവളെ കെട്ടിപ്പുണരാഞ്ഞ ഞാൻ ഭോഷിയല്ലേ, അല്ല കഠിനഹൃദയയല്ലേ? ആലോചിച്ചു നോക്കൂ.

"ഇല്ലമോളെ, അമ്മിണ്ണിക്കു പനിയാ." ആരോ അവളോടു പറഞ്ഞു. എന്നിട്ടും എന്റെ മനസ്സിളകിയില്ല.

"അമ്മിണ്ണി... ക്കും പനി.... യാണോ. അപ്പ... ച്ചാ, ഈ റോസാ... പ്പൂക്കൾ.... ഇന്നു ... തന്നെ... അവൾ... ക്കു കൊ... ടുത്തയ... ക്കണം. എന്നോ... ടു പിണ... ങ്ങരു... തെ.... ന്നു പ്ര... ത്യേ.... കം പറയണേ...." ലീല കുറച്ചു റോസപ്പൂക്കൾ വച്ചുനീട്ടി. ആ ജനാലയിൽക്കൂടി ഞാൻ ലീലയുടെ കണ്ണുകളിലേക്കു അപരാധിനിയെപ്പോലെ നോക്കി. അവളുടെ ശ്വാസോച്ഛ്വാസം വളരെ വേഗതയിലായി.

"ലീലേ......" തകർന്ന ഹൃദയത്തോടെ ഞാൻ ലീലയുടെ അരികിലേക്കോടി. എന്തിനുവേണ്ടിയോ അവൾ നാവനക്കാൻ ശ്രമിച്ചു. പക്ഷേ അതിലവൾ വിജയിച്ചില്ല. ആ റോസപ്പൂക്കൾ എനിക്കു വച്ചുനീട്ടി! പക്ഷേ ആ കൈകൾ തളർന്നുവീണു, തണ്ടൊടിഞ്ഞ ചെടിക്കമ്പുപോലെ. അവളുടെ കണ്ണുകൾ സാവധാനം അടയുകയാണ്! നിമിഷങ്ങൾ! പൊട്ടിക്കരയേണ്ട നിമിഷങ്ങൾ! ലീലയുടെ ഞരക്കം ക്രമേണ ശൂന്യതയിൽ ലയിച്ചു. ഞാൻ കരഞ്ഞു. ഹൃദയം പൊട്ടിക്കരഞ്ഞു. പക്ഷേ എന്റെ കണ്ണീർത്തുള്ളികൾ നിഷ്ഫലമായിരുന്നു, മരുഭൂമിയിലെ മഴത്തുള്ളികൾപോലെ. ലീലയുടെ മൃതശരീരത്തിൽനിന്നും ആരോ എന്നെ പിടിച്ചുമാററി. ലീല എനിക്കുവേണ്ടി ശേഖരിച്ച ആ റോസപ്പൂക്കൾകൊണ്ട് ഞാൻ തന്നെ അവളുടെ ശവമഞ്ചം അലങ്കരിച്ചു അക്കൂട്ടത്തിൽ എന്റെ ആ മുല്ലമാലയും ഉണ്ടായിരുന്നു. വാടുന്ന മുല്ലമാല!

മണിക്കൂറുകൾക്ക് മിനിട്ടുകളും, ദിവസങ്ങൾക്ക് മണിക്കൂറുകളും വഴിമാറിക്കൊടുത്തു. കാലമാകുന്ന ആ കൊള്ളക്കാരൻ എന്റെ ബാല്യം കവർന്നുകൊണ്ടുപോയി. അനശ്വരസമാധാനം തേടി കന്യകാലയത്തിന്റെ കനത്ത ഭിത്തികളുള്ളിലേക്കു കയറിപ്പോകുന്ന ഞാനിനി എങ്ങനെ ലീലയുടെ ശവകുടീരത്തിൽ ഒരുതുള്ളി കണ്ണീർപൊഴിക്കും. അനശ്വരപ്രേമംകൊണ്ടു ജ്വലിച്ചിരുന്ന ആ വെള്ളിനക്ഷത്രത്തിന്, സുകൃതങ്ങൾ കൂട്ടിയിണക്കിയ ഒരു "വാടാത്ത പൂമാല"യണിയിക്കുവാൻ ഞാൻ കടപ്പെട്ടവളല്ലേ? നിങ്ങൾതന്നെ പറയൂ!

—o—


തെക്കാട്ട് മൂസ്സ് വക

ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ച്:- ആലുവാ റെയിൽവേസ്റ്റേഷനു സമീപം.

എല്ലാ വ്യാഴാഴ്ചയും ഒരു മണി മുതൽ അഞ്ചുമണിവരെ

ഡി. എ. മൂസ്സ് അവർകൾ

വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണ്.

Reg. M. No. 2293

# Sathya Deepam

Vol. 29 — Ernakulam, August 24, 1955 — No. 3

## "ഇന്നത്തെ ബാലൻ നാളത്തെ പൗരൻ"



# ബാലരംഗം




## "കൊച്ചുപുണ്യവാൻ"

### വിശുദ്ധ ഡോമിനിക്ക് സാവിയോ

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

ഡോമിനി കുട്ടികളുടെ ഇടയിലേക്കു വരുന്നതു് അവർക്കെല്ലാം ആനന്ദമായിരുന്നു. അതിന്റെ പ്രധാനകാരണം അവരെ എല്ലാവരേയും കുഞ്ഞുഡോമിനി ആത്മാർത്ഥമായി സ്നേഹിച്ചിരുന്നു എന്നതാണു്. ഈ സ്നേഹംമൂലം അവർക്കു വേണ്ട സഹായങ്ങൾ എല്ലാ തരത്തിലും ചെയ്തുകൊടുക്കുന്നതിനു ഡോമിനി സദാ സന്നദ്ധനായിരുന്നു. അറിവില്ലാത്തവരെ പഠിപ്പിച്ചുകൊടുക്കുക, നല്ല കാര്യങ്ങൾ ചെയ്യുന്നതിനു കൂട്ടുകാരെ ഉപദേശിക്കുക, നല്ല നല്ല കഥകൾ പറഞ്ഞു അവരെ രസിപ്പിക്കുക ഇങ്ങനെ പോകുന്നു ബാലസ്നേഹിതനായ ആ കൊച്ചു പുണ്യവാന്റെ ജീവിതപരിപാടികൾ. തമ്മിൽ തമ്മിൽ അസൂയാലുക്കളായും, ചെറിയ ചെറിയ വഴക്കുകളും വിരോധങ്ങളും വച്ചുകൊണ്ടിരിക്കുന്നവരായും കഴിഞ്ഞുകൂടുന്ന കുട്ടികൾക്കു എത്ര മാതൃകാപരമായ ഒരു പ്രവർത്തനരീതിയാണു് ഡോമിനി കാണിച്ചുതരുന്നതു്.

വല്യേട്ടൻ.










### 35-ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—വിനോബാവിഥി

### പ്രശ്നം നമ്പ്ര് 36

(എം. സി. വറീതു്, എരവിമംഗലം, വയസ്സ് 16)

നിങ്ങൾക്കെല്ലാവർക്കും എന്നെ വളരെ ഇഷ്ടമാണു്. എന്നെ ഇഷ്ടപ്പെടുന്നവർക്കെല്ലാം അറിവും ആനന്ദവും ഞാൻ കൊടുക്കും. എന്റെ പേരിനു നാലക്ഷരമുണ്ടു്. ഒന്നാമത്തെ അക്ഷരം ചെന്താമരയിലുണ്ടു്, ജെമെന്തിയിലില്ല. രണ്ടാമത്തെ അക്ഷരം വാറുണ്ണിയോടു ചോദിച്ചാൽ കിട്ടും, അന്തോണിക്കു തരാൻ കഴിയില്ല. മൂന്നാമത്തെ അക്ഷരം പുരികത്തിൽ നോക്കിയാൽ കാണാം, അധരത്തിൽ കാണുകയില്ല. നാലാമത്തെ അക്ഷരം രഥത്തിലുണ്ടു്, വണ്ടിയിലില്ല. എന്റെ പേർ പറയാമോ?

(ഉത്തരം അടുത്തതിൽ)

ചെറുകഥ

## വാടാത്ത പൂമാല

(മേരി ജേക്കബ്ബ്, തത്തമ്പള്ളി)

നിശയുടെ കനത്ത ഏകാന്തതയിൽ ഏകാകിനിയായി ഇരുന്നുകൊണ്ടാണു ഞാനീ കുറിപ്പെഴുതുന്നതു്. കരഞ്ഞുതുടുത്ത കൺപോളകളോടുകൂടി ഞാൻ ഭൂതകാലത്തിലേക്കൊന്നു തിരിഞ്ഞുനോക്കുകയാണു്. സ്മരണകൾ! ചിന്തിപ്പിക്കുന്ന സ്മരണകൾ! കരയിപ്പിക്കുന്ന സ്മരണകൾ! കോരിത്തരിപ്പിക്കുന്ന സ്മരണകൾ! ഇന്നും കയ്യാലയിറമ്പുകളിലെ കാട്ടുചെടികളിൽ കാട്ടുപൂക്കളും, മുററത്തെ മുല്ലയിൽ മുല്ലപ്പൂക്കളും ഉണ്ടാകാറുണ്ടു്. ആ പൂക്കളെല്ലാം ശേഖരിച്ചു് പൂമാലയുണ്ടാക്കിക്കൊടുക്കുവാൻ കുട്ടികൾ എന്റെ ചുററും കൂടാറുണ്ടു്. ഇരുട്ടിൽ അവ്യക്തമായിക്കാണുന്ന ആ ഞാറക്കുന്നിന്റെ അരികിൽ നില്ക്കുന്ന റോസച്ചെടികളിൽനിന്നും പുഷ്പങ്ങൾ ഇറുത്തെടുക്കുവാൻ ആരും പോകാറില്ല.

ഞാനന്നു മുല്ലപ്പൂക്കൾ ശേഖരിച്ചു് പൂമാല നിർമ്മിച്ചുകൊണ്ടിരിക്കുകയായിരുന്നു. "പൂമാല തരുമോ പൂക്കാരി—" പിറകിൽ പൊട്ടിച്ചിരിയോടുകൂടിയ ഒരു കൊച്ചു ഗാനം. ഞാൻ തിരിഞ്ഞുനോക്കി. കൈയിൽ കുറച്ചു പിച്ചിപ്പൂക്കളുമായി ഒരു കാററാടിമരത്തിന്റെ പുറകിൽ മറഞ്ഞുനില്ക്കുന്നു ആ കൊച്ചുരസിക. "പൂ തരുമോ പൂക്കാരി" ഞാൻ വിട്ടുകൊടുത്തില്ല. ഒരു പുഞ്ചിരിയോടെ ലീല അതു മുഴുവൻ എനിക്കു സമ്മാനിച്ചു.

ആർക്കുവേണ്ടിയും കാത്തുനില്ക്കാതെ ദിവസങ്ങൾ ഓരോന്നായി പറന്നുപോയി. ഞാനെന്നും കാട്ടുപൂക്കൾ ചേർത്തു പൂമാലയുണ്ടാക്കി. അതു്, അഗതികളേയും അനാഥരേയും മാടിവിളിക്കുന്ന എന്റെ ഹൃദയമണാവാളനു സമ്മാനിക്കും. ഞാനുണ്ടാക്കുന്ന പൂമാല ലീല എത്തിവലിഞ്ഞുകൊണ്ടു് ക്രിസ്തുവിന്റെ രൂപത്തിൽ അണിയിക്കുന്നതു കാണുമ്പോൾ എന്റെ ദേഹം കോരിത്തരിക്കാറുണ്ടു്.

ലീലയ്ക്കന്നു് എവിടെനിന്നോ ഒരു റോസപ്പൂ കിട്ടി. ഞാൻ യാചിച്ചു: "ലീലേ, ആ പൂവെനിക്കു തായെ."

"ഇല്ല. ഇതെനിക്കെന്റെ മാതാവിന്റെ രൂപത്തിൽ വയ്ക്കണം."

"ലീലേ, ഞാനാ ചോദിച്ചതു്. നിനക്കു ഞാനെന്നും പൂമാലയുണ്ടാക്കിത്തരാറില്ലേ."

"ഞാൻ അമ്മിണിക്കു എന്തുമാത്രം പൂ കൊണ്ടുവന്നുതരും."

"നീ നോക്കിക്കോ, ഇനി നിനക്കു ഞാൻ പൂമാലയുണ്ടാക്കിത്തരുന്ന കാലം ഉണ്ടാകയില്ല തീർച്ച."

"അമ്മിണീ, ഇതു നിനക്കു ഞാനെങ്ങനെ തരും. റോസിയോടു ഇരന്നിട്ടു തന്നതാ. അതുകൊണ്ടു് ഞാൻ നാളെ ഞാറക്കുന്നിന്റെ അരികിൽ നില്ക്കുന്ന റോസയിൽനിന്നും ഇഷ്ടംപോലെ പൂ കൊണ്ടുവന്നുതരാം. എന്നോടു പിണങ്ങരുതേ!"

"എനിക്കു നിന്റെ പൂവും വേണ്ട ഒന്നും വേണ്ട." എന്റെ ഹൃദയത്തിൽ വൈരാഗ്യത്തിന്റെ തീച്ചൂളയുണ്ടായി. ഞാൻ ലീലയെ തിരിഞ്ഞുനോക്കുകപോലും ചെയ്തില്ല. അന്നുരാത്രിയിൽ ഞാൻ ധാരാളം പേക്കിനാവുകൾ കണ്ടു. "ലീലയോടു ഞാനിനി ഒരിക്കലും മിണ്ടത്തില്ല. നോക്കിക്കോ." ഉറക്കത്തിൽപോലും ഞാൻ വിളിച്ചുപറഞ്ഞു.

അടുത്ത പ്രഭാതത്തിലും ഞാൻ പൂമാലയുണ്ടാക്കി. അന്നു ഞാൻ ലീലയെ കാത്തു പതിവുപോലെ പടിക്കൽ നിന്നില്ല. തനിച്ചു ഞാൻ സ്കൂളിലേക്കു യാത്രയായി.

"അമ്മിണീ......" പിറകിലൊരു വിളി. ലീലയാണെന്നു കരുതി ഞാൻ തിരിഞ്ഞുനോക്കിയില്ല. എനിക്കു റോസപ്പൂ തരാഞ്ഞ ലീല.

"അമ്മിണീ......" വീണ്ടും അതേ വിളിതന്നെ. ഞാൻ പെട്ടെന്നൊന്നു തിരിഞ്ഞുനോക്കി. ലീലയുടെ കൊച്ചനുജത്തിയായിരുന്നു അതു്.

"ഉം. എന്താ?" ഞാൻ തിരക്കി.

"അമ്മിണി വീട്ടിലേക്കൊന്നു വരണമെന്നുപറഞ്ഞു." ഗ്രേസിയുടെ ശബ്ദം ഇടറിയിരുന്നു.

"ആരു്?" ഞാൻ ദേഷ്യത്തോടെ ചോദിച്ചു.

"ചേച്ചി." അവളുടെ കണ്ണുകൾ നിറഞ്ഞു.

"എന്തിനാ? ചേച്ചിക്കു സുഖമില്ലേ?"

"ചേച്ചിയെ ഇന്നലെ പാമ്പു കടിച്ചെന്നു പറയുന്നതു കേട്ടു."

"എവിടെവച്ചു്?" ഞാനത്ഭുതപ്പെട്ടു.

"ഞാറക്കുന്നിന്റെ അരികിൽവച്ചു്." വാസ്തവത്തിൽ ഞാനൊന്നു ഞെട്ടി.

"അമ്മിണി വേഗം വാ" ഗ്രേസി എന്റെ കൈയിൽ പിടിച്ചു വലിച്ചു. എങ്കിലും എന്റെ വൈരാഗ്യബുദ്ധി ലീലയുടെ വീട്ടിലേക്കു പോകുന്നതിനു് എന്നെ അനുവദിച്ചില്ല.

ഞാൻ പറഞ്ഞു: "ഗ്രേസി, ഏതായാലും ഇപ്പോൾ വരാൻ സാധിക്കുകയില്ല. സൗകര്യമുള്ളപ്പോൾ വരാമെന്നു പറ." ഞാൻ തിരിഞ്ഞുനടന്നുകളഞ്ഞു. എന്നാൽ എന്റെ മനസ്സ് അസ്വസ്ഥമായിരുന്നു. ഒരു റോസപ്പൂവിനുവേണ്ടി പ്രാണസഖിയോടു പിണങ്ങിയ ഞാൻ ഹൃദയമില്ലാത്തവളല്ലേ. ഞാൻ ചിന്തിക്കുവാൻ തുടങ്ങി.

(ശേഷം 11-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1